കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പൊതുധാരണയനുസരിച്ച് ചർച്ച ഇല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച സ്റ്റാറ്റ്യൂട്ടറി പ്രമേയത്തെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു. സഭ ഇപ്പോൾ പിരിഞ്ഞിട്ട് 2.30-ന് വീണ്ടും സമ്മേളിക്കാം

(സഭ ഉച്ചയ്ക്കുശേഷം 1.30-ന് പിരിയുകയും 2.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

XI. നിയമനിർമ്മാണകാര്യം

1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ

2.30 PM

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.†

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു. ഇനി അങ്ങേയ്ക്ക് പ്രമേയം അവതരിപ്പിക്കാം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : 1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജി. കാർത്തികേയൻ : എല്ലാ മന്ത്രിമാർക്കും അവരവരുടെ വകുപ്പുകളിൽ ധനം വിനിയോഗിക്കുന്നതിനുവേണ്ടിയുള്ളതാണിത്. ഇവിടെ മറ്റ് ആർക്കോ വേണ്ടി നടത്തുന്നതുപോലെയാണ്. ഇത് എല്ലാവർക്കും വേണ്ടിയുള്ളതാണ്. ഈ പാവപ്പെട്ട ധനകാര്യമന്ത്രിയുടെ തലയിൽമാത്രം കൊണ്ടുവയ്ക്കുന്നത് ശരിയല്ല.

ശ്രീ. ടി.എം. ജേക്കബ് : സപ്ലിമെന്ററി ഡിമാന്റ് വന്ന അവസരത്തിൽ അന്ന് അങ്ങ് പറഞ്ഞതാണ്, ഡിമാന്റ് മൂവ് ചെയ്തുവെങ്കിലും അതിന്റെ അപ്രോപ്രിയേഷൻ പാസ്സായെങ്കിലേ ധനം വിനിയോഗിക്കാൻ ഒക്കുകയുള്ളൂ.

മി. സ്പീക്കർ : നമുക്ക് നോക്കാം.

ശ്രീ. ടി.എം. ജേക്കബ് : അങ്ങയുടെ റൂളിംഗ് ഉണ്ടായിട്ടും മന്ത്രിമാർ എത്തിയിട്ടില്ല.

മി. സ്പീക്കർ : ഇപ്പോൾ തുടങ്ങുന്നതല്ലേയുള്ളൂ, നമുക്ക് നോക്കാം. ഇനി ചർച്ചയാണ്. നമുക്ക് ചർച്ചയിലേയ്ക്ക് കടക്കാം. ആകെ 60 മിനിട്ടാണ്. അത് ഡൈവെർട്ട് ചെയ്തിരിക്കുകയാണ്. ചർച്ച ആരംഭിക്കാം.

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. മേൽത്തട്ട് സംബന്ധിച്ച് സുപ്രീംകോടതി വിധി വന്നതോടുകൂടി പിന്നോക്ക സമുദായങ്ങൾ വളരെയേറെ ആശങ്കയിലാണ്. സാമ്പത്തിക സംവരണത്തിലേയ്ക്കാണ് നമ്മുടെ കേരളം കടന്നുപോകുന്നത്, തത്വത്തിൽ നാം അംഗീകരിച്ച ഇതുവരെയുള്ള എല്ലാ നടപടികളും ഇതോടുകൂടി അവസാനിക്കാൻ പോകുന്നു. ഇന്ന് സർവ്വീസിലുള്ള ജീവനക്കാരുടെ ശരിയായ കണക്ക് ഗവൺമെന്റ് ശേഖരിക്കുന്നില്ല എന്നുള്ളതാണ് എനിക്ക് ഈ സഭയിൽ പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അതിന്റെ കാരണമെന്താണെന്ന് മനസ്സിലാകുന്നില്ല. ഇന്നത്തെ ആധുനിക കമ്പ്യൂട്ടറൈസിംഗ് സൗകര്യങ്ങളുള്ള കാലഘട്ടത്തിൽപ്പോലും സർവ്വീസിലുള്ള ജീവനക്കാരുടെ ഓരോ സമുദായത്തിന്റെ കണക്ക് വളരെ വേഗത്തിൽ ആ ഡിപ്പാർട്ടുമെന്റിൽനിന്നും ശേഖരിക്കുവാൻ കഴിയും. 12 ശതമാനം സംവരണം നിലവിലുള്ള ഒരു സമുദായമാണ് മുസ്ലീം സമുദായം. പക്ഷേ സർവ്വീസിൽ 6 ശതമാനത്തിന്റെ താഴെപ്പോലും ഇല്ല എന്നാണ് മനസ്സിലാകുന്നത്. പിന്നോക്ക സമുദായങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണ്. ഐ.എ.എസ്. അതുപോലെ ഐ.പി.എസ് തസ്തികകളിൽ ഉന്നതതലങ്ങളിൽ ഇതിലും വളരെ പിന്നിലാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ ശരിയായ കണക്ക് ശേഖരിച്ച് ജനസംഖ്യാനുപാതികമായി എത്രത്തോളം പ്രതിനിധ്യമുണ്ടെന്ന് ബഹുമാനപ്പെട്ട കോടതിയേയും അതുപോലെ മുന്നോക്ക സമുദായങ്ങളേയും ബോദ്ധ്യപ്പെടുത്തുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. യഥാവസരം കണക്കുകൾ ശേഖരിച്ച് കോടതികളേയും അതുപോലെ മുന്നോക്ക സമുദായങ്ങളേയും ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞാൽ വാസ്തവത്തിൽ ഞെട്ടിപ്പിക്കുന്ന കണക്കായിരിക്കും അത്. ഈ പിന്നോക്ക വിഭാഗങ്ങളുടെ സ്ഥിതി പരമദയനീയമാണ്. അത് എന്തുകൊണ്ട് വെളിപ്പെടുത്താൻ ഗവൺമെന്റ് മുന്നോട്ടുവരുന്നില്ല. അടിയന്തിരമായി ഇതിനൊരു പ്രത്യേക സെൽ രൂപീകരിച്ച് ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചുകൊണ്ട് ഓരോ സമുദായത്തിന്റെയും സർവ്വീസിലുള്ള പ്രാതിനിധ്യം എത്രയും വേഗത്തിൽ പ്രസിദ്ധീകരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സന്ദർഭത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. അതോടൊപ്പം തന്നെ എല്ലാ ഡിപ്പാർട്ടുമെന്റിലും കണക്ക് ശേഖരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണം. അതുപോലെതന്നെയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതി. പ്രൈവറ്റ് മാനേജുമെന്റുകളിൽ ജനസംഖ്യാനുപാതികമായി ആകെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ അതുപോലെ ജനസംഖ്യാനുപാതികമായി ഓരോ സമുദായത്തിനും എത്ര കോളേജുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്ലസ് ടൂ അടക്കമുള്ള കോഴ്സുകൾ ലഭ്യമാക്കണമെന്നതിനെ സംബന്ധിച്ചുവേണം ഗവൺമെന്റ് കണക്ക് വിശദീകരിക്കേണ്ടത്. യഥാർത്ഥത്തിൽ കേരളത്തിൽ എത്ര മാനേജ്മെന്റ് സ്ഥാപനങ്ങളുണ്ട്. അതിൽ ജനസംഖ്യാനുപാതികമായി ഓരോ സമുദായത്തിനും എത്രയുണ്ടെന്ന് കണക്ക് പരിശോധിച്ച് പ്രസിദ്ധീകരിക്കണം. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പിന്നോക്കസമുദായങ്ങൾ പിന്നോക്കമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതാണ് സർവ്വീസിൽ ഇത്രയേറെ പിന്നോക്കം വരാനും കാരണം. അതുകൊണ്ട് വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻവേണ്ടി അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസപരമായി വളരെ

പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്ക് കൂടുതൽ വിദ്യാഭ്യാസസ്ഥാപന ങ്ങളും കൂടുതൽ പ്ളസ് ടൂ കോഴ്സുകളും മറ്റ് കോഴ്സുകളും അനുവദി ക്കുവാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിച്ചില്ലെങ്കിൽ നമ്മുടെ പിന്നോക്ക സമുദായങ്ങൾ ഇനിയും പിന്നോക്കമായി മാറും. ഒരു ഭാര്യയും ഭർത്താവും ജോലി ചെയ്യുമ്പോൾ ജീവിതച്ചെലവ് ഉയരുന്നതനുസരിച്ച് ശമ്പളവർദ്ധനയുണ്ടാകുന്നു. അപ്പോൾ സ്വാഭാവികമായും ഇന്നത്തെ വിദ്യാ ഭ്യാസ ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി എത്രയോ കണ്ട് വർധിപ്പിക്കേ ണ്ടതുണ്ട്. അതുകൊണ്ട് അടിയന്തിരമായി വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി വർധിപ്പിച്ചില്ലെങ്കിൽ ഇപ്പോൾ കിട്ടികൊണ്ടിരിക്കുന്ന ആനുകൂ ല്യങ്ങൾ നഷ്ടപ്പെട്ടുപോകും. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീക രിക്കണം. അതോടൊപ്പംതന്നെ മേൽതട്ടിൽ ഈ ആനുകൂല്യം നഷ്ടപ്പെട്ടുപോ കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്തെ എല്ലാ നിയ മനങ്ങളും - പൊതുമേഖലാ സ്ഥാപനങ്ങൾ, മുഴുവൻ സഹകരണസ്ഥാപന ങ്ങൾ, സർവ്വകലാശാലകൾ - പി.എസ്.സി മുഖേന നടത്താനാവശ്യമായ നട പടികൾ ഗവൺമെന്റ് സ്വീകരിക്കണം. എന്തിനാണ് ഈ ഗവൺമെന്റ് അതിന് മടിക്കുന്നത്? നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ മേഖല യിലെ പ്രൈമറി ബാങ്കുകൾ അടക്കമുള്ള എല്ലാ സ്ഥാപനങ്ങളും സർവ്വകലാ ശാലകളും പരിശോധിച്ചുനോക്കിയാൽ പിന്നോക്കക്കാരുടെ പ്രാതിനിധ്യമെത്ര യുണ്ടെന്ന് മനസ്സിലാകും, അത് പ്രസിദ്ധീകരിക്കണം. വളരെ ദയനീയമാണ്. അതുകൊണ്ട് ഈ സ്ഥാപനങ്ങളിൽ പി.എസ്.സി മുഖേന എല്ലാ നിയമനങ്ങ ളും നടത്താൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സൂചിപ്പിക്കു വാൻ ഈ അവസരം ഉപയോഗിക്കുന്നു.

ഇന്ന് സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ പി.എസ്.സി നിയമന ങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. നിയമനം നടത്തുന്നതിനുള്ള ഈ തടസ്സ ങ്ങൾ നീക്കി എത്രയും വേഗത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനാവാ ശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് നടപടിയെടുക്കണം. അതുപോലെ മേൽത്തട്ടു പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ കഴിയണമെ ങ്കിൽ ഭരണഘടനാ ഭേദഗതി ആവശ്യമാണ്. അതിനുവേണ്ടി മുൻകൈയെടു ക്കേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. നമ്മുടെ എം.പി. മാരുടെ പ്രത്യേക യോഗം വിളിച്ചുചേർക്കണം. എം.പി. മാരും സർക്കാരും ഇക്കാര്യത്തിൽ ശക്ത മായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും സാമുദായിക സംവരണം ഇന്ന് തുടരുന്ന രീതിയിൽ തുടരാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 6 ശതമാനം സംവരണം എന്നത് വളരെ കുറ വാണ്. പിന്നോക്ക വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം. ഇക്കാര്യത്തിൽ ഗവൺമെന്റ് മുൻകൈയെടുക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സാമ്പത്തികസ്ഥിതിയെക്കുറിച്ച് പറയുമ്പോൾ, ഈവർഷം റവന്യൂകമ്മി ഏതാണ്ട് 2230.39 കോടി രൂപയായി വർദ്ധിക്കാൻ പോകുകയാണ്. നമ്മുടെ റവന്യൂകമ്മി ഇങ്ങനെ വർദ്ധിക്കാൻ തുടങ്ങിയാൽ വാസ്തവത്തിൽ നമ്മുടെ എല്ലാ പദ്ധതികളും അവതാളത്തിലായിപ്പോകും. അതുകൊണ്ട് അടിയന്തിരമായി ഒരു സാമ്പത്തിക അച്ചടക്കം നമ്മുടെ ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ ഉണ്ടാകേണ്ടതുണ്ട്. റവന്യൂകമ്മിയും ചെലവും കുറയ്ക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ 1998 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ മൊത്തം കടം 12864.14 കോടി രൂപയാണ്. ഓരോ

LIBRARY ARCHIVES Kerala Legislative Assembly

വർഷവും നമ്മുടെ കടബാധ്യത കൂടിവരുന്നുണ്ട്. അത് കുറയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. നമ്മുടെ വ്യാപാരി വ്യവസായി സംഘടനകളുമായി ചർച്ച നടത്തികൊണ്ട് ഇന്നത്തെ നികുതിഘടനയിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ശ്രമിക്കണം. നികുതി നിരക്കുകൾ കുറയ്ക്കേണ്ടതുണ്ട്. നികുതി നിരക്ക് വർദ്ധിക്കുന്നതോടുകൂടിയാണ് വെട്ടിപ്പ് ഉണ്ടാകുന്നത്. അടിയന്തിരമായി നികുതി ചോർച്ചകൾ തടയാനും കൂടിശ്ശികകൾ കർശനമായി പിരിച്ചെടുക്കാനും അതോടൊപ്പം നികുതിഘടന ലഘൂകരിക്കാനും നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഏകീകരണത്തെപ്പറ്റി പറഞ്ഞപ്പോൾ പറഞ്ഞത്, ദേശീയതലത്തിൽ മിനിമം ഇത്ര എന്നുമാത്രമേ തീരുമാനം ആയിട്ടുള്ള എന്നാണ്. വില വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ നികുതിനിരക്ക് കുറയ്ക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം എന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ ഞാൻ എതിർക്കുകയാണ്.

മി. സ്പീക്കർ : രാവിലെ വിമാന റാഞ്ചലിനെപറ്റി ഇവിടെ സഭയിൽ അംഗീകരിച്ച കാര്യങ്ങൾ അടിയന്തിര സന്ദേശമായിട്ട് ഡെൽഹിയിൽ പ്രത്യേക ദൂതൻ മുഖാന്തിരം പ്രധാനമന്ത്രിക്ക് എത്തിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ടി.കെ. ബാലൻ : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. ഇതിന്റെ അടിസ്ഥാനമായിട്ടുള്ള ബില്ലിനെ സംബന്ധിച്ച് കഴിഞ്ഞദിവസംതന്നെ വിശദമായി സംസാരിക്കുകയുണ്ടായി. അന്ന് പരാമർശന വിധേയമായിട്ടുള്ളതാണെങ്കിൽപ്പോലും അതിനുള്ള ചെലവിനങ്ങൾ പരിശോധിച്ചു നോക്കുകയാണെങ്കിൽ School of Information Technology and Management -ന് പണം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ ഹ്യൂമൻ റൈറ്റ്സ് കമ്മിഷന് 120 ലക്ഷം രൂപ കൊടുക്കാനുള്ളതിന്റെ ഭാഗമായിട്ടാണ് ആ ചെലവ് വന്നത്. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റിക്ക് പണം കൊടുക്കേണ്ടിവന്നതിന്റെ ഭാഗമായിട്ടാണ് ഈ ചെലവിനം വന്നിട്ടുള്ളത്. എന്തിനേറെ; അന്ധന്മാർക്കുള്ള കമ്പ്യൂട്ടർ ഉപകരണം നൽകാൻ വേണ്ടി ഗവൺമെന്റ് പണം ചെലവഴിച്ചതിന്റെ ഭാഗമായിട്ടാണ് ഈ ധനവിനിയോഗ ബിൽ ഇവിടെ വരുന്നത്. മറ്റു മേഖലകളിലെ കാര്യങ്ങളൊന്നും ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. എന്തായാലും ഈ അസംബ്ലിയിൽ ഒരുപാട് തവണ ഉയർന്നുവന്നിട്ടുള്ള ഒരു കാര്യമാണ് ഈ ചെലവെല്ലാംതന്നെ മന്ത്രിമാർ ലക്ഷ്വറി കാർ വാങ്ങിയതുകൊണ്ടാണ് എന്ന്. അങ്ങനെയുള്ളതുകൊണ്ടാണ് അതിനെപ്പറ്റി ഞാൻ പരാമർശിക്കുന്നത്. ഞാൻ ഇല്ലാത്തതു പറയുമോ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ? ഞാൻ പറയാൻ പോകുന്നത് മന്ത്രിമാർ കാർ വാങ്ങിയിട്ടുണ്ട്. ഇന്ത്യൻ നിർമ്മിത വിദേശ കാർ മന്ത്രിമാർ വാങ്ങിയിട്ടുണ്ട്. അത് എന്തുകൊണ്ടാണെന്നുള്ളതിനെ സംബന്ധിച്ച് ശാന്തമായി ആലോചിച്ചു നോക്കണം. ഇന്ന് ഇവിടെയുള്ള അംബാസിഡർ കാറുപോലും യഥാർത്ഥത്തിൽ ഫോറിൻ കൊളാബറേഷന്റെ അംശമുണ്ട്. മോറിസുമായിട്ട് ബന്ധപ്പെട്ടുള്ളതാണ്. അതുകൊണ്ട് ഏതെങ്കിലും ഫോറിൻ കൊളാബറേഷനുള്ള ഇന്ത്യയിൽ നിർമ്മിക്കുന്ന കാറുകൾ ഇവിടത്തെ മന്ത്രിമാർ ഉപയോഗിച്ചുകഴിഞ്ഞാൽ അത് മഹാപാപമാണ് എന്നുള്ള രൂപത്തിൽ ചിത്രീകരിക്കുന്നു. അതേ സന്ദർഭത്തിൽ ഇതിന്റെ പ്രയോജന വശത്തെ സംബന്ധിച്ച്. ഡ്യൂറബിലിറ്റിയെ സംബന്ധിച്ച് നമ്മൾ ഒന്ന് ആലോചിച്ചു നോക്കേണ്ടതാണ്. പ്രധാനമായിട്ടും ഇങ്ങനെ ഒരു കാർ വാങ്ങികഴിഞ്ഞാൽ ഇന്ത്യയിൽതന്നെ നിർമ്മിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

അംബാസിഡർപോലുള്ള കാറുകളും ഈ കാറുകളും തമ്മിൽ 5 വർഷകാല ത്തേക്ക് വേണ്ടിവരുന്ന അതിന്റെ മെയിന്റനൻസ് ചെലവും റിപ്പെയർ ചാർജ്ജും തമ്മിലുള്ള ഒരു താരതമ്യപഠനം നമ്മൾ ശാന്തമായി ഇരുന്ന് ആലോചിച്ചു നോക്കേണ്ട കാര്യമാണ്. അംബാസിഡർ കാർതന്നെ വാങ്ങികഴിഞ്ഞാൽ 50,000 രൂപ ഇന്ന് റീ ഫിറ്റിംഗിനുവേണ്ടി ചെലവാകും. സാധാരണ നിലയ്ക്ക് ഈ രൂപത്തിലുള്ള കാറുകളാണെങ്കിൽ 5 വർഷകാലത്തേക്ക് ഏറ്റവും ചുരുങ്ങിയ ത്, ഒരു റിപ്പെയറോ, ഒരു മെയിന്റനൻസോ ആവശ്യമില്ലാത്തതുകൊണ്ടാണ് ഇന്ത്യൻ നിർമ്മിതമായിട്ടുള്ള വിദേശ കാറുകൾ നമ്മുടെ മന്ത്രിമാർ വാങ്ങുന്ന ത്. വലിയ തോതിൽ ചെലവുകൾ വർധിക്കുന്നു എന്നാണ് പറയുന്നത്. കേന്ദ്ര ഗവൺമെന്റുതന്നെ അഡ്മിനിസ്ട്രേറ്റീവ് റിഫോംസിന്റെ ഭാഗമായി നിയമിച്ച നിജലിംഗപ്പ കമ്മിഷൻ റിപ്പോർട്ട് നമ്മുടെ മുമ്പാകെയുണ്ട്. അതുപോലെ മറ്റ് പല റിപ്പോർട്ടുകളും ഉണ്ട്. സ്റ്റേറ്റ് ഗവൺമെന്റിന്റെ മൊത്തം ചെലവിൽ മന്ത്രി മാർക്കും എം.എൽ.എ.മാർക്കും വേണ്ടി ചെലവാക്കുന്നതിന്റെ അനുപാതത്തെ സംബന്ധിച്ച് വ്യക്തമായി അതിലൊക്കെ നിർവചിച്ചിട്ടുണ്ട്. അങ്ങനെ പരിശോ ധിച്ചാൽ കേരളം മന്ത്രിമാർക്കും എം.എൽ.എ മാർക്കും ലെജിസ്ലേച്ചറിനും ചെലവാക്കുന്ന തുക മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പിറകിലാണ്. എന്നിട്ടാണ് ഇവിടെ രണ്ടോ, മൂന്നോ കാർ വാങ്ങിക്കഴി ഞ്ഞപ്പോൾ, ഈ അസംബ്ലിയിൽതന്നെ മൂന്നുനാലു തവണയായി കുത്തി കുത്തി ചോദിക്കുന്നു, നിങ്ങൾ ചരിഞ്ഞല്ലേ ഇരിക്കുന്നത്. നിങ്ങൾ എന്തൊരു തരത്തിലുള്ള യാത്രയാണ് ചെയ്യുന്നത്? യഥാർത്ഥത്തിൽ ഖജനാവിന് കൂടു തൽ ബാധ്യതയുണ്ടാക്കാൻ വേണ്ടിയാണോ മന്ത്രിമാർ ഇത്തരത്തിലുള്ള കാർ വാങ്ങുന്നത്? മറിച്ച്, ഭാവിയിൽ ബാധ്യത കുറയാൻ വേണ്ടിയുള്ളതാണോ എന്നുള്ളത് നിങ്ങൾ പരിശോധിച്ചു നോക്കേണ്ട കാര്യമാണ്. വെറുതെ ബഹളം കൂട്ടിയതുകൊണ്ട് കാര്യമില്ല. ഞാൻ തൽക്കാലം വഴങ്ങുന്നില്ല. സാമ്പത്തിക കാര്യത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കേരള ഗവൺമെന്റിന്റെ സാമ്പത്തിക മാനേജുമെന്റ് വളരെ കുഴപ്പത്തിലാണ് എന്നാണ് ഈ സഭയിൽ പ്രതിപക്ഷത്തുനിന്നും പലതവണ കൊണ്ടുവന്നിട്ടുള്ള ആരോ പണങ്ങൾ, യഥാർത്ഥത്തിൽ സാമ്പത്തിക മാനേജുമെന്റ് എന്നു പറഞ്ഞാൽ, ഞങ്ങൾ പലപ്പോഴായിട്ട് സാമ്പത്തിക മാനേജുമെന്റ് മോശമാണെന്നാണ് പറ യുന്നത്. ഞങ്ങൾ പറയുന്നത് കേരളത്തെ മാത്രം മറ്റ് സ്റ്റേറ്റുകളിൽനിന്നും വേർതിരിച്ചുകൊണ്ട് സാമ്പത്തിക മാനേജുമെന്റിനെപ്പറ്റി ചിന്തിക്കാൻ സാധ്യ മല്ല. അങ്ങനെയാണെങ്കിൽ ചോദിക്കട്ടെ, നിങ്ങൾ ഭരിക്കുന്ന മധ്യപ്രദേശ്, നിങ്ങൾ ഭരിക്കുന്ന ഒറീസ, നിങ്ങൾ ഇപ്പോൾ ഭരിക്കുന്ന കർണാടക, ഡെൽഹി, രാജസ്ഥാൻ ഇവിടെയെല്ലാം ഇന്ത്യാ രാജ്യത്തുള്ള മൊത്തം സംസ്ഥാനങ്ങ ളിൽനിന്നും വ്യത്യസ്തമായി വികസനപ്രവർത്തനം മാത്രം നടത്തിയ സാമ്പ ത്തിക മിസ്മാനേജുമെന്റില്ലാത്ത ഒരു സ്ഥിതിയാണോ? ഇന്നത്തെ ഇന്ത്യയെ ബാധിക്കുന്ന സാമ്പത്തിക ക്രൈസിസിന്റെ പ്രത്യാഘാതങ്ങൾ എല്ലാ സംസ്ഥാ നങ്ങളിലും ഉണ്ട്. ഈ കേരളത്തിലുമുണ്ട് എന്നുതന്നെയാണ് ഞങ്ങൾക്കു പറ യാനുള്ളത്. എന്തിനേറെ; 15000 കോടി രൂപ അടിയന്തിരമായി തന്നില്ല എങ്കിൽ ഞങ്ങൾക്ക് ഞങ്ങളുടെ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ പറ്റില്ല എന്ന് 24 സ്റ്റേറ്റുകൾ കേന്ദ്രത്തെ അറിയിച്ചിരിക്കുകയാണ്. കമ്പ്യൂട്ടർ പാരഡൈസ് എന്നല്ലേ ആന്ധ്രയെ പറയുന്നത്. നിങ്ങൾക്കറിയില്ലേ, അവിടത്തെ നായിഡു വിന്റെ ഭരണത്തെ സംബന്ധിച്ച് എന്തൊക്കെയാണ് ഇവിടെ പറഞ്ഞുപരത്തിയി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളത്. നിങ്ങൾക്കറിയാമോ, അവിടത്തെ ചന്ദ്രബാബുനായിഡുവിന്റെ ഭരണത്തിൽ ഈ ഡിസംബർ 24-ന് സംസ്ഥാന ജീവനക്കാർക്ക് ക്രിസ്തുമസിന് ശമ്പളം കൊടുക്കാൻ സാധിച്ചിട്ടില്ല. പറഞ്ഞത് 24-ന് ഞങ്ങൾ കൊടുക്കുന്നില്ല, വരുന്ന 1-ാം തീയതി കൊടുക്കാനേ ഞങ്ങൾക്ക് സാധിക്കൂ എന്ന്. പണമില്ല എന്നതുകൊണ്ടുതന്നെയാണ് ഈ തരത്തിൽ അവർക്ക് ശമ്പളം കൊടുക്കാൻ സാധിക്കാത്തത്. മറ്റ് പല സംസ്ഥാനങ്ങളിലെ സ്ഥിതി ഞാൻ പറയുന്നില്ല. ഏറ്റവും വലിയ ഇൻഡസ്ട്രിയൽ സ്റ്റേറ്റല്ലേ മഹാരാഷ്ട്ര. സാമ്പത്തികമായി വളരെ കുഴപ്പത്തിലാണ്. പഞ്ചാബ് ഏറ്റവും കൂടുതൽ വ്യവസായവൽക്കൃത, കാർഷിക പുരോഗതി നേടിയ സമ്പന്നമായിട്ടുള്ള ഒരു സ്റ്റേറ്റ് എന്നല്ലേ നമ്മൾ അറിഞ്ഞിട്ടുള്ളത്. ശമ്പളം കൊടുക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. ആ രൂപത്തിൽ ഇന്ത്യയിൽ ഇന്ന് ഏകദേശം പകുതിയിൽ അധികം സ്റ്റേറ്റുകളിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ സാധിക്കുന്നില്ല. ഇവിടെയാണെങ്കിലോ, നിങ്ങളുടെ കാലത്ത് ട്രഷറി പൂട്ടിയതിന്റെ കണക്കു പറഞ്ഞു. ഈ തരത്തിൽ ശരിയായ രൂപത്തിലുള്ള മാനേജുമെന്റിന്റെ ഭാഗമായി ഒരുനിമിഷംപോലും കേരളത്തിൽ ഇത്രയും മാസക്കാലത്തെ ഭരണത്തിനിടയിൽ നമുക്ക് ട്രഷറി പൂട്ടേണ്ടി വന്നിട്ടില്ല. ഇപ്പോൾ തന്നെ ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് അടുത്ത കാലത്ത് ഒരു ലേഖനം വന്നിട്ടുണ്ട്. Nirupam Vajpayee-യുടെ ഒരു ലേഖനം. അദ്ദേഹവും മറ്റൊരാളും കൂടിചേർന്നു കൊണ്ട് എഴുതിയ ഒരു ലേഖനം. The State of State Government Finances എന്നതിനെപറ്റി പറഞ്ഞിട്ടുള്ള ഒരു ലേഖനം. കേരളത്തിൽ 1,200 കോടി രൂപ ശമ്പളപരിഷ്കരണത്തിന് നീക്കിവച്ചു. ശമ്പള പരിഷ്കരണമടക്കമുള്ള കേന്ദ്ര ഗവൺമെന്റിന്റെ നയവുമായിട്ട് ബന്ധപ്പെട്ടുകൊണ്ടാണ് എന്ന് ബാജ്പേയി പറയുന്നുണ്ട്. അദ്ദേഹം പറയുന്നത്. Since 1987, expenditure on account of higher wages and salaries (post-forth pay commission Recommendations) to State Government Employees has risen sharply. Such expenditure will rise still further since several Governments have accepted the Fifth Pay commisstion Recommendations, Although these pay commission Recommendations are for the Central Government Employees only, once their salaries are revised, State Governments will come under increasing pressure to revise the salaries of their employees also, The fifth pay Commission Recommendations are expected to raise the non- developmental expenditure of the State Governments quite substantially, The State expenditure on administrative services is budgeted to rise by 44.3 percent on account of the revision of the pay scales following the fifth pay Commission awards.... തീർന്നില്ല, എന്താണ് പ്ലാനിംഗ് കമ്മീഷൻ ഇതിനെപ്പറ്റി പറയുന്നത്.

According to the estimates of a Planning Commission study, should all State Governments raise the salaries of their employees in line with the fifty pay commission, then, the state will have to shell out an additional Rs.1000/- billion as salaries and wages over the next five years. The planning Commission estimates also include higher salaries for quasi-government employees, including staff of public sector undertakings and local bodies. As mentioned earlier, the State Governments wage bill even without Fifth Pay Commission awards is the

LIBRARY ARCHIVES Kerala Legislative Assembly

single biggest expenditure item for alomost all of them. On an average, all State Governments spend around 60 paise of every rupee earned as revenue on wages and salaries.

ഞാൻ മറ്റൊരു കാര്യവും ഇവിടെ പറയുന്നില്ല. ഇത്തരത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ 5-ാം ശമ്പള കമ്മിഷനുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്ത്യാ രാജ്യത്തിൽ 63 ലക്ഷത്തോളം വരുന്ന സംസ്ഥാന ജീവനക്കാരുടെ ഡിമാന്റാണ് പരിഹരിക്കപ്പെട്ടത്. ഇത് ജനാധിപത്യപരമായ രൂപത്തിൽ ഈ കേരളത്തിൽ ഒട്ടൊക്കെ തൃപ്തികരമായ രൂപത്തിൽ 1,200 കോടി രൂപയുടെ ശമ്പള പരിഷ്കരണം വരുത്തിയിരിക്കുകയാണ്. അതിന്റെ സമ്മർദ്ദം തീർച്ച യായും നമ്മുടെ സമ്പദ്വ്യവസ്ഥയിലുണ്ടായിട്ടുണ്ട്. അത് നിരാകരിക്കാൻ സാധ്യമല്ല. ഞാൻ ഇതിവിടെ പറയാൻ കാരണം ഇന്ത്യയിലെ എല്ലാ സംസ്ഥാ നങ്ങൾക്കും ബാധകമായിട്ടുള്ള സെൻട്രൽ പേ റൈസ് എങ്ങനെയാണ് ഈ സംസ്ഥാനത്തെ ബാധിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാനാണ്. മറ്റൊരുകാര്യം, ഇതിന്റെയൊക്കെ അഖിലേന്ത്യാ പശ്ചാത്തലം പരിശോധിച്ചുനോക്കിയാൽ 9 മാസക്കാലത്തിനിടയ്ക്കുതന്നെ ഇന്ത്യാ ഗവൺമെന്റ് 78,000 കോടി രൂപ വായ്പ വാങ്ങികഴിഞ്ഞു. അവർ പ്രതീക്ഷിക്കുന്ന വളർച്ചാ നിരക്ക് ഉണ്ടാവുക യില്ലായെന്ന് മാത്രമല്ല അത് കുത്തനെ പുറകോട്ടു പോവുകയാണ്. പ്രധാന മന്ത്രി വാജ്പേയ് പരസ്യമായിത്തന്നെ ഇത് പ്രഖ്യാപിച്ചു. വളരെ കടുപ്പമേറിയ നടപടികളെടുക്കാൻ ഞങ്ങൾ നിർബന്ധിക്കപ്പെടുന്നു. എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം 1995-96 -ൽ വളർച്ചാനിരക്ക് 5.8 ശതമാനമായിരുന്നു വെങ്കിൽ ഇപ്പോൾ ഞങ്ങൾ ഭരിച്ചുകഴിഞ്ഞപ്പോൾ 7 ശതമാനമായി വളർച്ചാനിരക്ക് വർധിച്ചിട്ടുണ്ട്. ഈ രൂപത്തിലുള്ള സാമ്പത്തികമായ വിഷമ ങ്ങൾ സഹിച്ചുകൊണ്ടുതന്നെ 10-ാം ധനകാര്യകമ്മിഷന്റെ 25 ശതമാനം സ്റ്റേറ്റ് ഗവൺമെന്റിനു കൊടുക്കണമെന്നുള്ള ഭരണഘടനാ ഭേദഗതി ഇതേവരെ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കാത്തതിന്റെ ഫലമായി 600 കോടി രൂപ ഈ സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. ഇത് 50 ശതമാനമാക്കണമെന്നാണ് ആന്ധ്രാ മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്. നമ്മുടെ കേരള മുഖ്യമന്ത്രിപോലും കേന്ദ്ര ത്തോട് ശക്തിയായി ആവശ്യപ്പെട്ടത് അടിയന്തിരമായി ഭരണഘടന ഭേദഗതി കൊണ്ടുവരണമെന്നാണ്. ഞങ്ങളുടെ സംസ്ഥാനത്തിന് ലഭിക്കാനുള്ളത് ലഭി ക്കണമെന്നു പറഞ്ഞു. എന്നാൽ മാത്രമേ ഈ ബാധ്യത മുഴുവനും നിറവേ റ്റാൻ സാധിക്കുവെന്നുള്ളത് നമുക്ക് കാണാൻ സാധിച്ചിട്ടുണ്ട്. ഇത്രയൊ ക്കെയാണെങ്കിൽപോലും ഈ മോശമായ സാമ്പത്തിക മാനേജ്മെന്റിനെപ്പറ്റി യൊക്കെ പരാതി പറയുകയും ഏതാനും ചില ആരോപണങ്ങൾ ഉന്നയിക്കു കയും ചെയ്യുമ്പോൾ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ ഇന്ത്യ യ്ക്കാകെ മാതൃകയായിരിക്കുകയാണ്. ഞങ്ങൾ പറയുന്നത് ബംഗാ ളിൽപോലും ഗ്രാമപ്രദേശങ്ങളിൽ ഇത്തരത്തിലുള്ള ജനകീയാസൂത്രണം പോലെയുള്ള പദ്ധതികൾ ഇല്ലാത്തതുകൊണ്ട് അത് പഠിക്കാൻ കേരളത്തി ലേക്ക് വന്നിട്ടുണ്ടെന്നാണ്. മധ്യപ്രദേശിൽനിന്നും കർണ്ണാടകയിൽ നിന്നും ആന്ധ്രാ പ്രദേശിൽനിന്നും വന്നിട്ടുണ്ട്. കേരളമാണ് ഇന്ത്യയിലൊട്ടാകെതന്നെ വികസന പ്രവർത്തനത്തിന്റെ കാര്യത്തിൽ മുമ്പന്തിയിൽ നിൽക്കുന്നത്. പോരെങ്കിൽ നിങ്ങളുടെ ഗവൺമെന്റുമായിട്ട് താരതമ്യപഠനം ഞാൻ പറയാം. നിങ്ങൾ പൊതുമരാമത്തുവകുപ്പിനു 150.16 കോടി രൂപയാണ് ചെലവാക്കിയത്. 1995-96-ൽ നിങ്ങൾ അധികാരത്തിൽനിന്ന് പോകുമ്പോൾ 137.05 കോടിരൂപ ചെലവാക്കി. ഞങ്ങൾ 1996-97-ൽ 397.44 കോടി രൂപ ചെലവാക്കി. 1997-98 ൽ 507.11 കോടി രൂപ ചെലവാക്കി. 1998-99-ൽ 487.76 കോടിരൂപയും ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

624.11 കോടി രൂപയുമാണ് ചെലവാക്കിയത്. വികസന പ്രവർത്തനത്തിൽ കേരളം വളരെ മോശം, അല്ലേ? ഇത്തരത്തിലുള്ള മാനേജ്മെന്റിന്റെ കുഴപ്പങ്ങളൊക്കെ പറഞ്ഞുകൊണ്ട് ആരോപണം കൊണ്ടുവരുമ്പോൾ ഈ കണക്കുകളെപ്പറ്റി നിങ്ങൾ ആലോചിക്കണം. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ 1995-96 ൽ നിങ്ങൾ പോകാൻ പോകുന്ന വർഷത്തിൽ 1,472 കോടി രൂപയാണ് ചെലവാക്കിയതെങ്കിൽ എൽ.ഡി.എഫ് 1999-2000-ൽ ഈ വർഷം 2,386.37 കോടി രൂപയിൽ നിൽക്കുകയാണ്. അതുപോലെ സിവിൽ സപ്ലൈസ്.. ശ്രീ. രാമചന്ദ്രൻ മാസ്റ്റർ ആ ഭാഗത്തിരിപ്പുണ്ടോയെന്നറിയില്ല. പോകാൻ കാലത്ത് 1995-96 ൽ 53.21 കോടി രൂപയാണ് നിങ്ങൾ ചെലവാക്കിയത്. ഇന്ന് മാവേലി സ്റ്റോർ മുഖാന്തിരവും മറ്റു തരത്തിലുള്ള സബ്സിഡിയുമെല്ലാമടക്കം 194.07 കോടിരൂപ കേരളത്തിലെ മുഴുവൻ ആളുകൾക്കും ഞങ്ങൾ ചെലവാക്കുന്നു. നിഷേധിക്കാൻ സാധിക്കുമോ? കാർഷിക മേഖലയിൽ 1995-96 -ൽ യു.ഡി.എഫ് 350.93 കോടി രൂപ ചെലവാക്കി. ഞങ്ങൾ ഈ വർഷം 421.92 കോടി രൂപ ചെലവാക്കുകയാണ്. അതുപോലെ മണ്ഡരിയുടെ 90 കോടി രൂപ വേറെ പോവുകയാണ്. അത് ഞാൻ പറയുന്നില്ല. 8-ാം പഞ്ചവൽസര പദ്ധതിയിൽതന്നെ 5,460 കോടി രൂപയുടെ പ്ലാൻ ഔട്ട്ലേ. 9-ാം പദ്ധതിയാകുമ്പോൾ 16,100 കോടി രൂപയായി വർധിച്ചു. മൂന്നിരട്ടിയായി വർധിച്ചു. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞ കണക്കുകളൊക്കെ ഞങ്ങൾ പരിശോധിച്ചിട്ടുണ്ട്. കിട്ടിയിടത്തോളം മറുപടി തന്നിട്ടുണ്ട്. ഈ അസംബ്ലിയിലും അത് നേരിടാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങൾ പറയുന്ന കണക്കുകൾ തെറ്റാണെന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞാൽ ഈ സഭയ്ക്കകത്തല്ല പുറത്തു പറഞ്ഞാലും അതിന് ഞങ്ങൾ മറുപടി പറയും ആ കാര്യത്തിൽ യാതൊരു കുഴപ്പവും ഇല്ല. അതിനൊക്കെ മറുപടി തരും. അതുകൊണ്ട് ഞങ്ങളെ സംബന്ധിച്ചിടത്തോളം വികസനത്തിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ പണം ചെലവാക്കുകയും ആ രൂപത്തിൽ നേട്ടങ്ങളുണ്ടാക്കുകയും ചെയ്തിട്ടുള്ള ഗവൺമെന്റാണ് എൽ.ഡി.എഫ് ഗവൺമെന്റ്. അതുകൊണ്ടുതന്നെയാണ് ഞാൻ താരതമ്യപഠനത്തിന് ഇവിടെ വന്നത്. പഞ്ചായത്തിനെ സംബന്ധിച്ച് ഒരു വാക്കുകൂടി. ഇന്ത്യാ രാജ്യത്ത് എവിടെയും പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇത്രയും ഉദാരമായ സമീപനം ആരുമെടുത്തിട്ടില്ല. ഏതാണ്ട് 80 ശതമാനത്തോളം യഥാർത്ഥത്തിൽ മൂലധനച്ചെലവായി മാറുന്നതിനുപകരം അതൊക്ക ഗ്രാന്റാണെന്നുപറഞ്ഞുകൊണ്ട് അതെവിടെയും വികസനത്തിന്റെ മേഖലയായി കാണാത്ത കണക്കുകൂട്ടൽ പ്രക്രിയ പലരും തെറ്റിദ്ധരിപ്പിക്കാൻ നടത്തുന്നു. ഒന്നാം വർഷം 749 കോടി രൂപയും രണ്ടാം വർഷം 950 കോടിരൂപയും ഈ വർഷം 1,020 കോടി രൂപയുമാണ് കൊടുത്തിട്ടുള്ളത്. 80 ശതമാനം മൂലധന ചെലവായിട്ട് പോവുകയാണ്. ഈ യാഥാർത്ഥ്യം തന്നെ കാണാതെയാണ് യഥാർത്ഥത്തിൽ ഞങ്ങൾ ഈ ഡെവലപ്മെന്റിനുവേണ്ടി ഈ സ്റ്റേറ്റിൽ ചെലവാക്കുന്നത്. ആ കാര്യം കാണാതിരിക്കാൻ സാധ്യമല്ല. സർക്കാർ ജീവനക്കാർക്കെല്ലാം ഒട്ടൊക്കെ തൃപ്തികരമായ 1,200 കോടി രൂപയുടെ ശമ്പള പരിഷ്കരണം നടത്തി. ഗവൺമെന്റിനോട് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത് സർവ്വീസിന്റെ കാര്യക്ഷമത വർധിപ്പിക്കാൻ ശ്രമിക്കണമെന്നാണ്. അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ചില തീരുമാനങ്ങൾ സംഘടനകളുമായി ആലോചിച്ചുകൊണ്ട് എടുത്തു. അതാണ് പഞ്ചിംഗ് സിസ്റ്റം. കേരളത്തിൽ എല്ലാ പത്രങ്ങളും, ഈ ഗവൺമെന്റിന്റെ നയപരമായ പല കാര്യങ്ങളും എതിർക്കുന്ന പത്രങ്ങൾപോലും പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കണമെന്ന് മുഖ്യപ്രസംഗമെഴുതി.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ ആരാണ് എതിർ നിൽക്കുന്നത്? പ്രതിപക്ഷത്തിലെ കോൺഗ്രസ്സിന്റെ സംഘടനയാണ് പഞ്ചിംഗ് സിസ്റ്റത്തിന് എതിർനിൽക്കുന്നത്. പഞ്ചിംഗ് സിസ്റ്റത്തിനെതിരായി ധർണയും പ്രകടനവും പലതരത്തിലുള്ള വാദമുഖങ്ങളും മുന്നോട്ടു കൊണ്ടുവരികയാണ്. ഓഫീസുകളിൽ ഹാജർ ചെക്കുചെയ്യുവാൻ വേണ്ടി വിജിലൻസ് വന്നാൽ വലിയ കുഴപ്പമല്ലേ. വിജിലൻസ് വരുന്നതിനോട് എതിർപ്പ്. അടിയന്തിരാവസ്ഥ കാലത്ത് വിജിലൻസ് വന്നു. ഓഫീസിൽ അറ്റന്റൻസ് നോക്കുക മാത്രമല്ല ഉടൻ സസ്പെന്റ് ചെയ്യാൻ വേണ്ടിയുള്ള ഉത്തരവു കൊടുക്കുകയും 48 വയസു കഴിഞ്ഞ ആളുകളെ കമ്പൽസറി റിട്ടയർമെന്റ് കൊടുത്ത് പറഞ്ഞയയ്ക്കുകയും ചെയ്തിട്ടുള്ള അനുഭവം കേരളത്തിലുണ്ടായിട്ടുണ്ട്. ഇപ്പോൾ ഹാജർ പരിശോധിച്ച് ആബ്സന്റായിട്ടുണ്ടെങ്കിൽ ഇത്രയും ആളുകളെ വന്നിട്ടുള്ളുവെന്നുപറഞ്ഞ് അതിന്റെ ആക്ഷൻ ഓഫീസ് മേധാവി നടത്തേണ്ടതാണ്. അതിനെതിരായിട്ടാണ് കോൺഗ്രസ്സ് സംഘടന രംഗത്തു വന്നിട്ടുള്ളത്.

സർ, ഞാൻ ചോദിക്കുകയാണ്. കേരളത്തിലെ എല്ലാ പ്രമുഖ പത്ര സ്ഥാപനങ്ങളിലും പഞ്ചിംഗുണ്ട്. ഇവിടത്തെ പല വ്യവസായ സ്ഥാപനങ്ങളിലും പഞ്ചിംഗുണ്ട്. കോൺഗ്രസ്സിന്റെ സംഘടന എന്തിനാണ് പഞ്ചിംഗിനെ എതിർക്കുന്നത്? അതിന്റെ ന്യായം പറയണം. വിജിലൻസ് വന്നു പരിശോധിക്കുന്നു എന്നാണ് ഇവിടെ പറയുന്നത്. നമ്മുടെ ഹൈക്കോടതി ജഡ്ജിയും ചീഫ് ജസ്റ്റീസും മറ്റു ജസ്റ്റീസുമാരുമൊക്കെയുള്ള ഹൈക്കോടതിയിൽ ഡി. ഐ.ജി. റാങ്കിലുള്ള വിജിലൻസില്ലേ? പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ ഐ.ജി.യുടെ റാങ്കിലുള്ള വിജിലൻസില്ലേ? യൂണിവേഴ്സിറ്റിയിൽ വിജിലൻസില്ലേ? ഇത്രയും കാലം നിങ്ങളെന്താണ് അതിനെ എതിർക്കാതിരുന്നത്? എന്തുകൊണ്ടാണ്? പ്രതിപക്ഷം ഇതിനെ സംബന്ധിച്ച് വളരെയേറെ നിശബ്ദത പാലിച്ചത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല

<u>ശ്രീ. കെ.എം. മാണി</u> : ഇപ്പുറത്തിരിക്കുന്ന സംഘടനകളൊന്നും പഞ്ചിംഗിനെ എതിർക്കുന്നില്ല. പഞ്ചിംഗിന്റെ റൂൾസിന്റെ എൻഫോഴ്സ്മെന്റ് പോലീസിനെ ഏൽപ്പിക്കുന്നു; ചീഫ് സെക്രട്ടറി ഏൽക്കേണ്ടതാണ് അത്. അറ്റൻഡൻസ് നോക്കുന്നത് പോലീസാണോ? അതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. ടി.കെ ബാലൻ</u> : ശ്രീ. കെ.എം. മാണി പ്രഗത്ഭനായ ഒരു പാർലമെന്റേറിയനാണ്. പക്ഷെ അദ്ദേഹത്തിന്റെ കഴിവ് ഇങ്ങനെ വസ്തുതകൾ വളച്ചൊടിക്കാൻ ഉപയോഗിക്കരുത്. പഞ്ചിംഗ് നടപ്പിലായില്ല. അതിനു തീരുമാനിച്ചിട്ടേയുള്ളൂ. അതു ചെക്ക് ചെയ്യാൻ വേണ്ടിയല്ല വിജിലൻസ് വരുന്നത്. അറ്റൻഡൻസ് നോക്കാനാണ്. പഞ്ചിംഗ് ഇവിടെ നടപ്പിലായിട്ടില്ല. അതു നടപ്പിലാക്കാൻ പോകുന്നതേയുള്ളൂ. രാഷ്ട്രീയമായി കുറച്ചുകാര്യങ്ങൾ പറയാനുണ്ട്. കേരളത്തിൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം വൻസമരം വരാൻ പോകുന്നു എന്നാണ് പറഞ്ഞത്. പഞ്ചിംഗ് അതിന്റെ ഭാഗമായിട്ട് വരുമോ എന്നറിയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ചെറുതും വലുതുമായിട്ടുള്ള ഒരുപാട് സമരങ്ങൾ ഇവിടെ കോൺഗ്രസ്സുകാർ നടത്തി. അത് ഏതൊക്കെയാണെന്ന് ഞാൻ പറയുന്നില്ല. സർവ്വീസ് സംഘടനാരംഗത്തും നടന്നു. അഞ്ചുതവണ പണിമുടക്ക് പ്രഖ്യാപിച്ചു. അഞ്ചു തവണയും അൺകണ്ടീഷണലായിട്ട് വിത്ഡ്രാ ചെയ്തു. അങ്ങനെ മറ്റൊരു സമയത്തേക്ക് മാറ്റിവയ്ക്കുകയാണുണ്ടായത്. കോൺഗ്രസ്സിന്റെ സർവ്വീസ് സംഘടനകളാണിത് ചെയ്തത്. പയ്യാവൂരടക്കമുള്ള സമരത്തിന്റെ കഥ ഞാൻ പറയേണ്ട

LIBRARY ARCHIVES Kerala Legislative Assembly

കാര്യമില്ല. എന്റെ സുഹൃത്ത് ശ്രീ. കെ.സി. ജോസഫ് ഇവിടെയിരിപ്പുണ്ട്. അവിടെ സമരം നടത്തിയിട്ടുള്ള ആളുകൾ ഇപ്പോൾ ഏതു സ്ഥിതിയിലാണ്, പയ്യാവൂർ ഇഷ്യൂ എന്താണെന്നുള്ളത് അറിയാം. ഞങ്ങൾ പറഞ്ഞതാണോ നിങ്ങൾ പറഞ്ഞതാണോ ശരിയെന്നുള്ളത് ഇപ്പോൾ അറിയാം. നിങ്ങളുടെ അഖിലേന്ത്യാസ്ഥിതി എന്താണ്? അഖിലേന്ത്യാസ്ഥിതി പരിശോധിച്ചാൽ നിങ്ങൾക്ക് 112 സീറ്റുണ്ട്. പരാജയത്തിന്റെ കാരണത്തെപ്പറ്റി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്നെയാണ് അന്വേഷിച്ചത്. അദ്ദേഹത്തിന്റെ റിപ്പോർട്ട് പത്രത്തിൽ വായിക്കാൻ സാധിച്ചു. ഇപ്പോൾ ഞങ്ങളൊന്നുമല്ലെന്ന് നിങ്ങൾ സാധാരണ പറയാറില്ലേ? കഴിഞ്ഞ തവണ ഇലക്ഷനുമുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആവേശകരമായി ഇവിടെ പറയുകയുണ്ടായി, ഫിനിക്സ് പക്ഷിയെപോലെ ഞങ്ങൾ ഉയർന്നുവരുമെന്ന്. പക്ഷെ 112 സീറ്റിലെത്തി. ചരിത്രത്തിൽ ഇതുവരെ ഇത്ര വലിയ തകർച്ച നിങ്ങൾക്കുണ്ടായിട്ടില്ല. ഞങ്ങളുടെ കഥ പറയാം. നിങ്ങളുടെ 112 സീറ്റിന്റെ കണക്കുപ്രകാരം ലെഫ്റ്റ് പാർട്ടികൾക്ക് പാർലമെന്റിൽ 43 സീറ്റുണ്ട്. അതു മോശമാണോ? നിങ്ങൾക്കു കിട്ടിയിട്ടുള്ള സീറ്റിന്റെ 40 ശതമാനം ഞങ്ങൾക്കുണ്ട്. അതിനെക്കുറിച്ച് അമേരിക്കൻ പത്രങ്ങൾപോലും എഴുതി. ഇന്ത്യയിൽ ഇടതുപക്ഷങ്ങൾ തകർന്നിട്ടില്ല. അവർക്ക് അവരുടെ സ്വാധീനശക്തിയുള്ള സ്ഥലത്ത് പിടിച്ചുനിൽക്കാൻ സാധിച്ചുവെന്നാണ്. ഭയപ്പെടണം കരുതിയിരിക്കണം എന്നാണ് പറഞ്ഞിട്ടുള്ളത്. യഥാർത്ഥത്തിൽ നിങ്ങൾ ഇവിടെ നിരവധി സമരങ്ങളെപ്പറ്റി പറയുമ്പോൾ അഖിലേന്ത്യാടിസ്ഥാനത്തിൽ നിങ്ങളുടെ സ്ഥിതി എന്താണെന്നുനോക്കണം. ഞങ്ങൾ തകരുന്നു എന്നാണ് നിങ്ങൾ പറയുന്നത്. നിങ്ങൾക്ക് കിട്ടിയ സീറ്റിന്റെ 40 ശതമാനമുണ്ട്. നിങ്ങൾക്ക് കിട്ടിയ വോട്ടിന്റെ 30 ശതമാനം വോട്ട് ഇന്ത്യയിൽ ലെഫ്റ്റ് പാർട്ടികൾക്ക് ലഭിച്ചു. ലെഫ്റ്റ് പാർട്ടികളെ എഴുതി തള്ളാറായിട്ടില്ല. നിങ്ങളെ എഴുതി തള്ളാറായി എന്നുള്ള അർത്ഥത്തിലല്ല ഞാനിതു പറയുന്നത്. പാർലമെന്റിൽ നിങ്ങൾക്ക് കുറച്ചധികം വോട്ട് ലഭിച്ചു എന്നതുകൊണ്ട് അഹങ്കരിച്ചുകൊണ്ടുമാത്രം അഖിലേന്ത്യാ ചിത്രത്തിന്റെ നേരെ നിങ്ങൾ മുഖം തിരിച്ചു നിൽക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ബി.ജെ.പി.യോടുള്ള നിങ്ങളുടെ നിലപാട് നിങ്ങൾ വ്യക്തമാക്കണം. കേരളത്തെ സംബന്ധിച്ച് നിങ്ങളും ബി.ജെ.പിയുമായിട്ടുള്ള നിലപാട് കണ്ടുകഴിഞ്ഞാൽ നിങ്ങൾ ഏതു ഭാഗത്താണെന്നുള്ളതിനെ സംബന്ധിച്ച് സംശയമുണ്ടാകും. നിങ്ങളുടെ നിലപാട് വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റ് കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഒരിക്കൽകൂടി ബില്ലിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : സർ, ഞാൻ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. മെച്ചപ്പെട്ട ഒരു ധനകാര്യമാനേജ്മെന്റാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത് എന്നുള്ളതാണ് എന്റെ അഭിപ്രായം. സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സിനെ സംബന്ധിച്ച് രണ്ടുദിവസം മുമ്പ് ഇവിടെ ചർച്ചയിൽ പങ്കെടുത്ത് അപ്പുറത്തുനിന്ന് സംസാരിച്ച ബഹുമാനപ്പെട്ട നേതാക്കന്മാർ (പ്രത്യേകിച്ച് കോൺഗ്രസ്സ് നേതാക്കന്മാർ) ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്താനാണ് അവരുടെ സമയം മുഴുവൻ വിനിയോഗിച്ചത്. ഈ രാജ്യം ഭരിക്കുന്നത് ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റാണ്. ബി.ജെ.പി ഗവൺമെന്റായാലും കോൺഗ്രസ്സ് ഗവൺമെന്റ് ആയിരുന്നപ്പോഴും ഈ രാജ്യം ഒരു ഫെഡറൽ സംവിധാനം നിലനിൽക്കുന്ന രാജ്യമാണെന്നും ഒരു ജനാധിപത്യരാജ്യമാണെന്നുമുള്ള വസ്തുതകൾ മറന്നുകൊണ്ടാണ് ആ ഭാഗത്തുനിന്നുള്ള എല്ലാ നേതാക്കന്മാരും തുടർച്ചയായി സംസാരിച്ചുകൊണ്ടി

LIBRARY ARCHIVES Kerala Legislative Assembly

രുന്നത്. ഇപ്പോഴും അവർ എതിർക്കുന്നു എന്നുള്ള കാര്യത്തിൽ തർക്കമില്ല. ഈ ഗവൺമെന്റിന് സമാഹരിക്കാൻ കഴിയുന്ന ധനം സമാഹരിച്ചുകൊണ്ട് ഫലപ്രദമായി അതു വിനിയോഗിക്കുന്നുവെന്നുള്ളത് അപ്പുറത്തിരിക്കുന്ന നേതാക്കന്മാർ മനസ്സിലാക്കണം. പഠിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ നയമെന്താണ്? ജനങ്ങളുടെ ധനം അവർ ദുർവിനിയോഗം ചെയ്യുമ്പോൾ കോൺഗ്രസ്സ് പാർട്ടിക്ക് ബി.ജെ.പി. ഗവൺമെന്റിനെതിരെ ഒരക്ഷരംപോലും പറയാനില്ലല്ലോ? പ്രൈം മിനിസ്റ്റേഴ്സ് കൗൺസിൽ ഓഫ് ഇൻഡസ്ട്രി ആന്റ് ട്രേഡ് എന്നു പറയുന്ന ഒരു കൗൺസിൽ കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചു. അതിലുള്ള മെമ്പർമാർ ആരാണ്? ഈ രാജ്യത്തെ വൻകിട കുത്തകമുതലാളിമാരുടെ സംഘടനകളും മുതലാളിമാരുമല്ലേ അതിലുള്ളത്. അതിൽനിന്ന് എന്താണ് നമ്മൾ മനസ്സിലാക്കേണ്ടത്? ഈ രാജ്യത്തെ ജനങ്ങളുടെ ധനം എങ്ങനെ വിനിയോഗിക്കണം, ആർക്കുവേണ്ടി വിനിയോഗിക്കണം എന്നു തീരുമാനിക്കുന്നത് കേന്ദ്ര ഗവൺമെന്റല്ല. കേന്ദ്ര ഗവൺമെന്റിനെ ഇപ്പോൾ നിയന്ത്രിക്കുന്ന പ്രൈം മിനിസ്റ്റേഴ്സ് കൗൺസിൽ ഓഫ് ഇൻഡസ്ട്രി ആന്റ് ട്രേഡ് ആണ്. ജനാധിപത്യ രാജ്യത്തെ മുതലാളിത്ത വികസനപാതയാണ് തുടർന്നുകൊണ്ടിരിക്കുന്നത്. കോൺഗ്രസ്സ് ഗവൺമെന്റും മുൻകാലങ്ങളിൽ ഏറെകുറെ അതാണ് ചെയ്തുകൊണ്ടിരുന്നത്. എന്നാൽ ആ നയം പതിൻമടങ്ങ് ശക്തിയോടുകൂടി ബി.ജെ.പി. ഗവൺമെന്റ് നടപ്പിലാക്കുന്നു. അതിനെ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കുകയല്ല കോൺഗ്രസ്സ് ചെയ്യുന്നത്, മറിച്ച് സർവ്വശക്തിയും ഉപയോഗിച്ച് പിന്താങ്ങുകയാണ് ചെയ്യുന്നത്. പ്രൈം മിനിസ്റ്റേഴ്സ് കൗൺസിൽ എട്ടു സബ് കമ്മിറ്റികളുണ്ടാക്കിയിട്ടുണ്ട്. ആ സബ് കമ്മിറ്റികൾ ബാങ്കിനെ സംബന്ധിച്ച്, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷെയർ വിൽപ്പനയെ സംബന്ധിച്ച്, സബ്സിഡിയെ സംബന്ധിച്ച്, സാമ്പത്തികകാര്യങ്ങളെ സംബന്ധിച്ച്, ഇങ്ങനെ എട്ടു പ്രധാനപ്പെട്ട വിഷയത്തിന്മേൽ ചർച്ചചെയ്യാനും തീരുമാനം എടുക്കാനും ആ തീരുമാനങ്ങൾ കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് നടപ്പിലാക്കുന്നതിനും വേണ്ടിയാണ് ആ കൗൺസിലിന് എല്ലാ അധികാരവും കേന്ദ്ര ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ബാങ്കിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സബ് കമ്മിറ്റി കൊടുത്ത റിപ്പോർട്ടിന്റെ ഒരു നിർദ്ദേശം എന്താണെന്നറിയാമോ? മൂന്നു പ്രധാനപ്പെട്ട ബാങ്കുകൾ ലിക്വിഡേറ്റ് ചെയ്യാനാണ്. കോടിക്കണക്കിനുരൂപ വായ്പ എടുത്തിട്ട് 99 ശതമാനവും തിരിച്ചടക്കാത്തവരാണ് ആ മുതലാളിമാർ, അല്ലെങ്കിൽ വ്യവസായികൾ, അവരടങ്ങുന്ന സബ് കമ്മിറ്റിയാണ് ബാങ്കുകൾ ലിക്വിഡേറ്റ് ചെയ്യാൻ കേന്ദ്ര ഗവൺമെന്റിനു നിർദ്ദേശം കൊടുത്തത്. ലിക്വിഡേറ്റ് ചെയ്യാൻ നടപടികൾ എടുത്തപ്പോൾ ബാങ്കിലെ ജീവനക്കാർ ശക്തമായ സമരവുമായി മുന്നോട്ടുവന്നു. ഇതു ലിക്വിഡേറ്റ് ചെയ്താൽ ആരൊക്കെയാണോ ബാങ്കിൽനിന്ന് വായ്പ എടുത്തിട്ടുള്ളത്, കോടിക്കണക്കിന് രൂപ തിരിച്ചടയ്ക്കാത്തത് അവരുടെ പേരുവിവരം വെളിപ്പെടുത്തുമെന്നു പറഞ്ഞപ്പോൾ ശക്തമായ പ്രക്ഷോഭത്തിന്റെ മുമ്പിൽ തൽക്കാലം ശാന്തമായി. പക്ഷെ ബി.

3.00PM

ജെ.പി. ഗവൺമെന്റിനെ വിശ്വസിക്കാൻ കഴിയില്ല. കോൺഗ്രസ്സും അവരുടെ സാമ്പത്തിക കാര്യങ്ങൾ വളരെയേറെ ശക്തമായി പിൻതുണയ്ക്കുന്നവരാണ്. ഇന്നല്ലെങ്കിൽ നാളെ ആ നിർദ്ദേശങ്ങൾ അവിടെ നടപ്പിലാക്കാൻ സാധ്യതയുണ്ട്.

സർ, ഈ രാജ്യത്തെ കോടാനുകോടി ജനങ്ങളുടെ 1,50,000 കോടി രൂപയുടെ മുലധനമുള്ള ഇൻഷ്വറൻസ് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ സ്വകാ

LIBRARY ARCHIVES Kerala Legislative Assembly

ര്യവൽക്കരിക്കുന്നതിന് ചർച്ച ചെയ്യപ്പെട്ട് പാസ്സാക്കിയപ്പോൾ കോൺഗ്രസ്സിന്റെ നിലപാടെന്തായിരുന്നു? ജനങ്ങളുടെ ധനം ദുർവിനിയോഗം ചെയ്യുന്നു, സ്വകാര്യവൽക്കരണം നടത്തുന്നു എന്നുള്ളത് ഈ ജനാധിപത്യ രാജ്യത്തിലെ ഭൂരിപക്ഷം ആളുകൾക്കുമറിയാം, ഒരു സംശയവുമില്ല. എന്നാൽ ഭൂരിപക്ഷം ജനങ്ങളുടെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ആ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് കോൺഗ്രസ്സിന്റെ ഒരു പ്രധാന നേതാവ് ഭേദഗതി എഴുതികൊടുത്തിട്ട് കോൺഗ്രസ്സ് (ഐ) യുടെ പ്രസിഡന്റ് ശ്രീമതി സോണിയാഗാന്ധി അവതരിപ്പിക്കാൻ സമ്മതിച്ചില്ല, പിൻവലിച്ചു. ഒരക്ഷരം മിണ്ടാൻ സമ്മതിച്ചില്ല. ആ എൽ. ഐ.സി., ജി.ഐ.സി മേഖല ഇന്ന് സ്വകാര്യവൽക്കരിക്കുകയാണ്. ജനങ്ങളുടെ ധനമാണത്. ആ ധനമെടുത്ത് ദുർവിനിയോഗം ചെയ്യാൻ, ഈ രാജ്യത്തെ സ്വകാര്യ കുത്തക മുതലാളിമാർക്ക് കൊടുക്കാൻ, സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കാൻ വിനിയോഗിക്കുന്നതിന് ഈ ജനാധിപത്യ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളും അനുകൂലിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നവരല്ല. പക്ഷെ ഭൂരിപക്ഷത്തിന്റെ പേരിൽ, 24 പാർട്ടികളുടെ പിന്തുണയുടെ പേരിൽ, കോൺഗ്രസ്സിന്റെ പിന്തുണയുടെ പേരിൽ, ഞാൻ എടുത്തുപറയുന്നു ഈ രാജ്യം 10-45 വർഷക്കാലം ഭരിച്ച കോൺഗ്രസ്സിന്റെ പിന്തുണയുടെ പേരിൽ ഇൻഷ്വറൻസ് മേഖല സ്വകാര്യവൽക്കരിക്കാൻ നിയമം പാസ്സാക്കി, എന്നിട്ട് അതിനെക്കുറിച്ച് കോൺഗ്രസ്സ് എന്താണ് പറയുക? ഒരൊറ്റവാക്ക് അതിനെതിരായി പറയാൻ, ജനങ്ങൾക്കുവേണ്ടി വാദിക്കാൻ, ആ ധനം ദുരുപയോഗം ചെയ്യരുതെന്നു പറയാൻ കഴിയുന്നുണ്ടോ? ജനങ്ങൾക്കുവേണ്ടി ശുദ്ധ ജലവിതരണം നടത്താൻ ബാങ്കുകൾ ഗവൺമെന്റിന് പണം വായ്പയായി കൊടുക്കുന്നു. ഭവനനിർമ്മാണ പദ്ധതികൾക്കു വായ്പ കൊടുക്കുന്നു. ഇങ്ങനെയുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ കഴുത്തു ഞെരിച്ചു കൊല്ലുന്ന ആ മുതലാളിത്തനയം സ്വീകരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിനെ അനുകൂലിക്കുന്ന കോൺഗ്രസ്സിന്റെ നേതാക്കൻമാർ ഇവിടെവന്ന് ഈ ഗവൺമെന്റിനു നേരെ നോക്കി ചർവ്വിതചർവ്വണം നടത്തി കൊള്ളുകയില്ല, കൊള്ളുകയില്ല എന്നു പറഞ്ഞാൽ അത് അതുപോലെ ഈ കേരളത്തിലെ ജനങ്ങൾ വിശ്വസിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഒരിക്കലുമില്ല. എന്റെ സമയക്കുറവുകൊണ്ട് കൂടുതൽ കാര്യങ്ങളിലേക്ക് പോകുന്നില്ല. കേന്ദ്ര ഗവൺമെന്റ് അധികാരവികേന്ദ്രീകരണം നടത്തി . ആ അധികാരവികേന്ദ്രീകരണത്തിന്റെ ഫലം സംസ്ഥാന ഗവൺമെന്റുകൾക്ക് ലഭിക്കുന്നുണ്ടോ? ഇല്ല. 10-ാം ധനകാര്യ കമ്മീഷൻ തിരുമാനിച്ച 29% തുക, കേരളത്തിന്റെ വിഹിതം ഇന്നുവരെ കിട്ടിയിട്ടില്ല. അത് ചോദിച്ചുവാങ്ങാൻ നമ്മുടെ കോൺഗ്രസ്സ് നേതാക്കന്മാർക്ക്, നമ്മുടെ ബഹുമാന്യ സുഹൃത്തുക്കൾക്ക് എന്തുകൊണ്ട് കഴിയുന്നില്ല ? അതിനെപ്പറ്റി ഒരക്ഷരം മിണ്ടാത്തതെന്താണ്? ലോകസഭയിലായാലും രാജ്യസഭയിലായാലും മിണ്ടുന്നില്ലല്ലോ? ഇവിടെ സബ്സിഡി നിർത്തലാക്കാൻ പോകുന്നു. 11-ാം ധനകാര്യ കമ്മിഷൻ ഇവിടെവന്ന് ഗവൺമെന്റുമായി ഇവിടുത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. നമുക്ക് കിട്ടേണ്ട വിഹിതത്തെക്കുറിച്ച് ചർച്ച ചെയ്യാനും സംസാരിക്കാനും ഒരവസരമുണ്ടായി. ഈ ഗവൺമെന്റ് ഭംഗിയായി ജനങ്ങളുടെ വാദം അവിടെ ഉന്നയിച്ചു. അവരുടെ അവകാശങ്ങൾ പിടിച്ചു പറ്റുന്നതിനുവേണ്ടി നല്ല ഒന്നാംതരം മെമ്മോറാണ്ടം കൊടുത്തു. അതു വായിക്കാതെ ഗവൺമന്റ് ഒന്നും ചെയ്തില്ല എന്ന് പലരും ഇവിടെവന്ന് പറഞ്ഞു. ഞാൻ അതിലേക്കു കടക്കുന്നില്ല. സബ്സിഡി നിർത്തലാക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഭക്ഷ്യ സബ്സിഡി നിർത്തലാക്കും, റേഷൻ സംവിധാനം നിലനിറുത്താൻപോലും കാര്യമായ സബ്സിഡി നൽകി

LIBRARY ARCHIVES Kerala Legislative Assembly

യില്ലെന്ന് പരസ്യമായി പറഞ്ഞിട്ടുപോയവരാണ് ധനകാര്യകമ്മിഷൻ. കോൺഗ്രസ്സിന് അതിനെതിരായി എന്താണ് പറയാനുള്ളത്? പറയൂ, അതിവിടെയാണ് പറയേണ്ടത്. ഞാൻ മറ്റൊരു കാര്യത്തിലേക്ക് കടക്കുന്നു. നമ്മുടെ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റ് എത്രയോ മെച്ചപ്പെട്ട ധനകാര്യമാനേജുമെന്റാണ്. ഈ മുതലാളിത്ത പാർട്ടികളെ അപേക്ഷിച്ച് ജനങ്ങളുടെ വികാരം ഉൾക്കൊള്ളാൻ കഴിയുന്ന ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന, ഏതെല്ലാം കാലഘട്ടങ്ങളിൽ കേരളം ഭരിക്കാൻ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് അവസരം ലഭിച്ചുവോ അന്നെല്ലാം ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്ന ഈ ഇടതുപക്ഷ ഗവൺമെന്റിനുനേരെ നിങ്ങൾക്ക് എങ്ങനെ ചെളിവാരിയെറിയാൻ കഴിയും? മനസാക്ഷിക്കുത്ത് തോന്നുന്നില്ലേ? തമ്മിൽ ഭേദം തൊമ്മനെന്നു പറയാറുണ്ടല്ലോ, അങ്ങനെയെങ്കിലും നിങ്ങൾ വിലയിരുത്തിനോക്കൂ,. അതിനെക്കാൾ എത്രയോ ഭംഗിയായിട്ടാണ് ധനകാര്യ മാനേജുമെന്റ് ഈ ഗവൺമെന്റ് കൈകാര്യം ചെയ്യുന്നത്? ത്രിതല പഞ്ചായത്തുകൾക്ക് 40% തുക അലോട്ടുചെയ്തു. ആ 40% തുക അലോട്ടു ചെയ്യുമ്പോൾ ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ജനങ്ങളുടെ വികസന ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഒരവസരമുണ്ടാക്കിയത്, ജനാധിപത്യ മര്യാദ പാലിച്ചുകൊണ്ട് ജനങ്ങൾക്ക് അവകാശവും അധികാരവും കൊടുത്തത് ഈ ഗവൺമെന്റാണ്. ഇതിന്റെ ദൂരവ്യാപകമായ ഫലങ്ങൾ ഈ സമൂഹത്തിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ പ്രയോജനം ചെയ്യുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. സമയചുരുക്കംകൊണ്ട് ഞാൻ നീട്ടുന്നില്ല. ഈ ഗവൺമെന്റിന്റെ ധനവിനിയോഗബിൽ ഏകകണ്ഠമായി പാസ്സാക്കാൻ പ്രതിപക്ഷം സഹകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഞാൻ ചുരുക്കുന്നു.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ധനവിനിയോഗ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ നിയമസഭയിൽ വരുമ്പോൾ അദ്ദേഹത്തോട് വളരെ സ്നേഹമുണ്ടെങ്കിലും, ഒരു മുടിഞ്ഞ തറവാട്ടിലെ കാര്യക്ഷമത നശിച്ച ഒരു കാര്യസ്ഥന്റെ റോളിലാണല്ലോ അദ്ദേഹം ഇവിടെ വരുന്നതെന്ന് ഓർക്കുമ്പോൾ സഹതാപമുണ്ട്. ഇവിടെ ധനം വിനിയോഗിക്കുക എന്നുള്ളതല്ലാതെ ധനം സമാഹരിക്കുന്നതിനെക്കുറിച്ച് യാതൊന്നും ചിന്തിക്കാത്ത ഒരു പറ്റം മന്ത്രിമാരുണ്ട്. ധനസമാഹരണകാര്യത്തെക്കുറിച്ച് എന്തെങ്കിലും ക്രിയാത്മകമായി ചെയ്യുന്ന ഏതെങ്കിലുമൊരു മന്ത്രി ഇവിടെയുണ്ടോ? ഇവിടെ മന്ത്രിമാർ ധരിച്ചുവച്ചിരിക്കുന്നത് ധനകാര്യ മാനേജുമെന്റ് എന്നുവച്ചാൽ അത് ധനകാര്യവകുപ്പുമന്ത്രിയുടെമാത്രം ചുമതലയാണെന്നാണ്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയെമാത്രം കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടോ? ഇവിടുത്തെ പ്രഖ്യാപനങ്ങൾ കാണുമ്പോൾ സ്വപ്നലോകത്തെ ബാലഭാസ്കരൻമാരുടെ രീതിയിലാണ് നമ്മുടെ മന്ത്രിമാരെല്ലാവരും. എന്തുമാത്രം പ്രഖ്യാപനങ്ങളാണ് നടത്തുന്നത്? ഞാൻ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രിയോട് ചോദിക്കട്ടെ, അങ്ങയുടെ മന്ത്രിസഭയിലെ വ്യവസായ വകുപ്പുമന്ത്രി ഒരു പുതിയ വ്യവസായം തുടങ്ങാൻ വേണ്ടി അങ്ങയോട് പണം ചോദിച്ചിട്ടുണ്ടോ? ഇതുവരെ ചോദിച്ചിട്ടില്ല. പൂട്ടിക്കിടക്കുന്ന വ്യവസായസ്ഥാപനങ്ങൾ തുറക്കാൻ അങ്ങയോട് പണം ചോദിക്കും. പുതിയ വ്യവസായങ്ങൾ തുടങ്ങാനുള്ള പണം ചോദിക്കുന്ന ഏർപ്പാടില്ല. മറ്റു മന്ത്രിമാരെ ഓരോരുത്തരേയും ഞാൻ പറയുന്നില്ല. ഇവിടെ പല്ലക്കിലേറാൻ മോഹമുണ്ട്. ഊന്നിക്കയറാൻ ശക്തി

LIBRARY ARCHIVES Kerala Legislative Assembly

യില്ലെന്നുപറയുന്ന മട്ടിലാണ് നമ്മുടെ ധനകാര്യവകുപ്പുമന്ത്രി. അദ്ദേഹത്തിന് വളരെയധികം മോഹമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ നിയമസഭയിൽ 'Minister for finance' എന്നുള്ള അദ്ദേഹത്തിന്റെ പേരുമാറ്റി 'Minister for Expenditure' എന്നാക്കണം. ഇത് എന്റെ വിനീതമായ ഒരു അഭ്യർത്ഥനയാണ്. ' Minister for Finance' എന്നാണെങ്കിൽ ആദ്യമേ ധനം എങ്ങനെയുണ്ടാക്കണമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണ്ടേ? ഇവിടെ എങ്ങനെയെങ്കിലുമൊക്കെ വീണുകിട്ടുന്ന പണം ചെലവാക്കുന്നതിനെക്കുറിച്ചല്ലാതെ ധനാഗമമാർഗ്ഗത്തെക്കുറിച്ചൊന്നും ചിന്തയില്ലാത്ത ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് എന്തുകാര്യത്തിനൊക്കെയാണ് ധനവിനിയോഗം നടത്തുന്നത്? ഇവിടെ ഇന്നുരാവിലെ കേരളത്തെയൊട്ടാകെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ച് ചർച്ച നടന്നു.

ശ്രീ. ജി. സുധാകരൻ : സർ, ഈ ഗവൺമെന്റിലെ ഓരോ മന്ത്രിമാരും ധനം സമാഹരിച്ചെടുക്കാൻ ശ്രദ്ധിക്കുന്നില്ലായെന്ന് ബഹുമാനപ്പെട്ട ജോണി നെല്ലൂർ ഇവിടെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു. ഓരോ മന്ത്രിമാരും അധികാരത്തിലിരുന്ന് ധനം സമാഹരിച്ചെടുക്കണമെന്നു പറയുന്നത് ഓർഡറിലാണോ?

ശ്രീ. ടി.എം. ജേക്കബ് : സർ, ശ്രീ. ജി. സുധാകരന് ഇപ്പോഴാണ് സംശയം. ഇവിടെ സബ്മിഷൻ വരുമ്പോൾ പല മന്ത്രിമാരും പറയുന്നത് ധനകാര്യവകുപ്പുമന്ത്രിയോട് പണം തരാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ്. അവിടെയിരുന്ന് എത്ര മന്ത്രിമാരാണ് അങ്ങനെ പറയുന്നത്? അത് ശ്രീ. ജി. സുധാകരൻ കേട്ടില്ല അതുകൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രിയെ എക്സ്പെൻഡിച്ചർ മന്ത്രിയെന്ന് പറയുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട ജി. സുധാകരൻ പറഞ്ഞത് ഈ ഗവൺമെന്റിന്റെ ഒരു ലൈനാണ്. കാരണം ഇപ്പോൾ രജിസ്ട്രേഷൻ, ട്രാൻസ്പോർട്ട്, ഫിനാൻസ്, എക്സൈസ് ഇതിലൊക്കെ പണം സമാഹരിക്കേണ്ട കാര്യത്തിൽ ഇവർക്ക് ഒരുത്തരവാദിത്വവുമില്ല, എല്ലാം ധനകാര്യവകുപ്പുമന്ത്രിക്കാണ്. അവർ ചോദിക്കുന്നത് കൊടുക്കേണ്ട ജോലിയാണ് ധനകാര്യവകുപ്പുമന്ത്രിക്ക് എന്നാണ് ഗവൺമെന്റിന്റെ ലൈൻ. അതാണ് ശ്രീ. ജി. സുധാകരൻ ചോദിച്ചത്.

ശ്രീ. ജോണി നെല്ലൂർ : സർ, ഇവിടെ ഗൗരവമുള്ള ചർച്ച നടക്കുമ്പോൾ ഇന്ന് രാവിലെ കേരളത്തെ മുഴുവൻ ബാധിക്കുന്ന നമ്മുടെ കൃഷിമേഖല മണ്ഡരിരോഗംമൂലം തകർന്നടിഞ്ഞ് നിൽക്കുന്ന സാഹചര്യത്തിൽ അതിനെകുറിച്ചുള്ള പ്രമേയം അവതരിപ്പിച്ച് ബഹുമാന്യനായ പി.പി. തങ്കച്ചൻ കേന്ദ്രഗവൺമെന്റ് 100 കോടി രൂപ തരണമെന്നാവശ്യപ്പെടുന്നതോടൊപ്പം ഈ ഗവൺമെന്റ് 90 കോടി രൂപ അതിനുവേണ്ടി ചെലവാക്കണമെന്നുകൂടി പറഞ്ഞു. എന്താണ് ഈ ഗവൺമെന്റിന്റെ സമീപനം? കേരളത്തിലെ പൊതുവായ പ്രശ്നമാണെന്ന് അങ്ങേക്കും അറിയാം. അതിനെ എതിർത്തവരാണ് അപ്പുറത്തിരിക്കുന്നവർ. കേന്ദ്രത്തിൽനിന്നും വാങ്ങിക്കാനുള്ളത് നമുക്ക് ഒരുമിച്ച് നിന്ന് വാങ്ങിക്കാം. ഈ ഗവൺമെന്റ് എന്തുചെയ്യുമെന്ന് പറയുവാനുള്ള ഉത്തരവാദിത്വം നിങ്ങൾക്ക് ഇല്ലേ? അതു വെട്ടിയിട്ട് വേറൊരു പ്രമേയം കൊണ്ടുവന്നു. ഈ ഗവൺമെന്റിന്റെ സമീപനം അതാണ്. ഇവിടെ പൊതുമരാമത്തുവകുപ്പുമന്ത്രി നൂറുമീറ്റർ വീതിയുള്ള റോഡുകൾ വരെ പ്രഖ്യാപിക്കുന്നുണ്ട്. അങ്ങനെ ഓരോ മന്ത്രിമാരും പ്രഖ്യാപിക്കുന്നുണ്ട്. ഇവിടെ പണം കണ്ടെത്താനുള്ള മാർഗമെന്താണ്? ചുരുക്കിപ്പറഞ്ഞാൽ മൂന്നുമാസമല്ലെങ്കിൽ ആറുമാസം

LIBRARY ARCHIVES Kerala Legislative Assembly

കൂടുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ ഇതുപോലെ ധന വിനിയോഗ ബില്ലുമായി വരും. ഇവിടെ സപ്ളിമെന്ററി ബഡ്ജറ്റ് അവതരിപ്പിച്ച പ്പോൾ പറഞ്ഞ ചില കാര്യങ്ങളോട് യോജിപ്പുണ്ട്. നല്ല കാര്യങ്ങൾക്കുവേണ്ടി പണം ചെലവാക്കുന്നുണ്ട്. അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷെ കേരള ത്തിന്റെ പൊതുവായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ പണം മാറ്റിവ യ്ക്കണ്ടേ? തെങ്ങുകളെ ബാധിച്ചിരിക്കുന്ന മണ്ഡരിരോഗം ചെറുതാണോ? അതിനൊരു തുകപോലും മാറ്റിവച്ചിട്ടില്ല. അതുപോലെ കേരളമാകെ തകർന്ന ടിഞ്ഞുകൊണ്ടിരിക്കുമ്പോൾ മാനവീയം എന്ന പരിപാടിക്ക് കോടിക്കണക്കിന് പണം കണ്ടെത്തിയ ആളുകളാണ് ഇവർ. മാനവീയത്തിന് ഒരു കോടി രൂപ മാറ്റിവച്ചു. അതുപോലും കാർഷികമേഖലയുടെ തകർച്ചയ്ക്കുവേണ്ടി മാറ്റിവ യ്ക്കാൻ തയ്യാറായില്ല. എല്ലാ വികസനരംഗവും തകർന്നിരിക്കുന്നു. വ്യവസായ രംഗത്തെ വികസനമാകെ മുരടിച്ചിരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട ടി.കെ. ബാലൻ പറഞ്ഞു ആന്ധ്രാപ്രദേശിലെ മന്ത്രിമാർ അവിടെ ഉയർത്തെഴുന്നേൽപ്പ് നടത്തി കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നുവെന്ന്. ബഹുമാന്യനായ ടി. കെ. ബാലനോട് ഞാൻ ചോദിക്കട്ടെ, ആ മന്ത്രിസഭയിലേയും മന്ത്രിമാരുടെ കാര്യക്ഷമതയില്ലായ്മയിൽനിന്ന് മാറ്റിയെടുക്കണ്ടേ? ആന്ധ്രയിലെ മന്ത്രിമാരെ പ്പോലെ, ആ സംസ്ഥാനത്തിനുവേണ്ടി അവിടത്തെ മന്ത്രിമാർ പ്രവർത്തിക്കുന്ന തുപോലും ഇവിടത്തെ മന്ത്രിമാരുടേയും മടിപ്പൊക്കെ മാറ്റി, പ്രായം കൊണ്ടുള്ള മടിപ്പ് ഞങ്ങൾക്ക് മനസ്സിലാക്കാം, ഈ മടിയൻമാരായ മന്ത്രിമാരെ ഊർജ്ജസ്വലതയോടുകൂടി ഈ രംഗത്ത് കൊണ്ടുവന്ന് കേരളത്തിന്റെ വിക സനം നടപ്പിലാക്കാനും പണം സമാഹരിക്കുവാനുമുള്ള ആർജ്ജവം കണ്ടെ ത്താൻ പരാജയപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, കേരളത്തിന്റെ പ്രായോഗിക മായ ബുദ്ധിമുട്ട് കാണാതെ മുന്നോട്ടുപോകുന്ന ഈ സാഹചര്യത്തിൽ പണം ചെലവഴിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. പി.സി. ജോർജ്</u> : സർ, ശ്രീ. ജോണി നെല്ലൂരിന് ഒരു അബദ്ധം പറ്റി. അദ്ദേഹം പറഞ്ഞത് മുടിഞ്ഞ തറവാട്ടിലെ കാരണവരാണ് ശ്രീ. ശിവദാ സമേനോൻ എന്നാണ്. ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാരണവർ എന്നു പറയുന്നത് ഞങ്ങളുടെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ ആണ്. നമ്മുടെ ട്രഷററാണ് ധനകാര്യവകുപ്പുമന്ത്രി. അതു മനസ്സിലാക്കണം.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, കാരണവർ നല്ല ഉറക്കമാണ്, കാര്യസ്ഥൻ ഉണർന്നുമിരിപ്പുണ്ട്.

<u>ശ്രീ. പി.സി. ജോർജ്</u> : സർ, കാരണവർക്കു സുഖമായി ഉറങ്ങാം. ഒരു സംശയവും വേണ്ട കാര്യസ്ഥൻ കാര്യങ്ങൾ നോക്കിക്കൊള്ളും. അതാണ് അതിന്റെ പ്രത്യേകത. ശ്രീ. ജോണി നെല്ലൂരിനോട് ഒരു കാര്യം പറയാം ഇത് മുടിഞ്ഞ തറവാടല്ല, കേരളത്തിലെ ജനങ്ങൾക്കുവേണ്ടി വികസനരംഗത്ത് ഇതുപോലെ മുന്നേറ്റം കാഴ്ചവച്ച ഒരു ഗവൺമെന്റ് നാളിതുവരെ ഉണ്ടായി ട്ടില്ല. അതു നിങ്ങൾ മനസ്സിലാക്കണം. ആ തറവാട്ടിലെ പ്രഗത്ഭനായ ധനകാ ര്യവകുപ്പുമന്ത്രി, കാര്യസ്ഥനെന്ന് പറഞ്ഞത് അംഗീകരിച്ചുകൊണ്ട് പറയട്ടെ ആ കാര്യസ്ഥൻ കൊണ്ടുവന്നിരിക്കുന്ന ഈ ധനവിനിയോഗ ബില്ലിനെ അനു കൂലിക്കാൻ എനിക്ക് അഭിമാനമുണ്ട്. കഴിഞ്ഞ സഭ പിരിയുന്നത് എന്തു പറ ഞ്ഞിട്ടാണ്. കഴിഞ്ഞ നിയമസഭ പിരിഞ്ഞപ്പോൾ നിങ്ങൾ എന്തു പറഞ്ഞിട്ടാണ്. വാക്കൗട്ട് നടത്തി ഇറങ്ങിപ്പോയത്, ഗോദയിൽ കണ്ടോളാം, തെരഞ്ഞെടുപ്പിൽ കണ്ടോളാം എന്നാണ്. തെരഞ്ഞെടുപ്പിൽ കണ്ടു; എന്തുപറ്റി വല്ലതുമുണ്ടായോ?

LIBRARY ARCHIVES Kerala Legislative Assembly

ഒരു മാറ്റവും വരുത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഈ രാജ്യത്തെ കുത്തകപ ത്രങ്ങൾ മുഴുവൻ നിങ്ങൾക്കു പുറകെ നോട്ടീസുപോലെ വന്നിട്ടും ഒരു മാറ്റവും വരുത്താൻ കഴിഞ്ഞിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രവർത്തകന്മാരുടെ ആത്മാർത്ഥതയോടുകൂടിയുള്ള പ്രവർത്തനങ്ങളുടെ ഫല മായി ഞങ്ങൾ ഞങ്ങളുടെ നില നിലനിറുത്തികൊണ്ട് ഞങ്ങൾ കടന്നുവന്നു. നിങ്ങൾ അത് മനസ്സിലാക്കണം. ഈ ഗവൺമെന്റ് മൂന്നരകൊല്ലം കാലാവധി പൂർത്തിയാക്കി, ഇതിനിടയിൽ ആറ് ഉപതെരഞ്ഞെടുപ്പുകൾ നടന്നു. അതിൽ ഒരെണ്ണത്തിൽ നിങ്ങൾക്ക് മുന്നേറ്റം നടത്താൻ കഴിഞ്ഞോ? ഈ കുത്തക പത്ര ങ്ങൾ നിങ്ങൾക്കുവേണ്ടി നോട്ടീസ് അടിയ്ക്കുകയല്ലേ? ഞങ്ങൾക്കുവേണ്ടി ഇതിൽ ഒരു പത്രം നോട്ടീസടിച്ചാൽ നിങ്ങൾ തെരഞ്ഞെടുപ്പിൽ കാണുകയില്ല. ആദ്യം നിങ്ങൾ അത് മനസ്സിലാക്കണം. ഇന്നലെ ഈ സഭയിൽ ബഹുമാന പ്പെട്ട സ്നേഹിതൻമാർ പറഞ്ഞത് എന്താണ്; കേരളം മുഴുവൻ അക്രമമാണ് അഴിമതിയാണ്, കൊള്ളയാണ് എന്നാണ്. ഞാൻ ചോദിക്കട്ടെ ഈ സംസ്ഥാ നത്ത് കഴിഞ്ഞ മൂന്നര വർഷക്കാലത്തിനിടയിൽ നടന്ന അക്രമം എന്താണ്? കണ്ണൂരിൽ ഒരു മൂന്ന് പഞ്ചായത്തിലുണ്ടായ സംഘട്ടനത്തിന്റെ പേരിൽ ഈ രാജ്യത്തെ പ്രതിപക്ഷങ്ങളും കുത്തകപത്രങ്ങളും ചേർന്നുകൊണ്ട് ഈ ഗവൺമെന്റിനെ അവഹേളിക്കുന്നു. ഈ ഗവൺമെന്റിന്റെ ഭരണത്തിനിടയിൽ ഈ രാജ്യത്ത് സൈര്യജീവിതമില്ലെന്ന് ഉറപ്പാക്കാനുള്ള ശ്രമമാണ് നടത്തുന്ന ത്. ആ രീതിയിലുള്ള പ്രചരണം നടത്താനുള്ള ശ്രമമല്ലേ നിങ്ങൾ നടത്തുന്ന ത്. ഞാൻ ചോദിക്കട്ടെ ഞങ്ങളുടെ കാലത്തെ മൂന്നര വർഷക്കാലത്തെ കണക്കും നിങ്ങളുടെ മൂന്നരവർഷക്കാലത്തെ കണക്കും ഞാൻ പറയാം. നിങ്ങ ളുടെ കാലത്ത് മൂന്നരവർഷംകൊണ്ട് 1796 കൊലപാതകങ്ങൾ ഉണ്ടായി. ഞങ്ങ ളുടെ കാലത്തോ 1455. അതുപോലെ രാഷ്ട്രീയ കൊലപാതകത്തിന്റെ കണ ക്കുതന്നെ എടുക്കാം. നിങ്ങളുടെ മൂന്നരവർഷക്കാലത്ത് അതായത് 24.6.1991 മുതൽ 31.12.1994-വരെയുള്ളതും ഞങ്ങളുടെ കാലത്തെ 20.5.1996 മുതൽ 30.11.1999 വരെയുള്ള കണക്കുമെടുക്കാം. ഈ ഗവൺമെന്റിന്റെ കണക്കാണ് ഞാൻ പറയുന്നത്. നിങ്ങൾ നിയമസഭയിൽ ചോദിക്കുന്ന കണക്കാണ് ഞാൻ പറയുന്നത്. നിങ്ങളുടെ കാലത്ത് രാഷ്ട്രീയ കൊലപാതകം 59 എണ്ണമുണ്ടായ പ്പോൾ ഞങ്ങളുടെ കാലത്ത് 40 എണ്ണമാണുണ്ടായത്. അതുപോലെ വെടിവ യ്പിൽ 14 പേർ മരിച്ചു. നിങ്ങൾ 14 പേരെ വെടിവച്ചു കൊന്നു. ഞങ്ങളുടെ കാലത്ത് ഒരാളെയും കൊന്നിട്ടില്ല. നിങ്ങളുടെ മൂന്നരവർഷത്തെ ഭരണകാ ലത്ത് 120 പേർക്ക് വെടിവയ്പ്പിൽ പരിക്കേറ്റു. ഞങ്ങളുടെ കാലത്ത് വെടിവ യ്പിൽ ആർക്കും പരിക്കേൽപ്പിച്ചിട്ടില്ല. അത് നിങ്ങൾ മനസ്സിലാക്കണം. അതു പോലെ ലാത്തിചാർജ്ജിന്റെ കാര്യവും. നിങ്ങൾ മൂന്നരവർഷകാലംകൊണ്ട് 31 ലാത്തിചാർജ്ജ് നടത്തി. ഞങ്ങളുടെ കാലത്ത് നിങ്ങളെക്കൊണ്ട് മടുത്ത് ഒരു നിവൃത്തിയുമില്ലാത്തതുകൊണ്ട് 9 ലാത്തിചാർജ്ജ് നടത്തിയിട്ടുണ്ട്. അതുപോ ലെതന്നെ ലാത്തിചാർജ്ജിൽ നിങ്ങളുടെ മൂന്നര വർഷക്കാലത്ത് 237 പേർക്ക് പരിക്കേറ്റു. ഞങ്ങളുടെ കാലത്തോ 106. ലോക്കപ്പ് മരണം നിങ്ങളുടെ മൂന്നര വർഷക്കാലത്ത് 4 ലോക്കപ്പ് മരണമുണ്ടായി. ഞങ്ങളുടെ കാലത്ത് ഒരു ലോക്കപ്പ് മരണവുമുണ്ടായിട്ടില്ല. വർഗ്ഗീയ കലാപത്തിന്റെ പേരിൽ നിങ്ങളുടെ കാലത്ത് 33 പേർ മരിച്ചു. ഞങ്ങളുടെ കാലത്ത് ഒരാളുപോലും മരിച്ചിട്ടില്ല. അതുപോലെ ഐറ്റം തിരിച്ചു പറയാം. അവരുടെ മൂന്നര വർഷക്കാലത്തെ ഭര ണത്തിനിടയിൽ വർഗ്ഗീയ കലാപത്തിന്റെ പേരിൽ മരിച്ച ഹിന്ദുക്കൾ 18, മുസ്ലീ ങ്ങൾ 14, ക്രിസ്ത്യാനി 1 ജില്ല തിരിച്ചുള്ള കണക്ക് ഞാൻ പറയാം. കാസർഗോഡ് 12, മലപ്പുറം 7, തിരുവനന്തപുരം 6, എറണാകുളം 4, കൊല്ലം,

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിൽ ഓരോരുത്തർവീതം അങ്ങനെ 33 പേർ മരിച്ചു. ഞങ്ങളുടെ മൂന്നരവർഷക്കാലത്തിനിടയിൽ ഒരാളെങ്കിലും മരിച്ചോ? വർഗ്ഗീയ കലാപത്തിന്റെ പേരിൽ ആരെങ്കിലും മരിച്ചോ? എന്നിട്ടാണ് നിങ്ങൾ ഞങ്ങളുടെ ഭരണകാലത്തെപ്പറ്റി കുറ്റം പറയുന്നത്. അതാണ് എനിക്ക് മനസ്സിലാകാത്തത്. അതുപോലെ വാഹനാപകടം കൂടുതലാണെന്നാണ് കണക്ക്. ബഹുമാന്യനായ എ.കെ. ആൻറണി മുഖ്യമന്ത്രിയായിരുന്ന 1995-ൽ വാഹനാപകടത്തിൽ മരിച്ചത് 2708, ആകെ അപകടം 37980. പരിക്കുപറ്റിയത് 53,400, മരിച്ചത് 2708. 1996 നിങ്ങളുടെ കാലഘട്ടമാണ്. അപകടങ്ങളുടെ എണ്ണം 35731, മരിച്ചവർ 2790, പരിക്കുപറ്റിയവർ 51,780. അപകടത്തിൽ മരിച്ചത് നിങ്ങളുടെ കാലത്ത് 2708 ആണെങ്കിൽ 1997-ൽ ഞങ്ങളുടെ കാലത്ത് അന്ന് മരിച്ചത് 2699 ആണ്. ഈ കാലഘട്ടത്തിൽ പരിക്കുപറ്റിയവർ 49,710. 1998-ൽ പരിക്കുപറ്റിയവർ 46,198 2504 മരണം. നിങ്ങളുടെ കാലത്ത് 2624 മരണം. ഇത് ഗവൺമെന്റ് കണക്കാണ് പറയുന്നത്.....(ബഹളം).....

ശ്രീ. കെ. സുധാകരൻ : ഈ കണക്ക് മേശപ്പുറത്ത് വയ്ക്കണം.

ശ്രീ. പി.സി. ജോർജ് : ഞാൻ പറഞ്ഞുവരുന്നത് വാഹനാപകടത്തിൽപോലും ഈ ഗവൺമെന്റിന്റെ പോലീസ് സംവിധാനം കൊണ്ട് മാറ്റമുണ്ടായിരിക്കുകയാണ്. അത് ചൂണ്ടികാണിക്കാൻ വേണ്ടിയാണ് ഇത് പറഞ്ഞത്. ഇന്നത്തെ ഹിന്ദുപത്രത്തിലെ 11-ാമത്തെ പേജിൽ പറഞ്ഞിട്ടുള്ളത് പ്രതിപക്ഷ നേതാവും നിങ്ങളും വായിക്കണം.

NHRC Directive to States for better policy National Human Rights Commission has directed all the States and Union Territories (UTs) to comply with a set – Mr. D.R Karthikeyan, Director General (Investigation) NHRC.

ഇത് ദേശാഭിമാനി പത്രമല്ല. ഹിന്ദു പത്രമാണ്. അതിൽ പറഞ്ഞിരിക്കുന്നത്. അതായത് എല്ലാ സംസ്ഥാനത്തിനും കൊടുത്തിരിക്കുന്ന ഡയറക്ഷൻ-ആരാണ് ഡയറക്ടർ മി. ഡി. ആർ. കാർത്തികേയൻ-അദ്ദേഹത്തിന്റെ ഡയറക്ഷൻ കേരളത്തിലെ പോലീസിനെ മാതൃകയാക്കാൻ മറ്റ് സംസ്ഥാനങ്ങൾ ഡയറക്ഷൻ കൊടുത്തിരിക്കുകയാണ്. ഇത് ദേശാഭിമാനി പത്രമല്ല. ഇത് നിങ്ങൾ വായിക്കണം. അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും. അതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്.

ശ്രീ. സി.കെ. നാണു : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. പ്രധാനമായും നമ്മുടെ രാജ്യത്തിലെ ദുർബല വിഭാഗങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കാനും അടിസ്ഥാനപരമായി കേരളത്തിലെ ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കാനും ന്യായമായ രൂപത്തിലാണ് ഈ ധനം വിനിയോഗിച്ചിരിക്കുന്നത്. വളരെ പ്രതിസന്ധി നിറഞ്ഞ ഒരു കാലഘട്ടത്തിലേയ്ക്ക് നമ്മുടെ നാട് കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു ഘട്ടമാണിത്. കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് നമ്മുടെ നാട്ടിലെ പത്തോ പതിനഞ്ചോ ശതമാനം വരുന്ന സമ്പന്ന വിഭാഗത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയുള്ള സാമ്പത്തിക നടപടികൾ നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ഇൻഡ്യാ രാജ്യത്തിലെ പ്രധാനപ്പെട്ട പ്രതിപക്ഷ കക്ഷിയായ കോൺഗ്രസ്സ് (ഐ) കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന ജനദ്രോഹപരമായ നടപടികളെ എതിർത്ത് പരാജയപ്പെടുത്തേണ്ടതും അതിനെ എതിർക്കാൻ ജനങ്ങളെ അണിനിരത്തേണ്ടതുമായ ഉത്തരവാദിത്വ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽനിന്നും ഒഴിഞ്ഞുമാറി സാമ്പത്തിക രംഗത്ത് മുതലാളിത്തത്തിന് അനുകൂലമായും സമ്പന്നൻമാർക്ക് അനുകൂലമായിട്ടുമുള്ള നിലപാട് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുമ്പോൾ അതിനെ അനുകൂലിക്കുന്ന സാഹചര്യത്തിലേയ്ക്ക് നീങ്ങുകയാണ്. അതിന്റെ ഫലമായി നമ്മുടെ നാട്ടിലെ വലിയൊരു വിഭാഗം സാമാന്യജനങ്ങൾ ഒരു പ്രതിസന്ധിയിൽ അകപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണിത്. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ച് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് അവശ്യസാധനങ്ങളുടെ സബ്സിഡി നിർത്തലാക്കൽ. ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സബ്സിഡി വെട്ടിക്കുറയ്ക്കാൻ അവർ സ്വീകരിക്കാൻ പോകുന്ന നടപടികളെ സംബന്ധിച്ച് പ്രസ്താവിക്കുകയുണ്ടായി. പക്ഷെ ഈ സബ്സിഡി ഫലപ്രദമായി നിലനിറുത്തുന്നതിനുവേണ്ടി യാതൊരു നീക്കവും കോൺഗ്രസ്സ്(ഐ)-യുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. അവിടെ ഇൻഷ്വറൻസ് ദേശസാൽക്കരണത്തെക്കുറിച്ച് പറയുകയുണ്ടായി. അമേരിക്കയടക്കമുള്ള രാജ്യങ്ങളിൽ ഇൻഷ്വറൻസ് പരാജയപ്പെട്ടപ്പോൾ ഇൻഡ്യയിൽ ഇൻഷ്വറൻസ് വിജയിച്ചുവെന്നു മാത്രമല്ല ശുദ്ധജല വിതരണമടക്കം കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ അനുകൂലമായ സാമ്പത്തിക സഹായം നൽകാൻ എൽ.ഐ.സി.ക്ക് കഴിഞ്ഞു. ലോക കോർപ്പറേറ്റ് മാനേജുമെന്റുകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി ആ എൽ.ഐ.സി-യുടെ ഫണ്ട് വിനിയോഗിക്കുന്ന സാഹചര്യം വന്നപ്പോൾ പ്രധാന പ്രതിപക്ഷ കക്ഷിയായ കോൺഗ്രസ്സ് (ഐ) സ്വീകരിച്ച നിലപാട് എന്താണ്? ഒരു രാഷ്ട്രീയ കക്ഷിയെന്നുള്ള നിലയ്ക്ക്, ഇൻഡ്യാ രാജ്യത്തിലെ പ്രധാനപ്പെട്ട പ്രതിപക്ഷ കക്ഷിയെന്ന നിലയ്ക്ക് ഭൂരിപക്ഷം ജനങ്ങളുടെ താൽപ്പര്യത്തിനുവേണ്ടിതന്നെയാണോ നിങ്ങൾ നിലകൊള്ളുന്നത് എന്നതിനെ സംബന്ധിച്ച് വ്യക്തമാക്കണം. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിന് അനുസ്യൂതം തുടരാൻ കഴിയുന്നത് എന്തുകൊണ്ടാണ്? കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങൾക്ക് കോൺഗ്രസ്സ്(ഐ) പിന്തുണ നൽകുന്നതുകൊണ്ടല്ലേ? കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം ആദ്യമായി പാർലമെന്റ് ചേർന്നപ്പോൾ ഇൻഡ്യൻ പാർലമെന്റിനു മുമ്പിൽ കോൺഗ്രസ്സ് കാഴ്ച വച്ചത് എന്താണ്? ഇൻഡ്യാ രാജ്യത്തെ ഭൂരിപക്ഷം വരുന്ന ജനങ്ങളെ ബാധിക്കുന്ന പ്രശ്നമല്ല. കോൺഗ്രസ്സ് (ഐ)-യിലെ സുഹൃത്തുക്കൾ പലപ്പോഴും ഞങ്ങളുടെ ശക്തിയെ സംബന്ധിച്ച് ചോദിക്കാറുണ്ട്. ബോഫോഴ്സ്/ഇടപാടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഈ രാജ്യത്തിലെ ജനങ്ങൾക്കറിയാം. രണ്ടുമൂന്നു കേന്ദ്ര ഗവൺമെന്റുകൾ മാറിമാറി കൈകാര്യം ചെയ്ത പ്രശ്നമാണത്. അവസാനം സി.ബി.ഐ.യുടെ മുമ്പാകെ മാപ്പപേക്ഷ നൽകാമെന്ന് ക്വാത്റോച്ചി പോലും പരസ്യമായി പ്രസ്താവിക്കുന്ന രൂപത്തിലേയ്ക്ക് ബോഫോഴ്സ് ഇടപാട് വന്നു. അതുമായി ബന്ധപ്പെട്ട പ്രതികൾ ആരാണെന്ന് ബോഫോഴ്സ് ഇടപാടുമായി ബന്ധപ്പെട്ടുള്ള ചാർജ്ജ് ഷീറ്റിൽ വ്യക്തമാക്കുകയുണ്ടായി. അതിനെതിരായി ഡെൽഹി ഹൈക്കോടതിയെ സമീപിച്ചു, ഹൈക്കോടതി ചില തീരുമാനങ്ങൾ പ്രഖ്യാപിച്ചു. ഞാനൊരു കാര്യം കൂടി ചോദിക്കാൻ ആഗ്രഹിക്കുകയാണ്. കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യമായി വടക്കേ ഇൻഡ്യയിലെ ജനങ്ങളെ അണിനിരത്തിക്കൊണ്ട് കോൺഗ്രസ്സ്(ഐ) പ്രകടനം നടത്തിയതും പാർലമെന്റ് ഉപരോധിച്ചതും ഇൻഡ്യയിലെ സാമാന്യ ജനങ്ങളുടെ പ്രശ്നം പറഞ്ഞുകൊണ്ടല്ല, എൽ.ഐ.സി.യെ ലോക കോർപ്പറേറ്റ് മാനേജുമെന്റുകൾക്ക് തുറന്നു കൊടുത്തതിനെതിരായിട്ടല്ല, സിവിൽ സപ്ലൈസ് മേഖലയിൽ സബ്സിഡി എടുത്തുകളഞ്ഞതിനെതിരായിട്ടല്ല, കേരളത്തിലെ പാവപ്പെട്ട ജന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്തുകൊണ്ടല്ല. ഈ ധനവിനിയോഗ ബില്ലിനെ സംബന്ധിച്ച് സംസാരിക്കുന്ന ഘട്ടത്തിൽ ഇൻഡ്യയിലെ പ്രധാന പ്രതിപക്ഷ കക്ഷി, കേരളത്തിലെ പ്രധാനപ്പെട്ട പ്രതിപക്ഷ കക്ഷി, നമ്മുടെ ഇൻഡ്യയിലെ ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ താൽപ്പര്യത്തിന് വിരുദ്ധമായി നീങ്ങുന്നു എന്നുള്ള വസ്തുത നമ്മുടെ നാട്ടിലെ ജനങ്ങളെ ബോദ്ധ്യപ്പെടുത്താനുള്ള ചുമതല ഈ കാലഘട്ടത്തിൽ ഉണ്ടെന്നാണ് എനിക്ക് തോന്നുന്നത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്തും അതിനുശേഷം വന്ന കോൺഗ്രസ്സ് (ഐ) ഗവൺമെന്റുകളുടെ കാലത്തും കോൺഗ്രസ്സ്(ഐ)ചിലപ്പോൾ സ്വീകരിച്ച ജനോപകാരപ്രദമായ പല നടപടികളും ഇന്ന് നിഷേധിക്കപ്പെടുകയാണ്. അതിനെതിരെ ജനങ്ങളെ അണിനിരത്താൻ കോൺഗ്രസ്സ്(ഐ) എന്തുകൊണ്ട് തയ്യാറാകുന്നില്ല? കഴിഞ്ഞ രണ്ടുമൂന്നു മാസങ്ങളിലെ കേന്ദ്ര ഗവൺമെന്റിന്റെ നീക്കങ്ങളോട് കോൺഗ്രസ്സ്(ഐ) സ്വീകരിച്ച സമീപനങ്ങൾ പരിശോധിച്ചാൽ ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്ന ഒരു വസ്തുതയുണ്ട്. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളും പരാജയപ്പെടുന്നിടത്ത് കേരളത്തിൽ ശമ്പളം മര്യാദയ്ക്ക് കൊടുത്തുകൊണ്ട്, പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ തുറപ്പിക്കാൻ ശ്രമങ്ങൾ നടത്തിക്കൊണ്ട്, മലയോര കർഷകർക്ക് പട്ടയം നൽകിക്കൊണ്ട്, ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ ശ്രമിക്കുന്ന ഈ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. സാധാരണ ഇങ്ങനെയൊരു ബിൽ കൊണ്ടുവരുമ്പോൾ പ്രതിപക്ഷത്തുള്ള ആളുകൾ രാഷ്ട്രീയമായി വിമർശിക്കും. അത് മനസ്സിലാക്കാം. എന്നാൽ കണ്ണടച്ച് ഇരുട്ടാക്കുന്ന ഈ പണി ഇപ്പോഴും പ്രതിപക്ഷത്തിന് വേണോയെന്നുള്ള കാര്യം പരിശോധിക്കണം. കാരണം നമ്മൾ എവിടെനിൽക്കുന്നു എന്നുള്ള കാര്യം നിങ്ങൾക്ക് അറിയാൻ പാടില്ലാഞ്ഞിട്ടല്ല. നിങ്ങൾ കൊണ്ടുവന്ന സാമ്പത്തിക നയങ്ങളുടെയെല്ലാം പാപഭാരം ഇൻഡ്യയിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ അത് കൂടുതലായി അനുഭവിക്കുന്നു. 1996-ൽ യു.ഡി.എഫ്. ഭരണത്തിനു ശേഷം ഉണ്ടായിട്ടുള്ള സാമ്പത്തിക ചുറ്റുപാടുകൾ എന്താണെന്ന് എല്ലാ പേർക്കും അറിയാവുന്നതാണ്. അതെല്ലാം ശരിയാക്കി സമാധാനപരമായ സാമ്പത്തിക ചുറ്റുപാടോടുകൂടി മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് സാധിക്കുന്നു എന്നുള്ളത് ഒരു പ്രത്യേകതയല്ലേ? അത് അംഗീകരിക്കേണ്ടതല്ലേ? കേന്ദ്രം തെറ്റായ സാമ്പത്തിക നയങ്ങൾ സ്വീകരിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് പ്രത്യേകമായ ഒരു നയം സ്വീകരിക്കാൻ കഴിയുമോ? അതിന്റെ കെടുതികൾ ഏറ്റവും രൂക്ഷമായി അനുഭവിക്കേണ്ടിവരുന്നത് നമ്മുടെ സംസ്ഥാനമാണ് ഒരു കൺസ്യൂമർ സ്റ്റേറ്റ് കൂടിയാണ് കേരളം എന്ന നിലയ്ക്ക് പ്രതിസന്ധി വളരെ രൂക്ഷമായിരിക്കുന്നു. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഒരു നല്ല സാമ്പത്തിക അച്ചടക്കത്തോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നു. എല്ലാ കാര്യങ്ങളും പൂർണ്ണമാക്കിക്കൊണ്ടാണ് പോകുന്നത് എന്ന് ഞാൻ പറയുന്നില്ല. പ്രശ്നങ്ങൾ ഉണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ ഫണ്ട് സമാഹരണം നടത്തി, ആ ധനം ആവശ്യമായി വരുന്നിടത്ത് ക്രമാനുഗതമായി വിനിയോഗിക്കാൻ പറ്റുന്ന തരത്തിൽ തികഞ്ഞ സാമ്പത്തിക അച്ചടക്കത്തോടുകൂടിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. തൊഴിലില്ലായ്മ രൂക്ഷമാകുന്നുണ്ട്. വ്യവസായ രംഗത്ത് പ്രശ്നങ്ങളുണ്ട്, ഇതെല്ലാം പരിഹരിച്ചുകൊണ്ട് എല്ലാ രംഗത്തും ഗവൺമെന്റ് സമാധാനപരമായി മുന്നോട്ടുപോകുന്നു എന്ന കാര്യത്തിൽ തർക്കമില്ല. ക്രമ

LIBRARY ARCHIVES Kerala Legislative Assembly

സമാധാന രംഗത്തെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്ക് എല്ലാപേർക്കും അറിയാം. തൊഴിലില്ലായ്മ പ്രശ്നങ്ങൾ, വിലക്കയറ്റം, മറ്റ് വികസന പ്രവർത്തനങ്ങൾ, ജനകീയാസൂത്രണം എന്നിവയ്ക്കെല്ലാം സഹായഹസ്തങ്ങൾ നൽകി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിന് തുല്യമായി മറ്റൊരു സംസ്ഥാന ഗവൺമെന്റ് ഉണ്ടോ? യാഥാർത്ഥ്യബോധത്തോടുകൂടി ഈ ഗവൺമെന്റിന്റെ നടപടികളെ കാണുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. എനിക്കുമുമ്പ് സംസാരിച്ച ആളുകൾ ഈ സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും അഭൗമമായ, ദീപ്തമായ ഈ ഗവൺമെന്റിന്റെ അപാരമായ ഫിനാൻഷ്യൽ മാനേജുമെന്റിനെക്കുറിച്ചും ഒക്കെ ഇവിടെ പറഞ്ഞു. അതിന്റെയൊന്നും പ്രതിഫലനം നമ്മുടെ സാമൂഹ്യജീവിതത്തിലും വികസനമേഖലയിലും കാണുന്നില്ലെയെന്നുള്ളതാണ് ഏറ്റവും പ്രധാനം. സംസ്ഥാനത്തിന്റെ സാമ്പത്തികനില ഒരു പുകയുന്ന അഗ്നിപർവ്വതത്തിനും മുകളിലാണെന്നുള്ള യാഥാർത്ഥ്യം സർക്കാർ കാണണം. ബഹുമാനപ്പെട്ട ധനമന്ത്രിയോട് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. ഗവൺമെന്റിനുവേണ്ടി ഇത്തരം സന്ദർഭത്തിൽ സംസാരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പാർട്ടി ഓഫീസുകളിൽ നിന്ന് കൊണ്ടുവരുന്ന കണക്കുകൾ ഉദ്ധരിക്കാൻ അങ്ങ് അനുവദിക്കരുത്. രാഷ്ട്രീയം എന്തും പറയും, പക്ഷേ കണക്കുകൾ ഉദ്ധരിക്കുമ്പോൾ സ്വാഭാവികമായും സർക്കാർ രേഖകൾ തന്നെ ആധാരമാക്കണം. കേരളത്തിന്റെ സാമ്പത്തികനില നിങ്ങൾ വിലയിരുത്തുമ്പോൾ അന്യസംസ്ഥാനങ്ങളുടെ സാമ്പത്തിക നിലയുമായിട്ട് ഒരു താരതമ്യപഠനം വേണ്ട എന്നുള്ള രാഷ്ട്രീയ വിവരക്കേടൊന്നും ഞാൻ പറയുന്നില്ല. പക്ഷേ കേരളത്തിൽ കേരളത്തിന്റേതായ തനതായ ഒരു രാഷ്ട്രീയ സംസ്കാരവും ഭരണ സംസ്കാരവും കേരളത്തിന്റേതായ ഭരണരീതിയും ഉണ്ട്. ജർമ്മനി, അമേരിക്ക തുടങ്ങി ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ആളുകൾ പഠിക്കാൻ വരുന്നു. അങ്ങനെ ആളുകൾക്ക് നേതൃത്വം കൊടുക്കുന്ന കേരളത്തിലെ സാമ്പത്തിക മാനേജുമെന്റ് നാം പ്രത്യേകം വിലയിരുത്തണ്ടേ? കേരളം ഇന്ന് സാമ്പത്തികമായി തളർന്നിരിക്കുന്നു. ഒരുപാട് കാര്യങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ഇവിടെ പറഞ്ഞതെന്താണ്? ബെറ്റർ മാനേജുമെന്റ്, ഇവിടെ Budget-in-Brief, Government of Kerala, ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ ഫൈനാൻസ് വകുപ്പ് ഇറക്കിയതാണ്. ഇവിടെ ആരൊക്കെയോ കണക്കുകൾ ഉദ്ധരിച്ചു. റവന്യൂ കമ്മി, അങ്ങയുടെ ബുക്കിൽ തന്നെ പറഞ്ഞിരിക്കുന്നതാണ്. 1-ാം പേജിൽ, '90-'91 ൽ-422, '92-'93 ൽ-337, അതിങ്ങനെ വന്നുവന്ന് '95-'96 ആയപ്പോൾ 402 കോടി ആയി കുറഞ്ഞു യു.ഡി.എഫ്.ന്റെ കാലത്തെ ബെറ്റർ മാനേജുമെന്റ്. എൽ.ഡി.എഫ്.ന്റെ കാലത്ത് '98-'99 ആയപ്പോൾ-1604. അത് 2000-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നത് 2230 കോടി രൂപയുടേത്. അങ്ങ് ഒരു കണക്ക് പറഞ്ഞത് ശരിയാണ്. നേരത്തെ നിങ്ങൾ ഇവിടെ ജനകീയാസൂത്രണത്തിനു കൊടുക്കുന്ന 1025 കോടിയിൽ 80% ക്യാപ്പിറ്റൽ അക്കൗണ്ട് ഗ്രാന്റായിട്ട് പോകുന്നു. അത് സമ്മതിക്കുന്നു. ഈ 2230 കോടി രൂപയിൽ 800 കോടി രൂപ കുറച്ചാൽ 1430 കോടി രൂപയുടെ റവന്യൂ കമ്മി അങ്ങ് തന്നിരിക്കുന്ന പുസ്തകത്തിൽ മാത്രമായിട്ടുണ്ട്. അതുകൊണ്ട് ദയവുചെയ്ത് പാർട്ടി ഓഫീസിലെ പുസ്തകങ്ങളെ കണക്കിൽ കാട്ട് ചെയ്യരുത്. കാട്ട് ചെയ്യേണ്ടത് സർക്കാർ രേഖകൾ ആയിരിക്കണം. ഇവിടെ ധാരാളം ഉദാഹരണങ്ങളുണ്ട്. ഞാൻ വിദ്യാർത്ഥിയായിരുന്നപ്പോൾ അവകാശ സമരങ്ങളുടെ മുന്നിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

പോരാട്ടം നടത്തിയ ശ്രീ. ടി.കെ. ബാലന് ഇന്ന് ഒരു മാറ്റം. മാറ്റം നല്ലതു തന്നെ. ഉദാഹരണങ്ങളൊക്കെയുണ്ട്. പി.ഡബ്ല്യു.ഡി.യാണ് പറഞ്ഞത്. ഈ ഗവൺമെന്റ് പി.ഡബ്ല്യു.ഡി.ക്കുവേണ്ടി കൂടുതൽ പണം ചെലവഴിച്ചിരിക്കുന്നു. വികസനകാര്യത്തിൽ യു.ഡി.എഫ്. നെക്കാൾ കൂടുതൽ എടുത്തു പറഞ്ഞത് പി.ഡബ്ല്യു.ഡി. ആണ്. Trends in Development Expenditure '90-91 to 1994-2000. പി. ഡബ്ല്യു.ഡി.മാത്രം ഞാൻ എടുക്കുന്നു. പി.ഡബ്ല്യു.ഡി.യിൽ പബ്ലിക് വർക്സിൽ കൊടുത്തിരിക്കുന്ന രൂപയാണ് പറയുന്നത്. '95-'96 ൽ അതിന്റെ പെർസന്റേജ് 4.11, '96-'97 ൽ 3.75, '98-'99 ൽ 2.71. ഇത് എവിടെ നിന്നാണ് വന്നത്? Trends in Development Expenditure 1990-1991 to 1999-2000 അതിന്റെ ടേബിളാണ് ഞാൻ വായിച്ചത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ജനകീയാസൂത്രണം കൊണ്ട് 40 ശതമാനം പോയി എന്നാണ്. '95-'96 നെക്കാൾ '96-'97 ൽ പെർസന്റേജ് കുറയുന്നു. '96-'97 നെക്കാൾ '97-'98 ൽ കുറയുന്നു. '97-'98 നെക്കാൾ '98-'99 ൽ കുറയുന്നു. ഇതിന്റെ അർത്ഥമെന്താണ്? ഈ ജനകീയാസൂത്രണം എന്നു തുടങ്ങി? ഓരോ വർഷവും കുറഞ്ഞുകൊണ്ടു വരികയല്ലേ?

ശ്രീ. ജി. കാർത്തികേയൻ : അതാണ് ഞാൻ വായിച്ചത്. ഐക്യ ജനാധിപത്യ മുന്നണിയുടെ കാലത്ത് ലഭിക്കാത്ത ഒരു അധികമായ സൗകര്യം ലഭിച്ചുവെന്ന് പറയുന്നത് വി.ഡി.എസ്.ൽ 300 കോടി രൂപ ലഭിച്ചു. ഡീസലിന്റെ വിലവർദ്ധനവിന് എതിരെ എല്ലാപേരും കേന്ദ്രഗവൺമെന്റിനോട് പറഞ്ഞു, ഞങ്ങളും പറഞ്ഞു. പക്ഷേ ഈ ഗവൺമെന്റ് എന്തു ചെയ്തു? ഈ ഗവൺമെന്റിന് അതിനകത്ത് സെയിൽസ് ടാക്സ് കിട്ടി, പർച്ചേസ് ടാക്സ് കിട്ടി, സർചാർജ് കിട്ടി, ടേണോവർ ടാക്സ് കിട്ടി. ഒരു ലിറ്ററിന് ഒരു രൂപ വച്ച് അധികം കിട്ടി. ഈ രൂപ എവിടെ പോയി? ഗവൺമെന്റിന് വി.ഡി.എസ്.ൽ നിന്നും ലഭിച്ച അധികം 300 കോടി രൂപ കൂടാതെ ഡീസലിന് വില കൂടിയപ്പോൾ ബെറ്റർ ഫിനാൻഷ്യൽ മാനേജുമെന്റ് നടത്തുന്ന ശ്രീ. ടി. ശിവദാസമേനോൻ അധികം കിട്ടിയ കണക്കുകളാണ് ഞാൻ ഇവിടെ വായിച്ചത്. ഞാൻ ഒരുപാട് കണക്കുകളിലേക്ക് പോകുന്നില്ല. ഇവിടെ വിഭവസമാഹരണത്തെപ്പറ്റി പറഞ്ഞു. യു.ഡി.എഫിനെ കുറ്റപ്പെടുത്തുന്നില്ല. Mobilisation of Resources: The additional resosurces mobilisation estimated by the State Government in the budgetted and actual estimates for the last five years ended 31st March 1993-1998 as under: ഇത് 1998 മാർച്ച് 31-ലെ സി.ആന്റ് എ.ജി യുടെ റിപ്പോർട്ടാണ്. അതിനകത്ത് '93-'94 percentage + 10.45, 1995-96-25.21% in 1996-97-7.79%; '97-'98 ആയപ്പോൾ അത് - 4.19%; സി.ആന്റ് എ.ജി റിപ്പോർട്ടിൽ പേജ് 9. അതിനകത്ത് ഒരു വാചകം കൂടിയുണ്ട്. During the preceding four years the actual collection exceeded the budget estimate. There was a sharp decline in collection during '97. ഏതിൽ വരുന്നതാണ് ഇതെല്ലാം? ബെറ്റർ മാനേജുമെന്റിൽപ്പെട്ട് വരുന്നതാണോ? ടാക്സ് റവന്യൂ- The growth of tax revenue raised by the Government in the last five years 1993-98 as under. C&AG Report (Civil) Vol. No. 3. അതിനകത്ത് 1993-'94 ൽ പെർസന്റേജ് 24.29. '95-'96-ൽ 25.21, '97-'98 വരുമ്പോൾ അത് 6 ശതമാനം പെർസന്റേജ് ഗ്രോത്ത്. അവിടെ പ്രൊഡ്യൂസ് ചെയ്യുമ്പോൾ 15 ആയി വന്നിരിക്കുന്നു. ടാക്സ് റവന്യൂ, നോൺ ടാക്സ് റവന്യൂവിനോ? അതും അതേ പേജിൽ തന്നെയാണ്. '93-'94-ൽ 16%, '94-'95ൽ 23%, '95-'96-ൽ 35%, '96-'97-ൽ ആയപ്പോൾ-4. അത് പേജ് നമ്പർ 18. ഒരു പുതിയ കണക്ക് കാർത്തികേയൻ അവതരിപ്പിക്കുന്നതല്ല. വിഭവസമാഹരണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനെക്കുറിച്ചും ടാക്സ് പിരിക്കുന്നതിനെക്കുറിച്ചും പണം ചെലവഴിക്കുന്നതിനെക്കുറിച്ചുമുള്ള കണക്കുകൾ ഇവിടെ പറയുമ്പോൾ സി.ആന്റ് എ.ജി. യുടെ റിപ്പോർട്ടും അങ്ങയുടെ ഡിപ്പാർട്ടുമെന്റ് തന്ന ബഡ്ജറ്റ് ഇൻ ബ്രീഫും 1999-2000-ത്തിലെ ചില പേജുകളിലെ പ്രിന്റ് ചെയ്ത കണക്കുകൾ മാത്രമാണ് ഞാൻ പറഞ്ഞത്. ഇതാണ് ഇവിടത്തെ ഒരു പ്രധാനപ്പെട്ട സ്ഥിതി. വലിയ ശുഭാപ്തിവിശ്വാസത്തിൽ അങ്ങ് ഇവിടെ കഴിഞ്ഞ മീറ്റിംഗിൽ സംസാരിച്ചു. ഇവിടെ സാമ്പത്തിക അച്ചടക്കം ഇല്ലെന്നും മാനേജുമെന്റ് പരാജയമാണെന്നും അതല്ലെങ്കിൽ വളരെയധികം ആർഭാടം കാണിക്കുന്നു എന്നൊക്കെയുള്ള കാര്യങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ഈ സംസ്ഥാനം സാമ്പത്തികമായി തകർന്നിരിക്കുന്നു. കഴിഞ്ഞ തവണ ഇവിടെ ഒരു വിഷയവുമായി ബന്ധപ്പെട്ട ബില്ലിന്റെ ചർച്ചയിലൂടെ ശ്രീ. തമ്പാനൂർ രവി പറഞ്ഞതുപോലെ കേരളത്തിന്റെ സെക്രട്ടേറിയറ്റും നാം ഇരിക്കുന്ന ഈ നിയമസഭാ മന്ദിരവും വരെ പണയം വച്ച് കടമെടുത്തുകൊണ്ട് ആർഭാടം നടത്താൻ പറ്റും. പക്ഷേ കേരളത്തെ ആ നിലയിലേക്ക് വിലയിരുത്താൻ സാദ്ധ്യമല്ല. അങ്ങ് ശുഭാപ്തി വിശ്വാസത്തിന്റെ കാര്യം പറഞ്ഞു. ശുഭാപ്തിവിശ്വാസം നല്ലതാണ്. ഒരു പുതിയ ഡിക്ഷ്ണറി ഇറങ്ങി. അതിനകത്തെ അർത്ഥം എന്നു പറയുന്നത് പദാനുപദം അല്ല. ശുഭാപ്തിവിശ്വാസത്തിന് രസകരമായ ഒരു അടിക്കുറിപ്പ് വന്നിട്ടുണ്ട്. ഏന്റേതല്ല. ലോകത്തിൽ ഏറ്റവും അധികം ഉയരമുണ്ടെന്ന് കരുതപ്പെടുന്ന എമ്പയർ സ്റ്റേറ്റ് ബിൽഡിംഗിന്റെ ആദ്യത്തെ നിലയിൽനിന്ന് താഴോട്ട് ചാടുന്ന ഒരു മനുഷ്യൻ പ്രസ്തുത കെട്ടിടത്തിന്റെ 44-ാമത്തെ നിലയിൽ എത്തുമ്പോൾ സ്വയം ആശ്വസിക്കുന്നു. ഞാൻ ഇതാ പകുതി ദൂരം എത്തിച്ചേർന്നിരിക്കുന്നു, എന്നാൽ ഇതുവരെയായി എനിക്ക് ഒന്നും സംഭവിച്ചിട്ടില്ല. എമ്പയർ ബിൽഡിംഗിന്റെ മുകളിൽ നിന്നും താഴോട്ട് ചാടുന്ന മനുഷ്യനെപ്പോലെ കേരളത്തിന്റെ സാമ്പത്തികരംഗവും അതിനെ നയിക്കുന്ന അങ്ങും അങ്ങയുടെ തറവാട്ടുകാരനായ മുഖ്യമന്ത്രിയും പകുതിയായപ്പോൾ ആശ്വസിക്കുന്നു. എനിക്ക് ഒന്നും സംഭവിച്ചിട്ടില്ല. ഇപ്പോഴും ഞാൻ പകുതി നിലയിൽ തന്നെയാണ്. അത് ഞാൻ കോട്ട് ചെയ്യുകയാണ്. ഞാൻ പറഞ്ഞത് ശുഭാപ്തിവിശ്വാസത്തിന് പുതിയ ഒരു കണ്ടെത്തലല്ല. നിങ്ങളെ കണ്ടുകൊണ്ട് ഒരുപക്ഷേ വന്നതായിരിക്കും. ഞാൻ ഈ ഗവൺമെന്റിനെക്കുറിച്ച് ഒരു പോസ്റ്റുമോർട്ടത്തിലേക്ക് കടക്കുന്നില്ല. പോസ്റ്റുമോർട്ടം എന്നു പറയുന്നത് മരണകാരണമേ ആയിട്ടുള്ളൂ. എന്തുകൊണ്ട് മരിച്ചു? എങ്ങനെ മരിച്ചു? ജീവൻ തിരിച്ചുകിട്ടുകയില്ല. അതുകൊണ്ട് മരിച്ചു കഴിഞ്ഞ് ജഡമായ സർക്കാരിനെക്കുറിച്ച് എന്തിനാണ് കൂടുതൽ കാര്യങ്ങൾ പറയുന്നത്?

1948-ൽ ബ്രിട്ടീഷ് സംഘം ഒരു പഠനറിപ്പോർട്ട് ഉണ്ടാക്കി. ഇന്ത്യയിലെ അറുപത് നാട്ടുരാജ്യങ്ങളും, നാല് Province ഉം ചേർന്ന് ഒരു റിപ്പോർട്ട് ഉണ്ട്. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് കൽക്കട്ട, ബോംബെ, ചെന്നൈ, ഡെൽഹി ഇവ കഴിഞ്ഞാൽ വികസനം ഏറ്റവും എത്തിനിൽക്കുന്നത് തിരുകൊച്ചിയിലാണ്. വിദ്യാഭ്യാസം, പാർപ്പിടം, ശുചിത്വം, ആരോഗ്യം, റോഡ് തുടങ്ങിയവയിൽ ഇന്ന് കേരളം 16-ാമത്തെ സ്ഥാനത്താണ്. എങ്കിൽ പറയും നിങ്ങൾ ഭരിച്ചിട്ടില്ലേ എന്ന്. ഭരിച്ചു, ഞങ്ങളും ഭരിച്ചു. ഞങ്ങൾ ഭരിച്ചപ്പോഴുണ്ടായ തെറ്റുകൾ കൊണ്ടാണല്ലോ നിങ്ങൾക്ക് ജനങ്ങൾ അധികാരം നൽകിയത്, അംഗീകാരം നൽകിയത്. നിങ്ങൾ അധികാരത്തിൽ വന്നിട്ട്, മുമ്പ് 12-ാം സ്ഥാനത്ത് നിന്ന നമ്മുടെ സംസ്ഥാനം ഇന്ന് ഇന്ത്യയിൽ വികസന കാര്യത്തിൽ 16-ാം സ്ഥാനത്ത് നിൽക്കുന്നു. അതിന്റെ ഉത്തരവാദിത്വം ഇവിടെ ഭരിച്ചിരുന്ന മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണിക്കാണോ? അതിനുമുമ്പുള്ള ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

കരുണാകരനാണോ. മൂന്നു വർഷം ഭരിച്ചിട്ട് നിങ്ങൾക്ക് യാതൊരു ഉത്തരവാദിത്വവും ഇല്ലേ? മനോഹരമായ ഭാഷയിൽ ഇങ്ങനെ കുറേ അപവാദങ്ങൾ മാത്രം പറഞ്ഞാൽ പോരാ. ബീഹാറിനെക്കാൾ ഉയർന്ന ക്രൈം കേരളത്തിൽ വന്നിരിക്കുന്നു എന്ന് ഞങ്ങൾ പറയുന്നതാണോ? ബീഹാറിന്റെ കണക്ക് നമ്മുടെ കൈയിലില്ല. ഇവിടെ ശ്രീ. പി.സി. ജോർജ്ജ് വച്ച കണക്കല്ല ഞാൻ പറയുന്നത്, ബീഹാറിനെക്കാൾ വലിയ ക്രൈം നിരക്ക് കേരളത്തിലാണ്. നമുക്കെന്തു വേണം, നമ്മുടെ സർവ്വകലാശാലകൾ, മാർക്സിസ്റ്റ് പാർട്ടി ഓഫീസുകൾ, നമ്മുടെ കാർഷികമേഖല ഓരോന്നും എടുത്താൽ ഇന്ന് കേരളീയന്റെ ഏക ആശ്വാസമെന്നു പറയുന്നത് എന്താ? ആഴ്ചയിൽ ഒരിക്കൽ ഒരു ടെലിവിഷനിലൂടെ, ഒരു ഇലക്ട്രോണിക് മീഡിയയിൽകൂടി കേരളത്തിലെ മുഖ്യമന്ത്രിയുടെ പരിപാടി കാണാൻ പോകുന്നതുമാത്രമാണ് ഒരു കേരളീയന്റെ ഏക ആശ്വാസം. ആദിവാസി ഭൂമികളിലൊക്കെ പട്ടിണികൊണ്ട് ആളുകൾ മരിക്കുമ്പോൾ 35 കോടി രൂപ ചെലവാക്കി ഒരു പുതിയ ഇലക്ട്രോണിക് ടി.വി.ചാനലിനെക്കുറിച്ച് ആലോചിക്കുന്ന പ്ലാനിംഗ് ബോർഡാണല്ലോ നമുക്ക് കേരളത്തിൽ ഉള്ളത്. നമ്മൾ ജനങ്ങളെ മറന്നിരിക്കുന്നു. ഇവിടെ ലോറി സമരം വന്നപ്പോൾ ധാരാളം പച്ചക്കറി കൊണ്ടുവരുന്നതിനുവേണ്ടി ട്രാൻസ്പോർട്ട് ബസുകൾ തമിഴ്നാട്ടിലേക്ക് വിട്ടു. അതിനുമുമ്പ് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലും, കേരളത്തിലെ മുഖ്യമന്ത്രിയും പറഞ്ഞു ആയിരം കോടി രൂപയുടെ പച്ചക്കറി കേരളത്തിൽ ഉണ്ടായിരിക്കുന്നു എന്ന്. ഇവിടെ ലോറി സമരം വന്നപ്പോൾ തമിഴ്നാട്ടിൽ നിന്നും ലോറി വരാതായപ്പോൾ കേരളത്തിലുള്ള ഏതെങ്കിലും ഗ്രാമത്തിലേക്ക്, കേരളത്തിന്റെ സംസ്ഥാന വകുപ്പിന്റെ ഏതെങ്കിലും ഒരു ട്രാൻസ്പോർട്ട് ബസ്സോ, വാനോ കേരളത്തിലെ നാട്ടിൻപുറങ്ങളിലെ പച്ചക്കറി മേഖലയിലേക്ക് പച്ചക്കറി കൊണ്ടുവരാൻ കൊണ്ടുവന്നോ, അതിന്റെ അർത്ഥം അതൊക്കെ പൂർണ്ണമായി തെറ്റായിരുന്നു എന്നല്ല, അതുകൊണ്ടല്ല ഞാൻ പറഞ്ഞത്. പെട്ടെന്ന് ഞാൻ ഓർത്തു എന്നുള്ളത് മാത്രമേയുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട ടി.കെ. ബാലൻ പ്രസംഗിച്ചപ്പോൾ അദ്ദേഹം കുറച്ച് രാഷ്ട്രീയം പറയാനുണ്ടെന്ന് പറഞ്ഞു, നല്ലത്. അങ്ങ് രാഷ്ട്രീയം പറഞ്ഞു, ഞാൻ കണ്ണൂരിന്റെ കാര്യം പറയുമെന്ന് പ്രതീക്ഷിച്ചു. എരിതീ ആളിക്കത്തിക്കുന്നതിനു വേണ്ടിയല്ല, കണ്ണൂരിൽ പ്രശ്നമുണ്ടായപ്പോൾ ഇവിടെ ആരോ പറഞ്ഞു ഞങ്ങളും ബി.ജെ.പി.യുമായുള്ള ബന്ധം. സ്വാതന്ത്ര്യത്തിനുമുമ്പും അതിനുശേഷവും എല്ലാ കാലഘട്ടങ്ങളിലും ബി.ജെ.ബി.യുടെ സവർണ്ണ ഫാസിസത്തിനെതിരായും, ബി.ജെ.പി.യുടെ തെറ്റുകൾക്ക് എതിരായും അവന്റെ ചാതുർവർണ്ണ്യത്തിനെതിരെയും ഇന്ത്യയിൽ പോരാട്ടം നടത്തിയ ഏക രാഷ്ട്രീയ പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. മഹാത്മാഗാന്ധിജിയെ നഷ്ടപ്പെട്ടവരാണ് ഞങ്ങൾ, ഞങ്ങളോടാണോ ഇത്? നിങ്ങൾക്ക് ബി.ജെ.പി.ക്കാരുമായുള്ള പോയിന്റാ അത്. ഇന്ത്യയിൽ എമ്പാടും ഈ ബി.ജെ.പി. യോട് പോരാടുന്നത് കോൺഗ്രസ്സാണ്. ബി.ജെ.പിയുടെ അക്രമത്തെയും, നിങ്ങളുടെ അക്രമത്തെയും ഞങ്ങൾ തള്ളിപ്പറയുന്നു. മുഖ്യമന്ത്രി പറയട്ടെ, മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനുവേണ്ടി യു.ഡി.എഫ്. പങ്കെടുത്തു എന്നു വേണ്ട. എന്റെയും ശ്രീ. തെന്നല ബാലകൃഷ്ണപിള്ളയുടെയും ശ്രീ. കുഞ്ഞാലിക്കുട്ടിയുടെയും, ശ്രീ. കെ.എം. മാണിയുടെയും, ശ്രീ. ജോണി നെല്ലൂരിന്റെയും നിലപാട് എന്തായിരുന്നു. ഞങ്ങൾ നല്ല നിലപാടെടുത്തു. കേരളത്തിലെ പ്രതിപക്ഷ നേതാവ് ശ്രീ. എ.കെ ആന്റണിയാണ് കണ്ണൂരിൽ ആദ്യം എത്തുന്ന നേതാവ്. ഞാനും, ശ്രീ. ഉമ്മൻ ചാണ്ടിയും അടങ്ങുന്ന ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ എല്ലാ വീടുകളിലും പോയി. കേരളത്തിന്റെ മുഖ്യമന്ത്രി ആരാ? കേരളത്തിലെ മുഖ്യമന്ത്രിയാണ്, അദ്ദേഹം തലശ്ശേരിയിലെ എം.എൽ.എ.യാണ്. ഈ നിമിഷംവരെ ആ സ്ഥലത്ത് വ്രണങ്ങൾ ഉണക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രീ അങ്ങ് പോയോ? കയ്യൂരിലെ സമരനായകൻ, എന്തുകൊണ്ട് പോയില്ല? അങ്ങ് പോകണമായിരുന്നു. വേറൊന്നുകൂടി സംസ്ഥാനത്ത് കുറേ മന്ത്രിമാർ ഉണ്ടല്ലോ, ശ്രീ. എ.സി. ഷൺമുഖദാസ് പോയി ജാഥയിൽ പങ്കെടുക്കാൻ. സ്കൂളിന്റെ പടിക്കൽ മാത്രം ശ്രീ. പി.ജെ. ജോസഫ് പോയി. സംസ്ഥാന മന്ത്രിമാർ ശ്രീ. ടി.കെ. രാമകൃഷ്ണനും, ശ്രീ. കെ.ഇ. ഇസ്മയിലും പാനൂരിൽ പോകുന്നതിന് സിനിമാതാരങ്ങളുടെ സാന്നിദ്ധ്യം വേണ്ടിവന്നു. നാണമില്ലേ നിങ്ങൾക്കും സുരേഷ് ഗോപിയുടെയും മമ്മൂട്ടിയുടെയും മോഹൻലാലിന്റെയും സുന്ദരിമാരായ നടികളുടെയും സാന്നിദ്ധ്യത്തിൽ മാത്രം പാനൂരിൽ കാൽ ചവിട്ടിയ കേരളത്തിലെ മന്ത്രിമാർ ഈ നാടിന് അപമാനമാണ്. യാതൊരു സംശയവുമില്ല. നിങ്ങൾ ജനനായകൻമാർ എന്തുകൊണ്ട് പോയില്ല, നിങ്ങൾക്ക് പോകാൻ കഴിഞ്ഞില്ല. വേറൊന്ന് നമ്മൾ കേരളത്തിലെ രാഷ്ട്രീയക്കാർ വലിയ ഒരു കാപട്യം കാണിക്കുന്നു. രാഷ്ട്രീയക്കാരുടെ കാപട്യമുണ്ടല്ലോ, കണ്ണൂർ അങ്ങയുടെ അദ്ധ്യക്ഷതയിൽ നമ്മൾ അനുരഞ്ജന സമ്മേളനം ചേരുമ്പോൾ നാം എണീറ്റ് ഒരു അനുശോചന പ്രമേയം പാസാക്കി. ബി.ജെ.പി.ക്കാരും സി.പി.എം.കാരും യു.ഡി.എഫ് കാരുമായ ആളുകൾ എണീറ്റുനിന്ന് ഒരു മിനിറ്റ് മൗനം ആചരിച്ചത് എന്തിനാണെന്നറിയാമോ? മാർക്സിസ്റ്റുകാർ കൊന്ന ബി.ജെ.പി. ക്കാരന്റെ ആത്മാവിന് നിത്യശാന്തി നേരാൻ. അതുപോലെ ബി.ജെ.പി.ക്കാർ കൊന്ന മാർക്സിസ്റ്റുകാരന്റെ ആത്മാവിന് നിത്യശാന്തി നേരാൻ. നാം നടത്തിയ ആ അനുശോചന യോഗം ഉണ്ടല്ലോ അതൊരു കാപട്യമായിരുന്നു എന്നല്ലെ പിന്നീടുണ്ടായ സംഭവങ്ങൾ തെളിയിച്ചത്. ആ നിലയിലേക്ക് കണ്ണൂർ രാഷ്ട്രീയം പോകാതിരിക്കണമെങ്കിൽ സത്യസന്ധമായ ഒരു സമീപനം വേണം. നിങ്ങൾ ആരെയെങ്കിലും അറസ്റ്റ് ചെയ്തോ? അവിടെ നമ്മൾ ഒത്തുതീർപ്പ് ഉണ്ടാക്കി. സമാധാന ജാഥ നടത്തി ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ ബി.ജെ.പി.ക്കാർ തിരുവനന്തപുരത്ത് ധർണ്ണ നടത്തി. എന്തിന്, അവർ പറഞ്ഞു ജയകൃഷ്ണന്റെ പ്രതികളെ പിടികിട്ടിയിട്ടില്ല. ജയകൃഷ്ണന്റെ പ്രതികൾ മാത്രമാണോ? ഈ സഭ കേൾക്കണം അതിൽ ഒരു തമാശയുള്ളത്, ഞങ്ങൾക്ക് അതിൽ വിഷമമുണ്ട്, ഞങ്ങൾ പ്രസ്താവന ഇറക്കിയതാണ്, ഞങ്ങൾ പ്രതിഷേധിച്ചതാണ്. ശ്രീ. ജയരാജൻ പാർട്ടിയിലെ പ്രധാനപ്പെട്ട ഒരു നേതാവാണ്, ശ്രീ. ജയരാജനെ, അദ്ദേഹം മരിച്ചില്ലെന്നു മാത്രമേയുള്ളൂ. വളരെ ഗുരുതരമായി ശ്രീ. ജയരാജനെ വെട്ടി പരിക്കേൽപ്പിച്ച പ്രതികളെ അറസ്റ്റു ചെയ്യുവാൻ ഈ ഗവൺമെന്റിന് താൽപ്പര്യമില്ല, എന്തുകൊണ്ടാണെന്നറിയാമോ, നിങ്ങൾക്ക് പ്രതികളെയല്ല വേണ്ടത്, നിങ്ങൾക്കവന്റെ ശിരസ്സ് വേണം, രക്തസാക്ഷികളെ വേണം. അതുകൊണ്ട് നിങ്ങൾ അതിന്റെ പ്രതികളെയും അറസ്റ്റുചെയ്തില്ല. ഞാൻ പറഞ്ഞത് നിങ്ങൾ ആ പ്രതികളെ അറസ്റ്റ് ചെയ്യാതിരിക്കുമ്പോൾ, ഒരു ഭാഗത്ത് ആ പ്രതികളെ തേടി രഹസ്യമായി നിങ്ങളുടെ ചാരൻമാർ നടക്കുമ്പോൾ തങ്ങളുടെ ജയകൃഷ്ണൻ മാസ്റ്ററെ കൊന്ന പ്രതികളെ അറസ്റ്റുചെയ്യാൻവേണ്ടി ബി.ജെ.പി.ക്കാർ സമരം നടത്തുന്നു. കണ്ണൂർ കളക്ടറേറ്റിന്റെ ഇടനാഴികൾ ഇറങ്ങിവന്ന് സി.പി.എം.ന്റെയും, ബി.ജെ.പി.യുടെയും നേതാക്കന്മാർ ആർത്തുലഞ്ഞ് കെട്ടിപ്പിടിച്ചിരിക്കുന്ന ഒരു ചിത്രം, അടുത്ത അന്താരാഷ്ട്ര ഫോട്ടോഗ്രാഫി മത്സരത്തിൽ അതിന് ഒന്നാം സമ്മാനം കിട്ടും, സംശയം വേണ്ട. അടുത്ത അന്താരാഷ്ട്ര ഫിലിം ജേർണലിസ്റ്റുകളുടെ ഫോട്ടോഗ്രാഫി മത്സരത്തിൽ ഒന്നാം സമ്മാനം കിട്ടാ

LIBRARY ARCHIVES Kerala Legislative Assembly

വുന്ന ഒരു പടം എന്നുപറയുന്നത് കണ്ണൂർ കളക്ടറേറ്റ് ഇടനാഴികൾ ഇറങ്ങിവ രുന്ന, ബി.ജെ.പി.യുടെയും മാർക്സിസ്റ്റു പാർട്ടിയുടേയും നേതാക്കൻമാർ ആർത്തുലഞ്ഞുനിൽക്കുന്ന ചിത്രങ്ങളും കെട്ടിപ്പിടിത്തവും ആയിരിക്കും. എന്തിനീ നാടകം? എന്തിന് നിങ്ങൾ ഈ നാടകം നടത്തുന്നു? ഈ ഗവൺമെന്റിന് ഇത് അപകടമാണ്. ബി.ജെ.പി.ക്ക് എതിരായും, വർഗ്ഗീയവാദി കൾക്കെതിരായും സംസാരിച്ചാൽ പോരാ, ആത്മാർത്ഥമായ സമീപനം വേണം. ഈ ഗവൺമെന്റ് നയിക്കുന്ന മാർക്സിസ്റ്റു പാർട്ടിയുടെ ഒരു കള്ള ക്കളി ഈ നിയമസഭയിൽ നമ്മൾ കണ്ടു. ആദ്യം നിങ്ങൾ മതസ്ഥാപനങ്ങളെ ഭീഷണിപ്പെടുത്തും, പിന്നെ നിങ്ങൾ ആളുകളെ വിടും. നിങ്ങൾ ഓരോന്നിനും ഓരോരുത്തരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഇത് വൃത്തികെട്ട സമീപന മാണ്, തെറ്റാണ്, വൃത്തികെട്ട രാഷ്ട്രീയമാണത്. മറ്റേത് സാമുദായിക വാദിക ളെക്കാളും, മത തീവ്രവാദികളെക്കാളും മതപരമായ കാര്യങ്ങൾക്ക് നിങ്ങൾ ആളുകളെ ഭീഷണിപ്പെടുത്തുകയും, ഒരുഭാഗത്ത് അവരെ പീഡിപ്പിക്കുകയും ചെയ്യുന്നു. ചില വിഭാഗങ്ങളെ പിടിക്കുവാൻ ഡോ. സെബാസ്റ്റ്യൻ പോളിന്റെ ഇന്നത്തെ പ്രമേയം, വേറെ ചിലതിന് നിങ്ങൾക്ക് ശ്രീ. ലോനപ്പൻ നമ്പാടന്റെ പ്രമേയം. ഇത് തെറ്റാണ്. ഡെൽഹിയിലെ ക്രൈസ്തവ ദേവാലയങ്ങളിൽ അവിടെ കുർബാന സമയത്ത് വീഞ്ഞ് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് പ്രശ്നം വന്നു. നമ്മളെല്ലാം ശക്തമായി പ്രതിഷേധിച്ചു. ഡോ. സെബാസ്റ്റ്യൻ പോൾ അവതരിപ്പിച്ച പ്രമേയത്തെ ഈ സഭ മുഴുവൻ ഉൾക്കൊണ്ടുകൊണ്ട് ഏകകണ്ഠമായി അത് പാസാക്കണമായിരുന്നു. ഇന്ത്യാ മഹാരാജ്യമെന്നു പറ യുന്നത് ആരുടെയും കുത്തകയൊന്നുമല്ല, ഒരു മഹാഭൂരിപക്ഷത്തിന്റേതും അല്ല. എന്നുമാത്രമല്ല മത ന്യൂനപക്ഷങ്ങളുടെയും, പിന്നോക്ക സമുദായങ്ങളു ടെയും ജീവിതം ഈ രാജ്യത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനു വേണ്ടി ജീവൻ ബലികൊടുത്ത രാഷ്ട്രീയ പ്രസ്ഥാനമാണ് ഇന്ത്യൻ നാഷ ണൽ കോൺഗ്രസ്. ഞങ്ങൾ അതിൽ അഭിമാനിക്കുന്നു. കഴിഞ്ഞ ദിവസം ശ്രീ. ലോനപ്പൻ നമ്പാടന്റെ പ്രമേയം എന്തിനായിരുന്നു? ക്രൈസ്തവ സഭയിലെ ഒരു വികാരി ഒരു തെറ്റ് ചെയ്താൽ സഭയുടെ മുഴുവൻ തെറ്റാണോ അത്? ഒരു സബ്മിഷൻ കൊണ്ടുവന്നിട്ട് അതിന് മുഖ്യമന്ത്രിയുടെ മറുപടി. എന്തിനാണെ ന്നറിയാമോ, ഒരുവിഭാഗം ആളുകളെ കയ്യിലെടുക്കുവാൻ, ഡോ. സെബാസ്റ്റ്യൻ പോളിന്റെ പ്രമേയം വേറൊരു വിഭാഗത്തെ കൈയ്യിലെടുക്കുവാൻ. ശ്രീ. ലോനപ്പൻ നമ്പാടന്റെ മത സ്ഥാപനങ്ങൾക്ക് എതിരെയുള്ള ഭീഷണി, ഇത് വളരെ ചീപ്പാണ്. ഇതൊരു രാഷ്ട്രീയ പ്രസ്ഥാനത്തിന് ചേർന്നതല്ല.

ഇത്രയധികം പരാധീനതകളും പ്രശ്നങ്ങളും ഉള്ള കേരളത്തിൽ-- എല്ലാം പറഞ്ഞ കാര്യങ്ങളാണ്, മാനവീയത്തെ വീണ്ടും എടുത്തുപറയാൻ വേണ്ടിയല്ല, സർ, മാനവീയം ഇന്നലെ മാറ്റിവച്ചു, സർ, എന്തിനുവേണ്ടിയാണ് മാനവീയം? ജനങ്ങൾക്ക് ഒരു ക്ലാരിറ്റി വേണ്ടേ? മാനവീയത്തെക്കുറിച്ച് ഗവൺമെന്റിന്റെ സമീപനമെന്താണ്, സർ? സംഭവബഹുലമായ ഈ നൂറ്റാ ണ്ടിനെ യാത്രയാക്കുന്നതോടൊപ്പം മാനവരാശിയുടെ ഭാഗധേയം തിരുത്തിക്കു റിക്കുവാൻ പോന്ന ഒരു പുതിയ യുഗത്തിനെ വരവേൽപ്പു നടത്താൻ കേരളീ യസമൂഹം ഒന്നുചേർന്നു നടത്തുന്ന തയ്യാറെടുപ്പാണ് മാനവീയം. എനിക്ക് അർത്ഥം മനസ്സിലായില്ല, വേറൊന്ന് ശ്രീ.ഒ.എൻ.വി. കുറുപ്പ് പറയുന്നത്, നാം കേരളീയരാണ്, ഭാരതീയരാണ്, പിന്നെ വിശ്വപൗരനാണ്, നാം വിശ്വപൗര രായി ഉയരുക, വിശ്വമാനവത വളർത്തുക എന്നതാണ് ഈ മാനവീയം കൊണ്ടുദ്ദേശിക്കുന്നത് എന്നാണ്. സർ വി.എസ്.അച്യുതാനന്ദൻ പറയുന്നു, ജനകീയാസൂത്രണം വേറെ, മാനവീയം വേറെ, രണ്ടും രണ്ടാണ്, നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹസ്രാബ്ദത്തെ യാത്രയാക്കാനും പുതിയ സഹസ്രാബ്ദത്തെ വര വേൽക്കാനും വേണ്ടിയുള്ള വെറും പരിപാടി മാത്രമാണ് മാനവീയം. ശ്രീ. ടി. കെ. രാമകൃഷ്ണൻ പറയുന്നു, ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടമാണ് മാനവീയം. ആണോ സർ? എന്റെ സുഹൃത്തായ ശ്രീ. പന്ന്യൻ രവീന്ദ്രൻ പറയുന്നു, വർണ്ണ-വർഗ്ഗ, ജാതി-മത ചിന്തയോ വിവേചനമോ ഇല്ലാത്ത ഒരു പുതിയ പ്രസ്ഥാനം നമുക്ക് വളർത്തിയെടുക്കുക, അതാണ് മാനവീയം. സർ, ഇതെല്ലാം ജനങ്ങളുടെ പണമാണ്. ഇതൊക്കെ പത്രങ്ങളിൽ വന്നതു മാത്രമല്ല, ഈ മാനവീയം എന്തിനുവേണ്ടിയുള്ളതാണ്? ഗവൺമെന്റ് പണമാണ്. ഇവിടെ അരി വാങ്ങിക്കാൻ പണമില്ലാതെ, തുണി വാങ്ങിക്കാൻ പണമില്ലാതെ മരുന്നു വാങ്ങിക്കാൻ പണമില്ലാതെ, വൈദ്യുതി ചാർജ്ജിനുള്ള പണമില്ലാതെ ഒന്നിനും പണമില്ലാതെ ഇങ്ങനെ നിൽക്കുന്ന ഘട്ടത്തിൽ, ഗവൺമെന്റും ധനമന്ത്രിയും ബുദ്ധിമുട്ടുമ്പോൾ കോടികളുടെ ആർഭാടം മാനവീയത്തിനുവേണ്ടി എന്തിനാണ് കാണിക്കുന്നത്? തനതുകലയുടെ സംസ്കാരം-എന്തു സംസ്കാരം? മാനവീയത്തെ സംബന്ധിച്ച് മറ്റൊന്നുകൂടിയുണ്ടായി, കേരളത്തെ അപമാനിക്കുന്ന ഒന്നാണ് അത്. മാനവീയം മാറ്റിവച്ചത് എന്തുകൊണ്ട് ഇൻഡ്യൻ പ്രസിഡന്റായിരുന്ന ശ്രീ. ശങ്കർദയാൽ ശർമ്മ അന്തരിച്ചതുകൊണ്ടല്ലേ? മാനവീയത്തിന്റെ ഭാഗമായി ഇന്നലെ മൂസിയം ആഡിറ്റോറിയത്തിൽ എം.എഫ്. ഹുസൈന്റെ ചിത്രരചന സംഘടിപ്പിച്ചു. ഹുസൈൻ വിശ്വപ്രസിദ്ധനായ ഒരു ചിത്രകാരനാണ്. യാതൊരു ബഹുമാനക്കുറവുമില്ല, പക്ഷെ അദ്ദേഹത്തിന് ബഹുമാനക്കുറവുണ്ട്. ഇൻഡ്യൻ സ്ത്രീത്വത്തിന്റെ എല്ലാ തലങ്ങളും ഭാവശുദ്ധിയും നിലനിൽക്കുന്നത് മാധുരിദീക്ഷിത്തിലാണ് എന്നു പറയുന്നതിൽ അഭിപ്രായവ്യത്യാസമുണ്ട്, പക്ഷെ അദ്ദേഹം വലിയ ചിത്രകാരനാണ്. ഇന്നലെ സംസ്ഥാനഗവൺമെന്റിന്റെ ചെലവിൽ മാനവീയം പരിപാടിയുമായി ബന്ധപ്പെട്ട് എം.എഫ്. ഹുസൈൻ ഉദ്ഘാടനം ചെയ്ത പരിപാടി എന്തിന്റെ അടിസ്ഥാനത്തിലാണ് നടത്തിയത്? അത് ഉദ്ഘാടനം ചെയ്തത് ശങ്കർദയാൽ ശർമ്മയെ അപമാനിക്കൽ ആയിരുന്നു, ഈ നാടിന്റെ സമ്പ്രദായങ്ങളെ അപമാനിക്കൽ ആയിരുന്നു. ഏഴുദിവസം ദുഃഖാചരണം നടത്തുന്ന ഇൻഡ്യയിലും കേരളത്തിലും സംസ്ഥാനഗവൺമെന്റിന്റെ ഭാരവാഹികൾ ചേർന്നുകൊണ്ട് മാനവീയം പരിപാടിയുടെ ഭാഗമായ ചിത്രപ്രദർശനം ഉദ്ഘാടനം ചെയ്തതിന് ഈ സഭയിൽ ബന്ധപ്പെട്ട ആളുകൾ മാപ്പു പറയണം. അങ്ങനെ അനാവശ്യമായ ചെലവുകൾക്കുവേണ്ടി, അനാവശ്യമായ ആർഭാടങ്ങൾക്കുവേണ്ടി മാനവീയം പോലുള്ള തട്ടിപ്പുകൾക്ക് പണം ചെലവഴിക്കുന്നതിനുവേണ്ടിയുള്ള ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

4. P M

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ ബഹുമാനപ്പെട്ട സി.ടി. അഹമ്മദ് അലി സൂചിപ്പിച്ച നികുതിയുടെ ഫ്ളാറ്റ്റേറ്റിനെ സംബന്ധിച്ച് പ്രശ്നമുണ്ട്. അത് വ്യാപാരികളുമായി ചർച്ചചെയ്യണം എന്ന് അദ്ദേഹം നിർദ്ദേശിക്കുകയുണ്ടായി. നല്ല ഒരു നിർദ്ദേശമാണ്. പക്ഷെ നികുതിയുടെ ഈ Floor rates അത് 1994-ലെ ധനകാര്യമന്ത്രിമാരുടെ സബ്കമ്മിറ്റി തീരുമാനിച്ച് അവർ ശുപാർശ ചെയ്തതാണ്. അത് ഇപ്പോഴത്തെ ധനകാര്യമന്ത്രിമാരും മുഖ്യമന്ത്രിമാരും സംയുക്തയോഗത്തിൽവച്ച് ഏകകണ്ഠമായി അംഗീകരിച്ചതാണ്. 1-1-2000 തൊട്ട് നടപ്പിലാക്കണമെന്നും തീരുമാനിച്ചു. അതുകൊണ്ട് ഫ്ളോർറേറ്റ് ആ രീതിയിൽ നമ്മൾ നടപ്പിലാക്കണം. നമുക്ക് ഈ ടൈം ഫ്രെയിം വളരെ പ്രധാനമാണ്. അതിൽ വല്ല അനോമലിയുമുണ്ടെങ്കിൽ നിശ്ചയമായും ബന്ധപ്പെട്ടവരായിട്ടെല്ലാം ചർച്ച ചെയ്ത് അദ്ദേഹം നിർദ്ദേശിച്ചതുപോലെ ഫിനാൻസ് ബില്ലിൽ നമുക്ക് ഭേദ

ഗതി വരുത്താവുന്നതേയുള്ളൂ. We have to do it. നമ്മൾ കമ്മിറ്റഡ് ആണ്. ഐകകണ്ഠ്യേനയുള്ളതാണ്. നമ്മളുടെ വിഷമങ്ങളും മോണിറ്ററിംഗ് കമ്മിറ്റിക്ക് വല്ല അനോമലിയും ഉണ്ടെങ്കിൽ അതും പറയുകയും ചെയ്യാം. അത് അനുസരിച്ച് ചെയ്യാൻ പറ്റും. അതുകൊണ്ട് ഈ ആശങ്ക ആവശ്യമില്ല. ഇതു തന്നെ ഒരു കൊല്ലത്തേയ്ക്ക് ഉള്ളതാണ്. ഈ ഫ്ളോർറേറ്റ് ഇന്റിം അറേഞ്ച്മെന്റാണ്. 1-4-2001-ൽ വാല്യൂ ആഡസ് ടാക്സ് നടപ്പിലാക്കാൻ പോകുകയാണ്. വാല്യൂ ആഡഡ് ടാക്സ് 1-4-2001-ൽ നടപ്പിലാക്കുന്നതുവരെയുള്ള സംസ്ഥാനങ്ങൾ തമ്മിലുള്ള 'ടാക്സ് റേറ്റ് വാർ' അവസാനിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു ഇന്റിം അറേഞ്ചുമെന്റാണ് ഫ്ളോർറേറ്റ്. വാല്യൂ ആഡഡ് ടാക്സ്, വന്നാൽ പിന്നെ അനോമലി ഉണ്ടാകുകയില്ല. വാല്യൂ ആഡസ് ടാക്സ് എന്താണ്, എങ്ങനെയാണ് എന്ന് വ്യാപാരികളെ മനസ്സിലാക്കുക. മാനുഫാക്ചറേഴ്സിന് ആക്ഷേപം ഉണ്ടാകുകയില്ല. വ്യാപാരികൾക്ക് ചില സംശയങ്ങൾ വാല്യൂ ആഡഡ് ടാക്സിനെ സംബന്ധിച്ച് ഉണ്ടാകും. ഏതായാലും നികുതിവെട്ടിപ്പ് സമ്പൂർണ്ണമായി അല്ലെങ്കിലും ഒരു തൊണ്ണൂറ്റി യൊമ്പത് ശതമാനംവരെ തടയാൻ കഴിയും. ഈ വാല്യൂ ആഡഡ് ടാക്സിലേയ്ക്കുള്ള ഇന്റിം അറേഞ്ചുമെന്റാണ് ഫ്ളോർറേറ്റ്. അതുകൊണ്ട് വല്ല പാകപ്പിഴകളും വന്നിട്ടുണ്ടെങ്കിൽതന്നെ നമുക്ക് പരിഹരിക്കാവുന്നതേയുള്ളൂ. പിന്നെ ഞാൻ ഇവിടെ വന്ന ചില പ്രശ്നങ്ങൾക്ക് മാത്രം മറുപടിയല്ല, ക്ലാരിഫിക്കേഷൻ തരുന്നതേയുള്ളൂ. ഉപനിഷത്തിൽപ്പോലും I am trying to answer എന്നേ പറയുന്നുള്ളൂ. I am answering എന്നുപറയുന്നില്ല. ആർക്കും ഒരു ചോദ്യത്തിനും പെർഫക്ട് ആൻസർ ഇല്ലാത്തതുകൊണ്ടാണ്. ബഹുമാനപ്പെട്ട ശ്രീ. ജോണി നെല്ലൂർ എന്നെ ഒരു തകർന്ന തറവാടിന്റെ കാര്യസ്ഥനായി ചിത്രീകരിച്ചു, സാരമില്ല, ഞാൻ കാര്യസ്ഥനാണ്. അതല്ല ഞാൻ പറയാൻ പോകുന്നത്. പക്ഷെ ഈ കേരളത്തിലെ ജനങ്ങളുടെ കാര്യങ്ങൾ നോക്കാൻ അവർ നിശ്ചയിച്ച ഒരു കാര്യസ്ഥനാണ് ഞാൻ. കെടുകാര്യം ചെയ്താൽ യജമാനന്റെ പവർ ഓഫ് അറ്റോർണി റദ്ദാക്കും. അത് അഞ്ചു വർഷമാണ്. അപ്പോൾ കെടുകാര്യം ചെയ്തില്ലെങ്കിലോ? പൂർവ്വാധികം ശക്തിയായി തിരിച്ചുവരും. കെടുകാര്യം ചെയ്തവർ ഇപ്പുറത്തുനിന്ന് അപ്പുറത്തുപോയി ഇരക്കുന്നതു കണ്ടോ?, അതാണ് യജമാനന്റെ പവർ. അതാണ് ഞാൻ പറഞ്ഞത് കെടുകാര്യം ചെയ്താൽ കാര്യസ്ഥന്റെ പദവി റദ്ദാക്കും. റദ്ദാക്കിയതിന്റെ അനന്തര ഫലമാണല്ലോ ഇപ്പോൾ അവിടെയിരിക്കുന്നത്. ഞങ്ങളും നിങ്ങളുടെ വഴിക്കുപോയാൽ അവിടെയിരിക്കും. നിങ്ങളുടെ വഴിക്കു പോകുകയില്ല, നിങ്ങളുടെ വഴിക്കുപോയാൽ നിങ്ങൾ എത്തിയിടത്ത് എത്തും. ആ വഴിക്ക് പോകാൻ പറ്റുകയില്ല. അതുകൊണ്ട് ഈ രാജ്യത്തെ ജനങ്ങൾ നിശ്ചയിച്ച കാര്യസ്ഥൻ എന്നുള്ള നിലയ്ക്ക് അഭിമാനമുണ്ട്, ജനങ്ങളുടെ യജമാനനാകാൻ മന്ത്രിതയ്യാറല്ല. ഒരു ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങൾ രാജാവും മന്ത്രി കാര്യസ്ഥനുമാണ്. അതിൽ എനിക്ക് അഭിമാനമുണ്ട്, ഈ രീതിയിലുള്ള പരാമർശം നടത്തിയതിന് ശ്രീ. ജോണി നെല്ലൂരിന് എന്റെ പൂച്ചെണ്ടുകൾ. വാസ്തവത്തിൽ ഞാൻ വളരെ സന്തോഷമായിട്ട് പറയുകയാണ്. ഞാൻ പല ദിക്കിലും സംസാരിക്കാറുണ്ട് അത്. പിന്നെ മറ്റൊരു കാര്യം ഇവിടെ മിസ്മാനേജുമെന്റിനെക്കുറിച്ച് പലരും പറഞ്ഞു, ഇവിടെ ശ്രീ. കാർത്തികേയൻ പറഞ്ഞ ഒന്നുരണ്ടു പോയിന്റിന് വളരെക്കുറച്ച് മറുപടി പറയാം, സാധാരണ പതിവ് നീട്ടി പ്രസംഗിക്കലാണ്, ഇവിടെ ധന മാനേജുമെന്റ് വളരെ കുഴപ്പമാണ് എന്നാണ് പറഞ്ഞത്, ഞാൻ ഒരു ചെറിയ കാര്യം ചോദിക്കുകയാണ്, ഉത്തര

LIBRARY ARCHIVES Kerala Legislative Assembly

ത്തിനുവേണ്ടിയല്ല, നിങ്ങൾ വീട്ടിൽപോയി സ്വയം ചോദിക്കണം.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. വിശ്വൻ)

സർ, ഞാൻ പറയുന്നത് ഇവിടത്തെ റവന്യൂ എക്സ്പെൻഡിച്ചർ വർദ്ധിക്കുന്നതിന് ഒരു പ്രധാന കമ്പോണന്റ് സാലറി ഇൻക്രീസാണ്. 1200 കോടിരൂപയാണ്, 1200 കോടി രൂപയെന്ന് പറയുന്നത് റവന്യൂ എക്സ് പെൻഡിച്ചർ വർദ്ധിക്കാൻ ഒരു പ്രധാന ഘടകമാണ്. പക്ഷേ, അപ്പുറത്തിരി ക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കേണ്ടത് കർണ്ണാടക സംസ്ഥാ നത്ത് ഇപ്പോൾ കോൺഗ്രസ്സാണല്ലോ ഭരിക്കുന്നത്. കർണ്ണാടകത്തിൽ ശമ്പളപ രിഷ്കരണമെന്നുള്ള ഒരു ഇടപാടേ ഇന്നുവരെയുണ്ടായിട്ടില്ല. അതൊരു സത്യ മാണ്. അവിടെ പഴയ ശമ്പളമാണ് കൊടുക്കുന്നത്. പിന്നെ നിങ്ങളുടെ പാർട്ടി ഭരിക്കുന്നത് ഒറീസ്സയിലാണ്. ഒറീസ്സയിലെ ശമ്പളം പരിഷ്ക്കരിച്ചത് പറയ ണമോ? ശമ്പളം പരിഷ്ക്കരിച്ചപ്പോൾ 100 രൂപ ശമ്പളത്തിൽ വർദ്ധിച്ചു എന്നിരി ക്കട്ടെ. ആ വർദ്ധിച്ചതിന്റെ 50 ശതമാനമേ കൊടുക്കൂ. ബാക്കി 50 ശതമാനം കൊടുക്കുകയില്ല. അത് ജി.ഒ.യിൽ തന്നെ പറഞ്ഞിട്ടുണ്ട്. എങ്ങനെയുണ്ട് ശമ്പള പരിഷ്ക്കരണം? അങ്ങനെയായിരുന്നുവെങ്കിൽ ഞങ്ങളുടെ സാമ്പ ത്തികസ്ഥിതി എന്ത് ജോറാകുമായിരുന്നു. നാട്ടുകാർക്കും വീട്ടുകാർക്കും ആർക്കും കൊടുക്കുകയില്ലെന്ന് പറഞ്ഞാൽ പൈസയുണ്ടാകും. ഒറീസ്സയിലെ ശമ്പള പരിഷ്ക്കരണത്തിന്റെ ഇൻക്രീസിന്റെ 50 ശതമാനം കൊടുക്കുന്നു. കർണ്ണാടകത്തിൽ നിങ്ങളുടെ പാർട്ടി ഭരിക്കുന്നു. ശമ്പള പരിഷ്ക്കരണം എന്നു ള്ളത് നിങ്ങളുടെ അജണ്ടയിലേയില്ല. മനസ്സിലായോ? ഒറീസ്സയിൽ ശമ്പളം കൊടുത്തിട്ട് എത്ര മാസമായി? പഞ്ചാബിൽ ശമ്പളം കൊടുത്തിട്ട് എത്ര മാസ മായി? അതുപോലെതന്നെ ആന്ധ്രാപ്രദേശ്, ആസ്സാം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, സഹകരണ ബാങ്കിലെ പണമെടു ത്തല്ലേ കൊടുക്കുന്നത്?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, സഹകരണമേഖലയിലെ പണമോ ഞങ്ങളുടെ സേവിംഗ്സ് ബാങ്കിൽ കിടക്കുന്ന പണമോ ഏത് പണമോ ആക ട്ടെ. ഞാൻ പറയുന്നത് സഹകരണ സംഘം ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള പണ മുണ്ട്. പണം സഹകരണ സംഘത്തിന്റെ ഡെപ്പോസിറ്റാണ്. ആ ഡെപ്പോസിറ്റ്- is a liablity.-- അത് ആര്യാടനെന്ന സാമ്പത്തിക വിദഗ്ദ്ധന് അറിയാമല്ലോ. അദ്ദേഹം പി.എ.സി. ചെയർമാനാണ്. എന്റെകൂടെ പി.എ.സി.യിൽ ഉണ്ടായിരു ന്നതാണ്. അദ്ദേഹം കാര്യങ്ങൾ പഠിച്ച് പി.എ.സി.യിൽ പറയുന്ന ആളായതു കൊണ്ട് ഞാൻ പറയുകയാണ്. ഈ കാര്യങ്ങളൊക്കെ മനസ്സിലാക്കണ്ടേ? മന സ്സിലാകാഞ്ഞിട്ടല്ല. ഉറങ്ങുന്നവനെ ഉണർത്താം. പക്ഷേ, ഉറക്കം നടിക്കുന്ന വനെ ഉണർത്താൻ പറ്റില്ല. നിങ്ങളുടെ ഉറക്കം ഉണരാത്ത ഉറക്കമാണ്.

സർ, പിന്നെ ഇവിടെ പറഞ്ഞത് നമുക്ക് ഒരു വരുമാനം നഷ്ടപ്പെട്ടു എന്നാണ്. ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ചാരായനിരോ ധനം നടപ്പിലാക്കി. 1996 ഏപ്രിൽ 1 മുതലാണ് ചാരായ നിരോധനം നടപ്പിലാ ക്കിയത്. 1996 ഏപ്രിൽ 1 മുതലുള്ള 1996-1997 സാമ്പത്തികവർഷം ഭരണത്തിൽ ഞങ്ങളായിരുന്നു. അത് തക്കസമയത്ത് ബുദ്ധിപൂർവ്വം ശ്രീ. എ.കെ. ആന്റണി ചെയ്ത ഒരു കാര്യമാണ്. വരാൻപോകുന്നവർക്ക് 300 കോടിരൂപ നഷ്ടപ്പെടട്ടെ എന്ന് വിചാരിച്ച് വളരെ ബുദ്ധിപൂർവ്വവും ദീർഘദൃഷ്ടിയോടുംകൂടി അദ്ദേഹം കാര്യങ്ങൾ ചെയ്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ചാരായ നിരോധനം നടപ്പിലാക്കിയത് ഇലക്ഷനിൽ വോട്ട് കിട്ടാൻവേണ്ടിയായിരുന്നില്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ് : അല്ല, മരുമകന് ബാർ കൊടുക്കാൻ വേണ്ടിയായിരുന്നു.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഞാൻ അതിന്റെ ധാർമ്മികവശത്തേയ്ക്ക് ഒന്നുമല്ല കടക്കുന്നത്. സാമ്പത്തിക വശത്തേയ്ക്കാണ് കടക്കുന്നത്. അപ്പോൾ ഞങ്ങൾക്ക് മൈനസ് വന്ന ആ പൈസകൂടി ഞങ്ങൾ മേക്കപ്പ് ചെയ്യുകയാണ്.

സർ, പിന്നെ ഡീസലിന് ടാക്സ് കൂട്ടിയപ്പോൾ ഒരുരൂപ ഇവിടെ കൂടുതൽ കിട്ടി. സ്റ്റേറ്റ് സർചാർജ്. അത് നിങ്ങൾക്ക് കൂടുതൽ കിട്ടിയില്ലേയെന്ന് ശ്രീ. കാർത്തികേയൻ ചോദിച്ചു. ശ്രീ. കാർത്തികേയൻ പറഞ്ഞത് ശരിയാണെങ്കിൽ വളരെ കൂടുതൽ കിട്ടും. ശ്രീ. ഉമ്മൻചാണ്ടി ഇത് ചോദിക്കുകയില്ല. കാരണം അദ്ദേഹത്തിന് അറിയാം. 1994-ൽ ഇവിടത്തെ ധനകാര്യ വകുപ്പു മന്ത്രി ആരായിരുന്നു? ശ്രീ. സി.വി. പത്മരാജൻ. ശ്രീ. സി.വി. പത്മരാജൻ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ 1994-ൽ ഗവൺമെന്റ് ഓഫ് ഇൻഡ്യയിലെ പെട്രോളിയം ആന്റ് കെമിക്കൽസ് മന്ത്രികാര്യാലയത്തിൽ നിന്ന്, ചീഫ് സെക്രട്ടറിക്ക് ഒരു കത്ത് വന്നു. അന്ന് അവിടെ ഭരിക്കുന്നത് കോൺഗ്രസ്സാണ്. ചീഫ് സെക്രട്ടറിക്കാണ് കത്ത് വരുന്നത്. ആ കത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ഞാൻ എല്ലാം ഹാജരാക്കാം. ആ കത്തിൽ പറഞ്ഞിരിക്കുന്നത് പെട്രോളിയം കമ്പനി തരേണ്ട മൂന്ന് ടാക്സ് ഉണ്ട്. ഒന്ന് സർചാർജ്. അത് 10% of the Sales Tax. രണ്ടാമത്തേതിന്റെ പേര് ടി.ഒ.ടി. ശ്രീ. ഉമ്മൻ ചാണ്ടി മറ്റെല്ലാ രംഗത്തുമുള്ള ടി.ഒ.ടി. എടുത്തുകളഞ്ഞപ്പോൾ ഓയിലിന്റേയും ലിക്കറിന്റേയും എടുത്തുകളഞ്ഞിട്ടില്ല. ശ്രീ. കാർത്തികേയൻ പറഞ്ഞതിന്റെ കാര്യമാണ് ഞാൻ പറയുന്നത്. ശ്രീ. കാർത്തികേയന് മുഴുവൻ കാര്യവും അറിയാമെങ്കിൽ പറയില്ലല്ലോ. അത് കേട്ടാൽ നിങ്ങൾ ഞെട്ടിപോകും. രണ്ടാമത്തെ ടി.ഒ.ടി. 4 ശതമാനമാണ്. പിന്നെ 6 ശതമാനത്തിന്റെ പേരിൽ പർച്ചേസ് ടാക്സ്. പർച്ചേസ് ടാക്സ് എന്ന് പറഞ്ഞാൽ കേരളത്തിലുണ്ടാകുന്ന സാധനങ്ങൾ മറ്റ് സംസ്ഥാത്ത് കൊണ്ടുപോയി വിറ്റാൽ കിട്ടുന്നതാണ് പർച്ചേസ് ടാക്സ്. അപ്പോൾ, സർചാർജ്, ടി.ഒ.ടി., പർച്ചേസ് ടാക്സ് -- ഈ മൂന്ന് ടാക്സിനെയും ഒന്നിച്ച് ബ്രാക്കറ്റ് ചെയ്ത് റിഫൈനറി കമ്മിറ്റി വിളിക്കുന്നത് സ്റ്റേറ്റ് സർചാർജ് എന്നാണ്. ആ സ്റ്റേറ്റ് സർചാർജ് സ്റ്റേറ്റിന് കിട്ടിക്കൊണ്ടിരുന്നു. അത് ഓയിൽ കമ്പനി നേരിട്ട് തരുന്നതാണ്. That is not passed on to the Consumer. ഉപഭോക്താവിന് പാസ്സ് ചെയ്യുന്നതായിരുന്നില്ല. അത് നേരിട്ട് തരും. കാരണം, ടി.ഒ.ടി. ആക്ട് അനുസരിച്ചും സർചാർജ് ആക്ട് അനുസരിച്ചും അത് പാസ്സ് ചെയ്യാൻ പാടില്ലെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. പർച്ചേസ് ടാക്സ് നമ്മൾ കൊടുക്കേണ്ടതുമല്ല. കാരണം, വേറെ സംസ്ഥാനത്ത് കൊണ്ടുപോയി വിൽക്കുന്നതാണ്. അതുകൊണ്ട് ഈ മൂന്ന് ടാക്സും റിഫൈനറി നേരിട്ട് ഗവൺമെന്റിന് തരുന്നതായിരുന്നു. 1994-ലെ കത്തിൽ പറഞ്ഞിരിക്കുന്നത് എന്താണെന്നറിയാമോ? ഇനി തരില്ല എന്നാണ്. അത് റിഫൈനറി തരുമ്പോൾ ഓയിൽ പൂളിൽ നിന്ന് സബ്സിഡി ഉണ്ടായിരുന്നു. ആ ഓയിൽ പൂളിൽ നിന്നുള്ള സബ്സിഡി ഞങ്ങൾ നിറുത്താൻ പോവുകയാണ്. കത്തിൽ പറഞ്ഞിരിക്കുന്നതാണ്. ഞാൻ പറയുന്നത് കേൾക്കൂ. 1994-ൽ ആ ഗവൺമെന്റിൽനിന്ന് എഴുതി സബ്സിഡി നിറുത്താൻ പോകുന്നു എന്ന്. നിങ്ങൾക്ക് രണ്ട്കൊല്ലത്തെ സമയം തന്നി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. അതിനുള്ളിൽ നിങ്ങൾ ആൾട്ടർനേറ്റ് അറേഞ്ച്മെന്റ് ചെയ്യണമെന്ന് പറഞ്ഞ് കത്ത് കിട്ടി. ആ കത്തിന്മേൽ ഒരു നടപടിയുമെടുക്കാതെ വച്ചു അവിടെയാണ് കേരളത്തെ പറ്റിച്ചത്. സർ, 1987-ൽ അവർ എന്തുചെയ്തുവെന്നറിയാമോ? ഒരുകാര്യവും 1994-ൽ ചെയ്യാഞ്ഞിട്ട് അവർ എന്തുചെയ്തുവെന്ന് വച്ചാൽ ആ മൂന്ന് ടാക്സിനെ 1993-ൽ പെട്രോളിന്റെ വിലയോട് കൂട്ടുകയാണുണ്ടായത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : 1997-ൽ കൂട്ടിയത് ശ്രീ. ദേവഗൗഡയുടെ ഗവൺമെന്റാണ്. അല്ലാതെ കോൺഗ്രസ്സ് ഗവൺമെന്റല്ല. ദേവഗൗഡയുടെ നേതൃത്വത്തിലുള്ള കേന്ദ്രഗവൺമെന്റാണ് 97-ൽ പെട്രോളിന്റെ വിലകൂട്ടിയത്.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ശ്രീ. ദേവഗൗഡയല്ല, ശ്രീ. നരസിഹറാവുവിന്റെ ഗവൺമെന്റാണ് ആ വിലകൂട്ടാൻ തീരുമാനിച്ചത്. 1994-ൽ ശ്രീ. നരസിംഹറാവുവിന്റെ ഗവൺമെന്റാണ് അത് തീരുമാനിച്ചതെങ്കിലും വർദ്ധനവ് പിന്നീടാണ് വന്നത്. അത് ശ്രീ. ദേവഗൗഡയല്ല തീരുമാനിച്ചത്, മറിച്ച് ശ്രീ. നരസിംഹറാവുവിന്റെ ഗവൺമെന്റാണെന്ന് തെളിയിക്കണമെങ്കിൽ ഞാൻ ആ ഫയൽ മുഴുവൻ നാളെ മേശപ്പുറത്തുവയ്ക്കാം. എന്റെ പോയിന്റ് എന്താണെന്നറിയാമോ? ഇത് സ്റ്റേറ്റിന് കിട്ടേണ്ട ഒന്നാണ്. ഇത് ഓയിൽ കമ്പനി തരേണ്ടത് അവർ പെട്രോളിന്റെ വിലയോടുകൂടി കൂട്ടി. നമ്മൾ അപ്പോൾ പറഞ്ഞു, ഇത് നമ്മൾക്ക് നേരത്തെ കിട്ടിയിരുന്നതാണ്, അതുകൊണ്ട് ആ ടാക്സ് തരണമെന്ന്. പെട്രോളിന്റെ വിലയാണ് കൂട്ടിയത് അതുകൊണ്ട് തരാൻ പറ്റില്ലായെന്ന് അവർ പറഞ്ഞപ്പോൾ അതുസംബന്ധിച്ച് ഹൈക്കോടതിയിൽ ഞങ്ങൾ ഒരു കേസ്സ് കൊടുത്തു. എന്നിട്ട് ഒരുറുപ്പിക ജാസ്തിയാണ് ഞങ്ങൾക്ക് കിട്ടിയിരുന്നത്. ഞങ്ങൾക്ക് കിട്ടിയിരുന്ന സ്റ്റേറ്റ് സർച്ചാർജ്ജ് നഷ്ടപ്പെട്ടു. നിങ്ങളുടെ കാലത്ത് നിങ്ങൾക്ക് കിട്ടിക്കൊണ്ടിരുന്ന സർച്ചാർജ്ജ് ഞങ്ങൾക്ക് നഷ്ടപ്പെടുകയാണുണ്ടായത്. അത് അപ്രകാരം നഷ്ടപ്പെടുമെന്ന് 94-ൽ നോട്ടീസ് ഉണ്ടായി. നിങ്ങൾ അന്ന് യാതൊന്നും ചെയ്യാത്തതുകൊണ്ട് കേരളാ സ്റ്റേറ്റിന് നഷ്ടമാണ് ഉണ്ടായത്. എന്നിട്ടിപ്പോൾ അത് അവർ തരാൻ നിവൃത്തിയില്ലെന്ന് പറഞ്ഞപ്പോൾ അതിനെ സംബന്ധിച്ച് ഗവൺമെന്റിനുവേണ്ടി ഞങ്ങൾ ഹൈക്കോടതിയിൽ കേസ്സ് കൊടുത്തിട്ടുണ്ട്..... Government has filed a case in the High Court against the Oil Refinery.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : അല്ല, ഒന്നു ചോദിച്ചുകൊള്ളട്ടെ,

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഒന്നല്ല, എത്രവേണമെങ്കിലും ചോദിച്ചുകൊള്ളൂ.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഇവിടെ ബഹുമാനപ്പെട്ട കാർത്തികേയൻ പറഞ്ഞത് കേന്ദ്രഗവൺമെന്റ് ഡീസലിന് വിലകൂട്ടി. ഡീസലിന്റെ അധികവില എടുത്തുകളയണമെന്ന് ആ ഭാഗത്തും ഈ ഭാഗത്തും നിന്നുമെല്ലാം പറയുന്നു. എല്ലാവരും പറയുന്നു, പക്ഷേ അത് പറയുമ്പോൾ അതിന്റെ ടി.ഒ.ടി., അതിന്റെ പർച്ചേസ് ടാക്സ്, അതിന്റെ സർച്ചാർജ്, അതിന്റെ സെയിൽസ് ടാക്സ് ഉൾപ്പെടെയുള്ള ഐറ്റംസും സെയിൽസ് ടാക്സും നിങ്ങൾ അധികം കളക്റ്റ് ചെയ്യുന്നതാണ്. അത് നിങ്ങൾ കേന്ദ്രഗവൺമെന്റിനോട് പിൻവലിക്കാൻ ആവശ്യപ്പെട്ടാൽ കേന്ദ്രഗവൺമെന്റ് പിൻവലിച്ചാൽ നിങ്ങൾക്ക് ഇത് കിട്ടില്ലല്ലോ? ഈ അധികരിച്ച വിലയ്ക്കുള്ള സെയിൽസ് ടാക്സോ, ടി.ഒ.ടി.യോ നിങ്ങൾക്ക് കിട്ടില്ലല്ലോ? അതുകൊണ്ട് അത് ഞങ്ങൾ കളക്റ്റ് ചെയ്യില്ലായെന്ന് മുമ്പ് ഉമ്മൻചാണ്ടിയും 97-ൽ അങ്ങും പറഞ്ഞതുപോലെ പറയാൻ തയ്യാറുണ്ടോയെന്നാണ് ചോദിക്കുന്നത്. അതിനാണ് ഇവിടെ ഉത്തരം പറയേണ്ടത്.

1062/2010.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : അതിനുള്ള മറുപടി ഞാൻ പറഞ്ഞുതരാം. ഈ മൂന്നിനം ടാക്സും ഞങ്ങൾക്ക് കിട്ടുന്നില്ല. അത് പെട്രോളിന്റെ വിലയിൽ ഉള്ളതാണെന്നാണ് പറയുന്നത്. അതുകൊണ്ടാണ് അതിനെ സംബന്ധിച്ച് ഞങ്ങൾ കേസ്സ് കൊടുത്തിരിക്കുന്നത്..... We have filed a case. I am telling with all responsibility in the Assembly that we are not getting a single penny of TOT, Purchase Tax, or surcharge from the Oil Refinery. ഇത് ഞാനാണ് പറയുന്നത്. ആളുകളുടെ കൈയിൽനിന്ന് വാങ്ങുന്നുണ്ട്. ആളുകളുടെ കൈയിൽനിന്ന് വാങ്ങിയിട്ട് ഓയിൽ കമ്പനി അത് ഓഫീസിൽ അടയ്ക്കുകയാണ്, ഇവിടെ തരില്ല. പെട്രോളിന്റെ വിലയാണ്, കർണ്ണാടകത്തേക്കാളും തമിഴ്നാടിനേക്കാളും ആന്ധ്രാപ്രദേശിനേക്കാളും താഴെയാണ് കേരളത്തിലെ സെയിൽസ് ടാക്സ്. സെയിൽസ് ടാക്സ് റേറ്റ് കമ്മിയാണ്. ഞാൻ മന്ത്രിയായതിനുശേഷം കുറച്ചതാണ്. ഞാൻ മന്ത്രിയായപ്പോൾ കുറച്ചതാണ്.....(ബഹളം). സെയിൽസ് ടാക്സ് കേരളത്തിൽ കുറവാണെന്നാണ് ഞാൻ പറയുന്നത്....അത് ശരിയാണോ ശ്രീ ആര്യാടാ? ഞാനിവിടെ കാര്യം പറയുമ്പോൾ ദേഷ്യംവരുന്നത് ശരിയാണോ? ഞാൻ ചോദിക്കട്ടെ, എല്ലാ ഉത്തരവാദിത്വത്തോടുംകൂടി ഇത് പറയുന്നു, ഈ കമ്പോണ്ടന്റ്, പഴയ ഗവൺമെന്റിന് കിട്ടിയിരുന്നു. 94-ൽ നോട്ടീസ് കിട്ടുന്നതുവരെ കിട്ടിയിരുന്നു, അതിനുശേഷം 96 വരെയും. 97-ൽ ഇത് വർദ്ധിപ്പിച്ചപ്പോൾ പെട്രോളിന്റെ വിലയുടെ കൂടെ കൂട്ടി. അതുകൊണ്ട് അത് ഞങ്ങൾക്ക് ടാക്സായിട്ട് കിട്ടുന്നില്ല. എന്നാൽ അത് കിട്ടി, ഒരുറുപ്പിക നിങ്ങൾക്ക് കൂടുതൽ കിട്ടിയെന്ന് ശ്രീ. കാർത്തികേയൻ ഇവിടെ പറഞ്ഞത് ശരിയായില്ല. അതുകൊണ്ട് ദയവായി നിങ്ങൾ ഇക്കാര്യത്തിലുള്ള സത്യാവസ്ഥ മനസ്സിലാക്കണം എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.....(ബഹളം).....

മി. സ്പീക്കർ : അദ്ദേഹം പറയാനുള്ളത് പറഞ്ഞ് ഇത് ക്ലോസ് ചെയ്യട്ടെ, അത് തീർത്ത് കഴിഞ്ഞിട്ട് പിന്നീട് ചോദിക്കാം.....(ബഹളം)...

ശ്രീ. ടി. ശിവദാസമേനോൻ : അത് 94-ലെ അടിസ്ഥാനത്തിലാണ്. You could have done it in 1994. അതാണ് ആ നോട്ടീസ് കിട്ടിയപ്പോൾ മറ്റുള്ള സ്റ്റേറ്റുകളൊക്കെ ചെയ്തു, ഇവിടെ ചെയ്തില്ല, അത് തെറ്റ് പറ്റിയതാണ്..... (ബഹളം).... ഏതായാലും ശ്രീ. പത്മരാജൻ അതിനെ അനുകൂലിച്ചുവെന്ന് ഞാൻ പറയുന്നില്ല. ഈ കൊടുത്തതല്ല കിട്ടിയത്, ഞാൻ റഫറൻസ് നടത്തിയിട്ടാണ് ഇത് പറയുന്നത്. പെട്രോളിയം മിനിസ്ട്രിയിൽനിന്ന് റഫറൻസ് എടുത്തിട്ടാണ് പറയുന്നത്. ഏതായാലും ഇനിയുള്ളത് റവന്യൂ..... റവന്യൂ കൂടുതലാകാൻ കാരണം..... ഇവിടെ ബഹുമാനപ്പെട്ട കാർത്തികേയൻ പറഞ്ഞത് കണ്ണൂരിൽ ആരും പോയിട്ടില്ല, സിനിമാതാരങ്ങളുടെകൂടെ മാത്രമേ പോയിട്ടുള്ളൂ എന്നൊക്കെ. ഞാൻ തനിയേ തന്നെ അവിടെ പോയിട്ടുണ്ട്. അത് നിങ്ങളെ അറിയിച്ചിട്ടല്ല പോയത്, അവിടെയുള്ള എല്ലാ വീടുകളിലും പോയിട്ടുണ്ട്.

ശ്രീ. കെ.സി. ജോസഫ് : എവിടെയൊക്കെ പോയിട്ടുണ്ട്? അവിടെ ഒരിടത്തും പോയിട്ടില്ല, അവിടെ പോകാനേ അന്ന് അവിടെയൊക്കെ കർഫ്യൂ ആയിരുന്നു, എന്നിട്ട് പറയുകയാണ്, അവിടങ്ങളിലൊക്കെ പോയിരുന്നുവെന്ന്.

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ എല്ലാ വീടുകളിലും പോയിരുന്നു. ഞാൻ പോകാത്ത ഒരൊറ്റ അഫക്റ്റഡ് വീടും അവിടെയില്ല. ആ പ്രദേശത്ത് ഞാൻ തനിയേ പോയിട്ടുണ്ട്. ഒരു ഡാൻസുകാരനും കൂടെയില്ലാതെ തന്നെ ...(ബഹളം)....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ : തനിച്ചൊന്നുമല്ല പോയത്. കൂടെ സുരക്ഷയ്ക്ക് ഗൺമാൻമാരും പോലീസുമൊക്കെ ഉണ്ടായിരുന്നു.

ശ്രീ. ടി. ശിവദാസമേനോൻ : അത് ഞാനും മന്ത്രിതന്നെയാണ്. അതുകൊണ്ട് ഗൺമാൻമാർ എനിക്കുമുണ്ട്. ഞാൻ സംഭവത്തിനുശേഷമാണ് പോയത്.

ശ്രീ. കെ.സി. ജോസഫ് : എന്നാണ് പോയതെന്ന് പറയാമോ? അവിടെ ഒരിടത്തും പോയിട്ടില്ല എന്നതാണ് വസ്തുത.

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ പോയി, തലശ്ശേരിയിൽ പോയി. ആ ഏരിയായിൽ എല്ലാംപോയി. ഞാൻ അവിടെ മരണപ്പെട്ട രക്തസാക്ഷികളുടെയെല്ലാം വീടുകളിൽപോയിട്ടില്ല. പക്ഷേ നമ്മളുടെ രക്തസാക്ഷികളുടെ വീടുകളിൽ പോയി. സി.പി.എം.-ന്റെ രക്തസാക്ഷികളുടെ വീടുകളിൽ പോയി. അല്ലാതെ മറ്റു രക്തസാക്ഷികളുടെ വീടുകളിൽ പോകാൻ എനിക്ക് മനസ്സില്ല, ഇപ്പോൾ തൽക്കാലം അത്രയേ....(ബഹളം)..... അവിടെ പോയതിനെക്കുറിച്ച് ഞാൻ പോയിട്ടില്ലെന്നു പറഞ്ഞപ്പോൾ ഞാൻ അപ്രകാരം പറഞ്ഞുപോയി എന്നുമാത്രമേയുള്ളൂ.....(ബഹളം)....

ശ്രീ. ജി. കാർത്തികേയൻ : സർ, എന്തു വിവരക്കേടാണ് ഈ മന്ത്രി പറയുന്നത്? സ്പീക്കറും നിങ്ങളെല്ലാവരും ഇവിടെ ഇരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കണ്ണൂർ കളക്ടറേറ്റ് കോൺഫറൻസ്ഹാളിൽവച്ച് ചേർന്ന അനുരഞ്ജന സമ്മേളനത്തിൽ എല്ലാ പാർട്ടിനേതാക്കൻമാരുടെയും സാന്നിദ്ധ്യത്തിൽ പാനൂരുമായി ബന്ധപ്പെട്ട് ഏഴ് കുടുംബങ്ങളിൽ നടന്ന അറുംകൊലയിൽ പ്രതിഷേധിച്ച് അവരുടെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ടാണ് അവിടെ ആ സമാധാനയോഗം ആരംഭിച്ചത്. ആ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ഒരു മന്ത്രി പറയുന്നു-എനിക്ക് ഇഷ്ടമുള്ളവീട്ടിൽപോകും, മറ്റുള്ളസ്ഥലത്ത് ഞാൻ പോയില്ല എന്നുപറയുന്നത് അവിടെ എടുത്ത തീരുമാനത്തിന്റെ ട്രെൻഡിനും സ്പിരിറ്റിനും എതിരല്ലേ സർ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, അല്ല, ശ്രീ. കാർത്തികേയൻ, ഞാൻ അതേക്കുറിച്ച് പറയാം. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ആ സമാധാനയോഗത്തിന് മുമ്പാണ് ഞാൻ അവിടെ പോയത്.....(ബഹളം).. ഞാൻ ആധികാരികമായി പറയുന്നു, മുഖ്യമന്ത്രി കോൺഫറൻസ് വിളിക്കുന്നതിന് മുമ്പായിട്ടാണ് ഞാൻ പാനൂരിൽ പോയത്. മന്ത്രി എന്നുള്ള നിലയ്ക്ക് മാത്രമല്ല, ഞാൻ അവിടെ പോയത്. മുഖ്യമന്ത്രിയുടെ സംഭാഷണത്തിന് മുമ്പ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമെന്നുള്ള നിലയ്ക്കാണ് അവിടെ പോയത്. ...(ബഹളം)... അതെന്താ എനിക്ക് അവിടെ പോകാൻ പാടില്ലേ? ഞാൻ രാഷ്ട്രീയം വേണ്ടെന്ന് വയ്ക്കണോ? അവിടെ കണ്ണൂരിൽ നടന്ന സമാധാനറാലിയിൽ ഞാൻ പ്രസംഗിച്ചില്ലേ സുധാകരൻ? അല്ല, ബഹുമാനപ്പെട്ട സുധാകരൻ കേൾക്കാൻവേണ്ടി പറയുകയാണ്, കണ്ണൂരിലെ റാലിയിൽ ഞാൻ പ്രസംഗിച്ചു. രാവിലെ പത്തുമണിമുതൽ വൈകുന്നേരംവരെ എല്ലാ സ്ഥലത്തും പോയശേഷം വൈകുന്നേരം സംഘടിപ്പിച്ച റാലിയിൽ ഞാൻ പ്രസംഗിക്കുകയും ചെയ്തു.... (ബഹളം)... ഞാൻ മന്ത്രി അല്ലേ?

മി. സ്പീക്കർ : തർക്കിച്ചാൽ തീരുകയില്ല, അക്കാര്യം വിടുക.

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ അവിടെ പോയതാണ്. അവിടെ പോയ അനുഭവങ്ങൾ എണ്ണിയെണ്ണി ആ കണ്ണൂരിലെ റാലിയിൽ ഞാൻ പ്രസംഗിച്ചതാണ്. അല്ലാതെ അതൊന്നും ഇൻ-ക്യാമറ അല്ല.....(ബഹളം).....

മി. സ്പീക്കർ : അദ്ദേഹം പറഞ്ഞു പൂർത്തിയാക്കട്ടെ, അംഗങ്ങൾ നിശ്ശബ്ദരായിട്ട് ഇരിക്കണം.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ആ വിഷയം പോകട്ടെ, ഞാൻ അവിടെ പോയിട്ട് ഇവർ ഞാൻ അവിടെ പോയില്ല എന്നുപറഞ്ഞാൽ അത് ന്യായീകരിക്കാനാവില്ല. ഞാൻ രാവിലെ പത്തുമണിമുതൽ വൈകുന്നേരം മൂന്നുമണിവരെ അവിടെയെല്ലായിടത്തും പോയിരുന്നു. അഞ്ചു മണിക്ക് നടന്ന സമാധാന റാലിയിൽ പ്രസംഗിക്കുകയും ചെയ്തു. സർ, ഞാൻ സമയക്കുറവു കൊണ്ട് കൂടുതൽ ദീർഘിപ്പിക്കുന്നില്ല. നികുതിപിരിവിന്റെ കാര്യത്തെക്കുറിച്ച് പറയാം. *(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)*

സർ, നികുതിപിരിവിന്റെ കാര്യത്തിൽ ഞാൻ ഒറ്റ കാര്യമേ പറയുന്നുള്ളൂ. യു.ഡി.എഫിന്റെ അഞ്ചുവർഷക്കാലങ്ങളിൽ അവർ ആകെ പിരിച്ചത് 8114.82 കോടി രൂപ. എൽ.ഡി.എഫിന്റെ മൂന്നരവർഷക്കാലംകൊണ്ട് പിരിച്ചത് 11,312 കോടി രൂപയാണ്.

ശ്രീ. ജി. കാർത്തികേയൻ : ഇത് ഏത് കണക്കാണ്?

ശ്രീ. ടി. ശിവദാസമേനോൻ : സർക്കാർ കണക്കാണ്. ഓരോ കൊല്ലമായിട്ട് വായിക്കാം.

(Rs. in Crores)

1991-92	1122.10
1992-93	1305.00
1993-94	1533.24
1994-95	1964.93
1995-96	2258.96

അങ്ങനെ 8114.82 കോടി രൂപ.

1996-97	2772.28
1997-98	3054.08
1998-99	3366.61
1999-2000	2090.00

അങ്ങനെ 11,312 കോടി രൂപ. 8114-നെക്കാളും വലിയ സംഖ്യയാണ് 11,312. അഞ്ചുകൊല്ലംകൊണ്ട് നിങ്ങൾ പിരിച്ചതിനേക്കാൾ കൂടുതൽ ഞങ്ങൾ പിരിച്ചിട്ടുണ്ട്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ പരിഗണനയ്ക്കെടുക്കാമോയെന്ന പ്രശ്നം സംബന്ധിച്ച്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറയുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട കാർത്തികേയൻ ഡീസലിന് വില വർദ്ധിപ്പിച്ച വകയിൽ സംസ്ഥാനത്തിന് കൂടുതൽ പണം ലഭിച്ചുവെന്ന് പറഞ്ഞു. ഈ സഭയിൽ ഇതേ മന്ത്രി 22.12.99-ന് തന്ന മറുപടിയിൽ ചോദ്യം (എ)യ്ക്ക് 4 രൂപ 16 പൈസ കൂടിയെന്നും, ഇതുമൂലം

LIBRARY ARCHIVES Kerala Legislative Assembly

കേരള സർക്കാരിന് എത്ര അധികവരുമാനമുണ്ടായിയെന്ന ചോദ്യത്തിന് ലിറ്റ റിന് 77 പൈസയെന്നും ഇതുമൂലം ആകെ എത്ര വരുമാനമുണ്ടായിയെന്ന (ഡി) ചോദ്യത്തിന് 21 കോടി 42 ലക്ഷം രൂപയെന്നുമാണ് മറുപടി പറഞ്ഞിരി ക്കുന്നത്. ആർക്കാണ് വിവരക്കേട്? ഞങ്ങൾക്കാണോ? ഇത് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ തന്ന ഉത്തരമാണ്. ഈ സഭയിൽ റിട്ടണായി ഇങ്ങനെ വർദ്ധി ച്ചുവെന്നു പറഞ്ഞ് മറുപടി തരികയും അത് മന്ത്രി നിഷേധിക്കുകയും ചെയ്യു ന്നു. സഭയിൽ എഴുതിത്തന്നതിന് വിരുദ്ധമായി മറുപടി പറയുന്നത് ഓർഡറി ലാണോ?

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ പറ യുന്നതുകൂടെ കേൾക്കുക. എന്നിട്ട് ഓർഡറിലാണോയെന്ന് പറയുക.

ഇതിൽ വർദ്ധനവ് എങ്ങനെയാണ് വരുന്നതെന്ന് അറിയാമോ? പെട്രോ ളിന്റെ വില കൂടിയാൽ സെയിൽസ്ടാക്സ് കൂടുമല്ലോ? ആ സെയിൽസ്ടാ ക്സിലെ വർദ്ധനവാണ്. അല്ലാതെ സർചാർജും ടി.ഒ.ടി.യും പർച്ചേസ് ടാക്സും അല്ല. വില കൂടിയാൽ സെയിൽസ്ടാക്സ് വർദ്ധിക്കാതിരിക്കുമോ? ഏത് സാധനത്തിന്റെ വില കൂടിയാലും സെയിൽസ്ടാക്സ് വർദ്ധിക്കുക യില്ലേ?

മി. സ്പീക്കർ : 1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സംബന്ധിച്ച്. അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബ ന്ധിച്ച് അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച്. അനുകൂലി ക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമായിരിയ്ക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച്..അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖ ദാസ്) : സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ചർച്ചയില്ല. 1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ..പ്രതികൂലിക്കുന്നവർ..

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു. (സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. എൻ. ആർ. ബാലൻ
6. ശ്രീ. ടി.കെ. ബാലൻ
7. ശ്രീ. സി.പി. ബാലൻ വൈദ്യർ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
10. ശ്രീ. വി.കെ. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
12. ശ്രീ. എം. ദാസൻ
13. ശ്രീ. പി.സി. ജോർജ്
14. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
15. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
16. ശ്രീ. ടി.കെ. ഹംസ
17. ശ്രീ. കെ.ഇ. ഇസ്മയിൽ
18. ശ്രീ. സി.എൻ. ജയദേവൻ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. ജോസ് ബേബി
21. ശ്രീ. എ. കണാരൻ
22. ശ്രീ. എൻ. കണ്ണൻ
23. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
24. ശ്രീ. ഇ.കെ. നായനാർ
25. ശ്രീ. പി.കെ. കുമാരൻ
26. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
27. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
28. ശ്രീ. സി.എ. കുര്യൻ
29. ശ്രീമതി ആർ. ലതാദേവി
30. ശ്രീ. ലോനപ്പൻ നമ്പാടൻ
31. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ

LIBRARY ARCHIVES Kerala Legislative Assembly

32. ശ്രീ. മോൻസ് ജോസഫ്
33. ശ്രീ. പിരപ്പൻകോട് മുരളി
34. ശ്രീ. ടി. നാണു മാസ്റ്റർ
35. ശ്രീ. സി.കെ. നാണു
36. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
37. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
38. ശ്രീ. പി. നാരായണൻ
39. ഡോ. എ. നീലലോഹിതദാസൻ നാടാർ
40. ശ്രീ. ടി.കെ. നൗഷാദ്
41. ശ്രീ. കെ. പ്രകാശ് ബാബു
42. ശ്രീമതി എൻ.കെ. രാധ
43. ശ്രീ. കെ. രാധാകൃഷ്ണൻ
44. ശ്രീ. പി. രാഘവൻ
45. ശ്രീ. സി.കെ. രാജേന്ദ്രൻ
46. ശ്രീ. കെ.പി. രാജേന്ദ്രൻ
47. ശ്രീ. പി. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
50. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
51. ശ്രീ. ടി.കെ. രാമകൃഷ്ണൻ
52. ശ്രീ. എസ്. ശർമ്മ
53. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
54. ശ്രീ. സെബാസ്റ്റ്യൻ പോൾ
55. ശ്രീ. എ.സി. ഷൺമുഖദാസ്
56. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
57. ശ്രീ. ടി. ശിവദാസമേനോൻ
58. ശ്രീ. ജി. സുധാകരൻ
59. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
60. ശ്രീ. പി.എസ്. സുപാൽ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീമതി സുശീലാഗോപാലൻ
63. ശ്രീ. എം.എ. തോമസ്
64. ശ്രീ. എം.പി. വർഗ്ഗീസ്
65. ശ്രീ. വർഗ്ഗീസ് വൈദ്യർ
66. ശ്രീ. പി. വിശ്വൻ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ - 66

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. പി.കെ. അബ്ദുറബ്ബ്
3. ശ്രീ. സി.ടി. അഹമ്മദ് അലി
4. ശ്രീ. എ.കെ. ആന്റണി
5. ശ്രീ. ഇ.എം. അഗസ്തി
6. ശ്രീ. കെ. ബാബു
7. ശ്രീ. പി.കെ.കെ. ബാവ
8. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
9. ശ്രീ. പി.ജെ. ഫ്രാൻസീസ്
10. ശ്രീ. ടി.എം. ജേക്കബ്
11. ശ്രീ. ജോണി നെല്ലൂർ
12. ശ്രീ. കെ.സി. ജോസഫ്
13. ശ്രീ. പി.ജെ. ജോയി
14. ശ്രീ. ജി. കാർത്തികേയൻ
15. ശ്രീ. കെ.കെ.നായർ
16. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
17. ഡോ. എം.എ. കുട്ടപ്പൻ
18. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
19. ശ്രീ. കെ.എം. മാണി
20. ശ്രീ. കെ. മുഹമ്മദാലി
21. ശ്രീ. സി. മൊയീൻകുട്ടി
22. ശ്രീ. ആര്യാടൻ മുഹമ്മദ്
23. ശ്രീ. എം.കെ. മുനീർ
24. ശ്രീ. കെ. നാരായണക്കുറുപ്പ്
25. ശ്രീ. എഴുകോൺ നാരായണൻ
26. ശ്രീ. ഉമ്മൻചാണ്ടി
27. ശ്രീ. അടൂർ പ്രകാശ്
28. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
29. ശ്രീമതി രാധാ രാഘവൻ
30. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
31. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
32. ശ്രീ. പാലോട് രവി
33. ശ്രീ. തമ്പാനൂർ രവി

LIBRARY ARCHIVES Kerala Legislative Assembly

34. ശ്രീമതി റോസമ്മ ചാക്കോ
35. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
36. ശ്രീമതി ശോഭനാ ജോർജ്
37. ശ്രീ. കെ. സുധാകരൻ
38. ശ്രീ. പി.പി. തങ്കച്ചൻ
39. ശ്രീ. സി.എഫ്. തോമസ്
40. ശ്രീ. തോമസ് ചാഴികാടൻ
41. ശ്രീ. കെ.സി. വേണുഗോപാൽ
42. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ - 42

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 66

പ്രതികൂലിക്കുന്നവർ - 42

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

രണ്ടരമണി മുതലുള്ള അപരാഹ്ന സമ്മേളനം ആരംഭിക്കുന്നതേയുള്ളൂ.

ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം, ശ്രീ. ജി. സുധാകരൻ, അങ്ങേയ്ക്ക് ഉപക്ഷേപം അവതരിപ്പിക്കാം.

XII. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

പൊതുമേഖലാ ബാങ്കുകൾ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം

ശ്രീ. ജി. സുധാകരൻ : സർ, "രാജ്യത്തെ ദേശസാൽകൃത-പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം രാജ്യത്തിന്റെ സമ്പദ്ഘടനെയെയും വികസനത്തേയും പ്രതികൂലമായി ബാധിക്കുന്നതും ജനങ്ങൾക്ക് ഗുണകരമല്ലാത്തതുമാകയാൽ പ്രസ്തുത തീരുമാനത്തിൽനിന്നും കേന്ദ്രസർക്കാരിനെ പിൻതിരിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഈ സഭ ചർച്ചചെയ്യണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ഒരു മണിക്കൂർ ചർച്ച.

ശ്രീ. ജി. സുധാകരൻ : സർ, ഈ ഉപക്ഷേപം ഇന്നു ഇൻഡ്യയുടെ സമ്പദ്ഘടനയെയും രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരത്തെയും സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമായി വന്നിരിക്കുന്നതിനാൽ ഇതിനെപ്പറ്റി സഭയാകെയും, പ്രതിപക്ഷത്തുള്ളവർ പ്രത്യേകിച്ചും ചർച്ച ചെയ്ത് കേരളത്തിന്റെ വികാരം, ഈ നിയമസഭയുടെ വികാരം കേന്ദ്രഗവൺമെന്റിനെ ഒറ്റക്കെട്ടായി അറിയിച്ച് അത് തിരുത്തിക്കാനുള്ള നീക്കത്തിൽ നമ്മുടെ ശക്തമായ ഒരു നിലപാട് സ്വീകരിക്കണമെന്ന് ആദ്യമായി ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - III

Tenth Kerala Legislative Assembly

Bill No. 226

LIBRARY ARCHIVES Kerala Legislative Assembly

THE KERALA APPROPRIATION (No. 10) BILL, 1999

Tenth Kerala Legislative Assembly

Bill No. 226

[Translation in English of the Kerala Appropriation (No.10) Bill, 1999 Published under the authority of Governor]

THE KERALA APPROPRIATION (No. 10) BILL, 1999

A

BILL

to authorise payment and appropriation of certain further sums from and out of the Consolidated Fund of the State of Kerala for the services of the financial year 1999-2000.

Preamble - WHEREAS it is necessary to authorise payment and appropriation of certain further sums from and out of the Consolidated Fund of the State of Kerala for the services of the financial year 1999-2000;

BE it enacted in the Fiftieth Year of the Republic of India as follows :-

1. *Short title.*-- This Act may be called the Kerala Appropriation (No.10) Act, 1999.

2. *Issue of Rs. 47,75,70,000 from and out of the Consolidated Fund of the State of Kerala for the Financial year 1999-2000.*-- From and out of the Consolidated Fund of the State of Kerala there may be paid and applied sums not exceeding those specified in column (3) of the Schedule amounting in the aggregate to the sum of Rupees forty-seven crore seventy-five lakhs and seventy thousand towards defraying the several charges which will come in the course of payment during the Financial Year 1999-2000 in respect of the services and purposes specified in column (2) of the Schedule.

3. Appropriation.-- The sums authorised to be paid and applied from and out of the Consolidated Fund of the State of Kerala by this Act shall be appropriated for the services and purposes specified in the Schedule in relation to the financial year 1999-2000.

LIBRARY ARCHIVES Kerala Legislative Assembly

THE SCHEDULE

(See Sections 2 and 3)

(1)	(2)		(3)			
Sl. No	Demand No.	Services and Purposes		Sum not exceeding		
				Voted by the Legislative Assembly. Rs	Charged on the Consolidated fund Rs.	Total Rs.
1	II	Heads of States, Ministers and Headquarters Staff	Revenue	3,83,58,000	...	3,83,58,000
2	III	Administration of Justice	Revenue	1,51,76,000	*80,93,000*	2,32,69,000
3	VIII	Excise	Revenue	99,00,000	*2,03,000*	1,01,03,000
4	XI	District Administration and Miscellaneous	Revenue	10,00,01,000	*33,000*	10,00,34,000
5	XII	Police	Revenue	3,00,000		3,00,000
			Capital		*60,000*	60,000
6	XIV	Stationery and Printing and other Administrative Services	Revenue	62,44,000	.....	62,44,000
			Capital	60,00,000	.....	60,00,000
7	XV	Public Works	Capital	1,50,00,000	.....	1,50,00,000
8	XVI	Pension and Miscellaneous	Revenue	2,58,00,000	.....	2,58,00,000
9	XVII	Education, Sports, Art and Culture	Revenue	1,03,85,000	*13,18,000*	1,17,03,000

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)			(3)	
10	XVIII	Medical and Public Health	Revenue	1,000	.....	1,000
11	XX	Water Supply and Sanitation	Revenue	3,30,00,000	.....	3,30,00,000
12	XXIV	Labour and Labour Welfare	Revenue	1,98,47,000	.....	1,98,47,000
			Capital	22,11,000	.....	22,11,000
13	XXV	Social Welfare including Welfare of Scheduled Caste/Scheduled Tribes and Other Backward Classes	Revenue	15,73,000	.....	15,73,000
			Capital	1,000	.....	1,000
14	XXIX	Agriculture	Revenue	1,28,21,000	*13,000*	1,28,34,000
15	XXXI	Animal Husbandry	Revenue	5,00,000	.....	5,00,000
16	XXXIII	Fisheries	Revenue	1,000	.....	1,000
17	XXX VII	Industries	Revenue	1,85,91,000	*2,52,000*	1,88,43,000
			Capital	3,38,87,000	.....	3,38,87,000
18	XXXVIII	Irrigation	Revenue	1,000	.....	1,000
19	XLI	Transport	Capital	1,80,00,000	.....	1,80,00,000
20	XLV	Miscellaneous Loans and Advances	Capital	10,00,00,000	.....	10,00,00,000
		Total		46,75,98,000	*99,72,000*	47,75,70,000

1062/2010.

LIBRARY ARCHIVES Kerala Legislative Assembly

STATEMENT OF OBJECTS AND REASONS

The Bill is introduced in pursuance of article 204 (1) of the Constitution of India, read with Article 205 thereof, to authorise payment and appropriation of certain further sums from and out of the Consolidated Fund of the State of Kerala required to meet the supplementary expenditure charged on the Consolidated Fund of the State of Kerala and the grants made by the Legislative Assembly for the expenditure of the Government of Kerala for the Financial Year 1999-2000.

T. SIVADASA MENON

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ

ബിൽ നമ്പർ 226

1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ

ബിൽ നമ്പർ 209

1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ

1999-2000 സാമ്പത്തികവർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.- 1999-2000 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേര് .- ഈ ആക്ടിന് 1999-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ആക്ട് എന്ന് പേർ പറയാം.

2. 1999-2000 സാമ്പത്തിക വർഷത്തേയ്ക്ക് കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും 47,75,70,000 രൂപ നൽകൽ.- 1999-2000 സാമ്പത്തിക വർഷത്തിൽ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിലേയ്ക്കായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും മൊത്തം നാൽപ്പത്തിയേഴുകോടി എഴുപത്തിയഞ്ചുലക്ഷത്തി എഴുപതിനായിരം രൂപ വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.- ഈ ആക്ട് പ്രകാരം കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 1999-2000 സാമ്പത്തിക വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

(1)		(2)	(3)			
			കവിയാൻ പാടില്ലാത്ത തുകകൾ			
ക്രമ നമ്പർ	ധനാഭ്യർത്ഥന നമ്പർ	സർവ്വീസുകളും ആവശ്യങ്ങളും		നിയമസഭ വോട്ട് ചെയ്തത് (രൂപ)	സഞ്ചിത നിധിയിൽ ചാർജ്ജ് ചെയ്തത് (രൂപ)	ആകെ (രൂപ)
1	II	സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ	റവന്യൂ	3,83,58,000	...	3,83,58,000
2	III	നിതിന്യായ നിർവ്വഹണം	റവന്യൂ	1,51,76,000	*80,93,000*	2,32,69,000
3	VIII	എക്സൈസ്	റവന്യൂ	99,00,000	*2,03,000*	1,01,03,000
4	XI	ജില്ലാഭരണവും പലവകയും	റവന്യൂ	10,00,01,000	*33,000*	10,00,34,000
5	XII	പോലീസ്	റവന്യൂ	3,00,000		3,00,000
			മൂലധനം		*60,000*	60,000
6	XIV	സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും	റവന്യൂ	62,44,000	.....	62,44,000
			മൂലധനം	60,00,000	.....	60,00,000
7	XV	പൊതുമരാമത്ത്	മൂലധനം	1,50,00,000	.....	1,50,00,000
8	XVI	പെൻഷനും പലവകയും	റവന്യൂ	2,58,00,000	.....	2,58,00,000

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)		(3)		
9	XVII	വിദ്യാഭ്യാസം,കായിക വിനോദം, കല, സംസ്കാരം	റവന്യൂ	1,03,85,000	13,18,000	1,17,03,000
10	XVIII	വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും	റവന്യൂ	1,000	.....	1,000
11	XX	ശുദ്ധജല വിതരണവും ശുചീകരണവും	റവന്യൂ	3,30,00,000	.....	3,30,00,000
12	XXIV	തൊഴിലും തൊഴിലാളി ക്ഷേമവും	റവന്യൂ	1,98,47,000	.....	1,98,47,000
			മൂലധനം	22,11,000	.....	22,11,000
13	XXV	പട്ടിക ജാതി/പട്ടിക വർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം	റവന്യൂ	15,73,000	.....	15,73,000
			മൂലധനം	1,000	.....	1,000
14	XXIX	കൃഷി	റവന്യൂ	1,28,21,000	*13,000*	1,28,34,000
15	XXXI	മൃഗസംരക്ഷണം	റവന്യൂ	5,00,000	.....	5,00,000
16	XXXIII	മത്സ്യബന്ധനം	റവന്യൂ	1,000	.....	1,000
17	XXXVII	വ്യവസായങ്ങൾ	റവന്യൂ	1,85,91,000	*2,52,000*	1,88,43,000

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)		(3)		
			മൂലധനം	3,38,87,000	.....	3,38,87,000
18	XXXVIII	ജലസേചനം	റവന്യൂ	1,000	.....	1,000
19	XLI	ഗതാഗതം	മൂലധനം	1,80,00,000	.....	1,80,00,000
20	XLV	പലവക വായ്പകളും മുൻകൂറുകളും	മൂലധനം	10,00,00,000	.....	10,00,00,000
		ആകെ		46,75,98,000	*99,72,000*	47,75,70,000

ഉദ്ദേശകാരണങ്ങളുടെ വിവരണം

1999-2000 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ്ജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകൾ കേരള സർക്കാരിന്റെ ചെലവിനുവേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനു വേണ്ടി ഇന്ത്യൻ ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടിവായിച്ച പ്രകാരമുള്ള 204-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച് ഈ ബില്ല് അവതരിപ്പിക്കുന്നു.

ടി. ശിവദാസമേനോൻ

LIBRARY ARCHIVES Kerala Legislative Assembly